# പ്ലാച്ചിമടയിലെ ഖരമാലിന്യ പ്രശ്നം - ഒരു അവലോകനം

പ്ലാച്ചിമട ഖരമാലിന്യ പ്രശ്ന പഠനസംഘം

**നൈതികമായി വീക്ഷിച്ചാൽ ഒരു കോർപ്പറേറ്റ് കമ്പനിയുടെ അത്യാർത്തിമൂലം ഫാക്ടറിയുടെ പരിസരത്തുള്ളവർ യാതനകളനുഭവിക്കേണ്ടി വരുന്നു എന്നതാണ് പ്ലാച്ചിമട പ്രശ്നം. സാമൂഹികജീവിതത്തിലെ ശക്തിബന്ധങ്ങളുടെ അടിസ്ഥാനത്തിൽ നോക്കിയാൽ ജീവനോപാധികളുടെയും മനുഷ്യാന്തസ്സിന്റെയും മേലുള്ള കോർപ്പറേറ്റ് ബലാൽക്കാരമാണ് പ്ലാച്ചിമട പ്രശ്നം. കോർപ്പറേറ്റ് ബലാൽക്കാരങ്ങളും അതിനെതിരായ പ്രതിരോധങ്ങളും ലോകത്ത് ഇന്ന് നിത്യസംഭവങ്ങൾ തന്നെയാണ്. പ്ലാച്ചിമടയിലും കുറച്ചാളുകൾ എന്തുകൊണ്ടോ കോർപ്പറേറ്റ് അതിക്രമത്തെ പ്രതിരോധിക്കാൻ ഒരുങ്ങി. കേരളത്തിലെ ഏറ്റവും ദരിദ്രപ്രദേശങ്ങളിലൊന്നായ പ്ലാച്ചിമടയിൽ കുറച്ചാളുകൾ ലോകത്തെ പ്രബല കോർപ്പറേറ്റ് ശക്തിയായ കോക്കകോളയ്ക്ക് എതിരെ പ്രതിരോധസമരം ആരംഭിച്ച് ഒരു വർഷം കഴിഞ്ഞപ്പോൾ ആഗോള പ്രശസ്ത സ്ഥാപനമായ ബി.ബി.സി. റേഡിയോവിൽ പ്ലാച്ചിമടയിലെ കോക്കകോള കമ്പനിയുടെ ഖരമാലിന്യത്തിൽ വിഷവസ്തുക്കളുണ്ടെന്ന വാർത്ത പ്രക്ഷേപണം ചെയ്യപ്പെട്ടു. കോക്കകോള കമ്പനിക്ക് അന്തർദേശീയമായി ഇത് വലിയ പ്രഹരമായിരുന്നുവെന്നത് ശരിതന്നെ. എന്നാൽ കേരളത്തിലൊരിടത്തെ വലിയൊരു പൊതുജനാരോഗ്യ പ്രശ്നസാദ്ധ്യതയും ഇത് വെളിപ്പെടുത്തി. ഗുരുതരമായ ഒരു പൊതുജനാരോഗ്യ പ്രശ്നത്തെ അത് സംബന്ധിച്ച പൊതുസ്ഥാപനങ്ങൾ കൈകാര്യം ചെയ്തത് എപ്രകാരമായിരുന്നു എന്നതാണ് ഈ അവലോകന കുറിപ്പിന്റെ വിഷയം.**



**പ്ലാച്ചിമടയിലെ കോക്കകോള കമ്പനി വളമെന്ന പേരിൽ വിലയ്ക്കുനല്കിയ മാരകമായ വിഷമാലിന്യം. ഇത് പ്ലാച്ചിമടയിൽ മാത്രമല്ല, ചിറ്റൂരെ പുഴതീരത്തും തമിഴ്നാട്ടിലും കർഷകർക്ക് വിതരണം ചെയ്തിരുന്നു.**

**പ്ലാച്ചിമടയിലെ** ഖരമാലിന്യപ്രശ്നം കൈകാര്യം ചെയ്ത വിദഗ്ദ്ധ സ്ഥാപനങ്ങളുടെ നടപടികളിൽ അപര്യാപ്തതകളുണ്ടോയെന്ന് കണ്ടെത്തുകയും അപര്യാപ്തതകളുണ്ടെങ്കിൽ അവ പരിഹരിക്കുന്നതിന് പ്രശ്നബാധിതരായ ജനങ്ങൾക്കും പ്രശ്ന പരിഹാരത്തിന് അവരെ സഹായിക്കുന്ന സാമൂഹിക പ്രവർത്തകർക്കും ഇടപെടാനുള്ള സാദ്ധ്യതകൾ എന്തൊക്കെയെന്ന് ആരായുകയും ആണ് ഈ അവലോകനത്തിന്റെ ഉദ്ദേശ്യം.

## പ്ലാച്ചിമടയിലെ ഖരമാലിന്യ പ്രശ്നം : ഒരു വിവരണം

നിലവിലുള്ള ഭരണസംവിധാനങ്ങളിൽ പ്ലാച്ചിമടയിലെ ഖരമാലിന്യ പ്രശ്നം കൈകാര്യം ചെയ്യാൻ ചുമതലയുള്ള സ്ഥാപനങ്ങളിൽ പ്രധാനമായവ കേന്ദ്ര-കേരള മലിനീകരണ നിയന്ത്രണ ബോർഡുകളാണ്. അതുകൊണ്ട് പ്ലാച്ചിമടയിലെ ഖരമാലിന്യത്തെക്കുറിച്ച് ഈ സ്ഥാപനങ്ങളുടെ നടപടിക്രമങ്ങളെ സംബന്ധിച്ച രേഖകളും പഠനറിപ്പോർട്ടുകളും ബന്ധപ്പെട്ടവരുമായി നേരിട്ട് സംസാരിച്ച് ലഭിച്ച വിവരങ്ങളുമാണ് ഈ അവലോകനത്തിന്റെ വിവര സാമഗ്രികൾ. പക്ഷെ പ്ലാച്ചിമട കോക്കകോളക്കമ്പനിയിലെ വിഷമാലിന്യ പ്രശ്നം ഉയർന്നുവന്ന ഘട്ടത്തിൽ 2003 ആഗസ്റ്റിൽ മൃദുപാനീയങ്ങളിലെ കീടനാശിനി സാന്നിദ്ധ്യവുമായി ബന്ധപ്പെട്ട് രൂപീകരിക്കപ്പെട്ട ജോയിന്റ് പാർലിമെന്റ് കമ്മിറ്റി (ജെ.പി.സി.) ഈ പ്രശ്നം പരിഗണിക്കുകയും ചില നടപടികൾ നിർദ്ദേശിക്കുകയും ഉണ്ടായി. അതുകൊണ്ട് പ്രസ്തുത ജെ.പി.സി.യുടെ നടപടികളും ഈ അവലോകനത്തിൽ ഉൾപ്പെടുന്നു.

ഔദ്യോഗിക രേഖകൾ പ്രകാരം പ്ലാച്ചിമടയിലെ കോക്ക



**കിണർ വെള്ളത്തിന്റെ രണ്ട് സാമ്പിളുകളിൽ വിജയനഗർ പഞ്ചായത്തുകിണറിൽ നിന്നുള്ളതിൽ ലെഡിന്റെ അംശം അനുവദനീയമായ പരിധിയിലും കൂടുതലാണെന്ന് കണ്ടെത്തി. പരിശോധന ഫലങ്ങളെ വിശകലനം ചെയ്തുകൊണ്ട് എക്സിറ്റർ യൂണിവേഴ്സിറ്റിയിലെ ഡേവിഡ് സാന്റിയോ പറഞ്ഞത് കമ്പനിയുടെ ഖരമാലിന്യത്തിലെ കാഡ്മിയം, ലെഡ് എന്നീ വിഷപദാർത്ഥങ്ങളുടെ ഉയർന്ന അളവ് ഉൽകണ്ഠയുണ്ടാക്കേണ്ട സ്ഥിതിയാണ് എന്നാണ്. ലെഡ് നാഡിവ്യൂഹത്തെ ബാധിക്കുന്ന വിഷപദാർത്ഥമാണ്. കാഡ്മിയം പ്രധാനമായും കിഡ്നിയെയും കരളിനെയും ബാധിക്കുന്നതും, മനുഷ്യരിൽ കാൻസർ ജനിപ്പിക്കുകയും ചെയ്യുന്ന വിഷപദാർത്ഥമാണ്.**

കോള കമ്പനി പ്രവർത്തനമാരംഭിച്ചത് 2000 മാർച്ചിലാണ്. ഇതിന് 4-5 മാസം മുൻപ് തന്നെ കമ്പനി പ്രവർത്തിച്ചു തുടങ്ങിയിരുന്നു എന്ന് ചില പരിസരവാസികൾക്ക് അഭിപ്രായമുണ്ട്. കമ്പനി മൂലം തങ്ങളുടെ കിണറുകളിലെ ജലം മലിനീകരണപ്പെട്ടുവെന്നും കമ്പനിയുടെ അമിത ജലോപയോഗം മൂലം പരിസരത്തെ ജലനിരപ്പ് താണുകൊണ്ടിരിക്കുന്നുവെന്നും മറ്റും ആരോപിച്ച് പ്ലാച്ചിമട സമരം ആരംഭിച്ചത് 2002 ഏപ്രിൽ 22 നായിരുന്നു. 2003 ജൂലൈ 25 നായിരുന്നു പ്ലാച്ചിമട സമരത്തിന് ശക്തി പകരുകയും കോക്കകോള കമ്പനിക്കെതിരെ ലോകവ്യാപകമായ പ്രചരണത്തിനിടയാവുകയും ചെയ്ത കോക്കകോള കമ്പനിയിലെ ഖരമാലിന്യ പ്രശ്നം ബി.ബി.സി. റേഡിയോ - 4 'ഫെയ്സ് ദി ഫാക്ട്സ്' പരിപാടിയിൽ പ്രക്ഷേപണം ചെയ്തത്.

റേഡിയോ പ്രക്ഷേപണത്തിന് മുൻപ് പൗരാവകാശ പ്രവർത്തകനായ സി.ആർ. ബിജോയിയുടെ സഹായത്തോടെ ബി.ബി.സി. സംഘം പ്ലാച്ചിമട സന്ദർശിക്കുകയും സമരപ്രവർത്തകരുമായി സംസാരിച്ച് വിവരങ്ങൾ ശേഖരിക്കുകയുമുണ്ടായി. കമ്പനിയിൽനിന്ന് പരിസരത്തെ കൃഷിക്കാർക്ക് വളമായി നൽകിയിരുന്ന ഖരമാലിന്യത്തിന്റെ മൂന്ന് സാമ്പിളുകളും വിജയനഗർ കോളനിയിലെ പഞ്ചായത്ത് കിണറിലെയും കമ്പനിയിൽനിന്നുള്ള മാലിന്യം വളമായി ഉപയോഗിച്ച ഒരു കർഷകന്റെ പുരയിടത്തിലെ കിണറിലേയും വെള്ളത്തിന്റെ രണ്ട് സാമ്പിളുകളും ബി.ബി.സി. സംഘം പ്ലാച്ചിമടയിൽനിന്ന് ശേഖരിച്ച് കൊണ്ടുപോയിരുന്നു. ഇവ ബ്രിട്ടനിലെ എക്സിറ്റർ യൂണിവേഴ്സിറ്റിയുടെ ലാബിൽ പരിശോധിപ്പിക്കുകയുണ്ടായി.

രാസപരിശോധന നടത്തിയ ഖരമാലിന്യത്തിലെ രണ്ട് സാമ്പിളുകളിൽ ഒന്നിൽ കാഡ്മിയം, ലെഡ് എന്നീ വിഷപദാർത്ഥങ്ങൾ അനുവദനീയപരിധിയിലും കൂടുതലായിരുന്നു. കിണർ വെള്ളത്തിന്റെ രണ്ട് സാമ്പിളുകളിൽ വിജയനഗർ പഞ്ചായത്തുകിണറിൽ നിന്നുള്ളതിൽ ലെഡിന്റെ അംശം അനുവദനീയമായ പരിധിയിലും കൂടുതലാണെന്ന് കണ്ടെത്തി. പരിശോധനഫലങ്ങളെ വിശകലനം ചെയ്തുകൊണ്ട് എക്സിറ്റർ യൂണിവേഴ്സിറ്റിയിലെ ഡേവിഡ് സാന്റിയോ പറഞ്ഞത് കമ്പനിയുടെ ഖരമാലിന്യത്തിലെ കാഡ്മിയം, ലെഡ് എന്നീ വിഷപദാർത്ഥങ്ങളുടെ ഉയർന്ന അളവ് ഉത്കണ്ഠയുണ്ടാക്കേണ്ട സ്ഥിതിയാണ് എന്നാണ്. ലെഡ് നാഡിവ്യൂഹത്തെ ബാധിക്കുന്ന വിഷപദാർത്ഥമാണ്. കാഡ്മിയം പ്രധാനമായും കിഡ്നിയെയും കരളിനെയും ബാധിക്കുന്നതും, മനുഷ്യരിൽ കാൻസർ ജനിപ്പിക്കുകയും ചെയ്യുന്ന വിഷപദാർത്ഥമാണ്. കൃഷി സ്ഥലത്ത് ഇത്തരം ഖരമാലിന്യം തുടർച്ചയായി നിക്ഷേപിക്കുന്നതിലൂടെ മണ്ണിലൂടെയും, വെള്ളത്തിലൂടെയും, വായുവിലൂടെയും വിഷപദാർത്ഥങ്ങൾ വ്യാപിച്ച് പരിസരത്തെ കിണറുകളും, ഭൂജലവും വിഷമയമായിട്ടുണ്ടാകാമെന്ന് കരുതാവുന്നതാണെന്നും അദ്ദേഹം പറഞ്ഞു.

ബി.ബി.സി. റേഡിയോ-4 അവതാരകൻ ജോൺ വെയ്റ്റ് പ്ലാച്ചിമട റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടി സ്ഥലം സന്ദർശിച്ച സമയത്ത് കമ്പനിയിൽനിന്ന് ഒരു ട്രെയിലർ നിറയെ ഖരമാലിന്യം പുറത്തേക്ക് കൊണ്ടുവരുന്നത് കണ്ട് പിൻതുടർന്നു പോയപ്പോൾ ഈ മാലിന്യം ഒരു നദി തടത്തിൽ (ചിറ്റൂർ പുഴ) കൊണ്ടുപോയിടുന്നത് കണ്ടുവെന്നും പ്രക്ഷേപണത്തിൽ വെളിപ്പെടുത്തി. 'റേഡിയോ-4' പ്രക്ഷേപണത്തിൽ കമ്പനിയുടെ ഇന്ത്യൻ മേധാവി സുനിൽ ഗുപ്തയുമായുള്ള അഭിമുഖ സംഭാഷണവും ഉൾപ്പെട്ടിരുന്നു. കമ്പനിമൂലമുള്ള പരിസരമലിനീകരണത്തെക്കുറിച്ചുള്ള ചോദ്യങ്ങൾക്ക് സുനിൽ ഗുപ്ത മറുപടി പറഞ്ഞത് ഗവൺമെന്റ് റിപ്പോർട്ടുകൾ എല്ലാം കാണിക്കുന്നത് കമ്പനിമൂലം പരിസരമലിനീകരണ പ്രശ്നമുണ്ടായിട്ടില്ല എന്നാണ്.

'ബി.ബി.സി. റേഡിയോ-4' പ്രക്ഷേപണത്തെ തുടർന്ന് പ്ലാച്ചിമട കോക്കകോള കമ്പനിയുടെ ഖരമാലിന്യപ്രശ്നം കേരളത്തിലെ പത്രവാർത്തകളിൽ പ്രാധാന്യത്തോടെ വിവരിക്കപ്പെട്ടു. ഇതേ തുടർന്ന് കേരള മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ നിർദ്ദേശിച്ചതനുസരിച്ച് ബോർഡിന്റെ പാലക്കാട് ഓഫീസിൽനിന്നുള്ള ഉദ്യോഗസ്ഥർ കമ്പനിയിൽ നിന്ന് ഖരമാലിന്യം ശേഖരിച്ച് രാസപരിശോധന നടത്തി. ഇതിനുശേഷം ബോർഡ് ചെയർമാൻ നടത്തിയ പത്രസമ്മേളനത്തിൽ വിതരണം ചെയ്ത പത്രക്കുറിപ്പിൽ പരിശോധനാഫലങ്ങൾ താഴെ പറയുംപ്രകാരം കൊടുത്തിരിക്കുന്നു.

| ഘന ലോഹങ്ങൾ | ഖരമാലിന്യം മി.ഗ്രാം./കി.ഗ്രാം | | പാഴ്ജലം മി.ഗ്രാം./കി.ഗ്രാം | |
|---|---|---|---|---|
| | അളവ് | അനുവദനീയ പരിധി | അളവ് | അനുവദനീയ പരിധി |
| കാഡ്മിയം | 201.8 | 50 | BDL | 2 |
| ലെഡ് | 319.0 | 500 | 0.1 | 0.1 |

*കേരള മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ പോൾ തച്ചിലിന്റെ 2003 ആഗസ്റ്റിലെ പത്രപ്രസ്താവനയിൽ നിന്ന്*

പ്ലാച്ചിമട കോക്കകോള കമ്പനിയിലെ ഖരമാലിന്യത്തിൽ കാഡ്മിയം അനുവദനീയമായ പരിധിയിലധികമാണെന്നും

അത് അപകടകരമായ മാലിന്യമായി കൈകാര്യം ചെയ്യേണ്ട വിഭാഗത്തിൽ പെടുന്നതാണെന്നും കമ്പനിക്ക് അതനുസരിച്ചുള്ള നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ടെന്നും കേരള മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ പത്രസമ്മേളനത്തിൽ പറഞ്ഞു. പ്രശ്നത്തെക്കുറിച്ച് വിശദമായ ഒരു അന്വേഷണം നടത്തുവാൻ ആരോഗ്യവകുപ്പ് മന്ത്രി ബോർഡ് മെമ്പർ സെക്രട്ടറിക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ടെന്നും ചെയർമാന്റെ പത്രക്കുറിപ്പിൽ പറയുന്നു. ഇതേ തുടർന്ന് മെമ്പർ സെക്രട്ടറി കെ.വി. ഇന്ദുലാലിന്റെ നേതൃത്വത്തിൽ 2003 ആഗസ്റ്റിൽ കമ്പനിയുടെ ഖരമാലിന്യത്തെക്കുറിച്ച് വിശദമായ പഠനം നടത്തുകയും 29-9-03 ന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു.

ഇതിനിടയിൽ ബോർഡിന്റെ പാലക്കാട് ഓഫീസിൽ നിന്നുള്ള പരിശോധനയുടെ അടിസ്ഥാനത്തിൽ 7-8-03 ന് പ്ലാച്ചിമട കോക്കകോള കമ്പനിയിലെ ഖരമാലിന്യങ്ങളിൽ കാഡ്മിയം 201.8 മി.ഗ്രാം/കി.ഗ്രാം. അളവിൽ കണ്ടെത്തിയിട്ടുണ്ടെന്നും അതുകൊണ്ട് കമ്പനിയിലെ ഖരമാലിന്യം അപകടകരമായ മാലിന്യ നിയമത്തിന്റെ പരിധിയിൽ പെടുന്നുവെന്നും അതുകൊണ്ട് നിയമപ്രകാരമുള്ള മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾ പാലിക്കണമെന്നും അറിയിച്ചുകൊണ്ട് മെമ്പർ സെക്രട്ടറി കമ്പനിക്ക് കത്തയയ്ക്കുകയുണ്ടായി.

29-9-03 നാണല്ലോ മെമ്പർ സെക്രട്ടറിയുടെ നേതൃത്വത്തിൽ വിശദ പഠനത്തിന്റെ റിപ്പോർട്ട് കേരള ഗവൺമെന്റിൽ സമർപ്പിച്ചത്. അതോടൊപ്പം മെമ്പർ സെക്രട്ടറി പുറത്തിറക്കിയ പത്രക്കുറിപ്പിൽ കമ്പനിയുടെ ഖരമാലിന്യത്തിൽ കാഡ്മിയം തുടങ്ങിയ ഘനലോഹങ്ങളുടെ അളവ് അപകടകരമായ മാലിന്യമായി നിർവചിക്കാവുന്ന പരിധിയിലും താഴെയാണെന്ന് വെളിപ്പെടുത്തി. എങ്കിലും കമ്പനിയിലെ ഖരമാലിന്യം കാർഷികാവശ്യങ്ങൾക്ക് മണ്ണിൽ നിക്ഷേപിക്കാവുന്നതല്ലെന്നും പറയുന്നു. കമ്പനിക്ക് ചുറ്റുമുള്ള കിണറുകളിലോ ഖരമാലിന്യം നിക്ഷേപിച്ച കൃഷിയിടങ്ങളിലെ കിണറുകളിലോ കാഡ്മിയം തുടങ്ങിയ ഘനലോഹങ്ങൾ മൂലമുള്ള മലിനീകരണം ഉള്ളതായി പരിശോധനാഫലങ്ങൾ കാണിക്കുന്നില്ലെന്നും 29-9-03 ലെ പത്രക്കുറിപ്പിൽ മെമ്പർ സെക്രട്ടറി വ്യക്തമാക്കുകയുണ്ടായി.

2003 ആഗസ്റ്റ് 7 ന് കമ്പനിയുടെ ഖരമാലിന്യത്തിൽ വിഷപദാർത്ഥങ്ങൾ കണ്ടെത്തിയിട്ടുണ്ടെന്ന് നോട്ടീസ് നൽകുകയും 2003 സെപ്തംബർ 29 ന് ഖലമാലിന്യത്തിലെ വിഷപദാർത്ഥങ്ങളുടെ അളവ് അനുവദനീയമായ പരിധിയിലാണെന്ന് പത്രപ്രസ്താവനയിറക്കുകയും ചെയ്തത് കേരളമലിനീകരണ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറി തന്നെയാണ്. ബോർഡിന്റെ പാലക്കാട് ഓഫീസിൽ നിന്നുള്ള പരിശോധനയിൽ അപര്യാപ്തതകളുണ്ടെന്നതുകൊണ്ട് പ്ലാച്ചിമട കോക്കകോള കമ്പനിയിലെ ഖരമാലിന്യത്തിൽ ഘനലോഹ സാന്നിദ്ധ്യത്തിന്റെ ഉറവിടം കണ്ടെത്തണമെന്നതടക്കം ഏഴ് ഉദ്ദേശ്യങ്ങൾ പ്രഖ്യാപിച്ചാണ് മെമ്പർ സെക്രട്ടറി നേരിട്ട് വിശദമായ പഠനം നടത്തിയത്. ഈ പശ്ചാത്തലത്തിൽ മെമ്പർ സെക്രട്ടറിയുടെ നേതൃത്വത്തിൽ നടന്ന പ്ലാച്ചിമട കോക്കകോള കമ്പനിയിലെ വിശദമായ ഘനലോഹമലിനീകരണ പഠനം സൂക്ഷ്മ പരിശോധന നടത്തേണ്ടതാവശ്യമാണ്. അതുകൊണ്ട് "പാലക്കാട് മെസ്സേഴ്സ് ഹിന്ദുസ്ഥാൻ കോക്കകോള ബീവറേജസ് പ്രൈവറ്റ് ലിമിറ്റഡ് ഫാക്ടറിയിൽ നിന്നുള്ള ഖരമാലിന്യത്തിലെ ഘനലോഹ സാന്നിദ്ധ്യം: ഒരു പഠനറിപ്പോർട്ട് സെപ്തംബർ 2003" എന്ന് നാമകരണം ചെയ്തിട്ടുള്ള റിപ്പോർട്ടിൽ (സെപ്തംബർ 2003 പഠനം) പ്രസ്താവിക്കുന്ന പഠനോദ്ദേശ്യങ്ങളും പഠനരീതിയും പഠനഫലങ്ങളും താഴെ കൊടുക്കുകയാണ്.

**ഇതിനിടയിൽ ബോർഡിന്റെ പാലക്കാട് ഓഫീസിൽ നിന്നുള്ള പരിശോധനയുടെ അടിസ്ഥാനത്തിൽ 7-8-03 ന് പ്ലാച്ചിമട കോക്കകോള കമ്പനിയിലെ ഖരമാലിന്യങ്ങളിൽ കാഡ്മിയം 201.8 മി.ഗ്രാം/കി.ഗ്രാം. അളവിൽ കണ്ടെത്തിയിട്ടുണ്ടെന്നും അതുകൊണ്ട് കമ്പനിയിലെ ഖരമാലിന്യം അപകടകരമായ മാലിന്യ നിയമത്തിന്റെ പരിധിയിൽ പെടുന്നുവെന്നും അതുകൊണ്ട് നിയമപ്രകാരമുള്ള മാലിന്യനിർമാർജന സംവിധാനങ്ങൾ പാലിക്കണമെന്നും അറിയിച്ചുകൊണ്ട് മെമ്പർ സെക്രട്ടറി കമ്പനിക്ക് കത്തയയ്ക്കുകയുണ്ടായി**

പ്ലാച്ചിമടയിലെ കോക്കകോള കമ്പനിയിലെ വിഷമാലിന്യ പ്രശ്നത്തെക്കുറിച്ച് മെമ്പർ സെക്രട്ടറിയുടെ സെപ്തംബർ 2003 വിശദപഠനത്തിന്റെ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്ന 7 പഠനോദ്ദേശ്യങ്ങൾ ഇവയാണ് :

**1. ഉല്പാദന സമയത്തെ ഘനലോഹസാന്നിദ്ധ്യം കണ്ടെത്തുന്നതിന് ഫാക്ടറിയുടെ നിർവ്വഹണപ്രക്രിയ പഠിക്കുക. 2. ഉത്പാദനത്തിലെ മുഖ്യ അസംസ്കൃത വസ്തുവായ വെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുക. 3. മാലിന്യ സംസ്കരണ പ്രക്രിയയും ഖരവസ്തുക്കളുടെ നിർമ്മാർജ്ജന രീതികളും പഠിക്കുക. 4. ഖരമാലിന്യം വളമായി നിക്ഷേപിച്ച സമീപ പ്രദേശങ്ങളിലെ മണ്ണ് പരിശോധിക്കുക. 5. കമ്പനിയിൽ ഉണ്ടാക്കപ്പെടുന്ന മാലിന്യത്തിൽ ബി.ബി.സി. റിപ്പോർട്ട് ചെയ്തപ്രകാരം ലെഡ്, കാഡ്മിയം, ക്രോമിയം, ഇരുമ്പ് തുടങ്ങിയ ഘനലോഹങ്ങൾ ഉയർന്ന അളവിൽ ഉണ്ടോയെന്ന് പഠിക്കുക. 6. കമ്പനിയിലെ ഖരമാലിന്യം അപകടകരമായ സ്വഭാവമുള്ളതാണോയെന്ന് പഠിക്കുകയും ഇവ പരിസ്ഥിതിക്ക് ആഘാതമുണ്ടാക്കാതെ എങ്ങനെ നിർമ്മാർജ്ജനം ചെയ്യണമെന്ന് കണ്ടെത്തുകയും ചെയ്യുക. 7. കമ്പനിയോട് ചേർന്നുകിടക്കുന്ന കിണറുകളിലെ വെള്ളം കുടിക്കാൻ പറ്റാതാക്കുംവിധം ഘനലോഹങ്ങൾ കലർന്നിട്ടുണ്ടോയെന്ന് പഠിക്കുകയും ഉണ്ടെങ്കിൽ പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുകയും ചെയ്യുക.**

സെപ്തംബർ 2003 വിശദപഠനത്തിന്റെ പഠനരീതി സംഗ്രഹിച്ചു പറഞ്ഞാൽ ഇപ്രകാരമാണ്: കമ്പനിയും പരിസരവും മെമ്പർ സെക്രട്ടറിയും സംഘാംഗങ്ങളും നേരിട്ട് പരിശോധിക്കുകയും ഖരമാലിന്യം, അസംസ്കൃത മലിനജലം, സംസ്കൃത മലിനജലം, കിണറുകളിൽനിന്നുള്ള വെള്ളം, ഖരമാലിന്യം നിക്ഷേപിച്ച കൃഷിയിടങ്ങളിൽനിന്നുള്ള മണ്ണ്, കിണറ്റിലെ വെള്ളം തുടങ്ങിയവയുടെ സാമ്പിൾ ശേഖരിച്ച്

ഘനലോഹങ്ങളുടെ സാന്നിദ്ധ്യം ബോർഡിന്റെ എറണാകുളത്തെ ലാബിൽ പരിശോധിച്ചു. 2003 ആഗസ്റ്റ് 5, 28, 29 ദിവസങ്ങളിലായിരുന്നു മെമ്പർ സെക്രട്ടറിയും സംഘവും കമ്പനിയും പരിസരങ്ങളും സന്ദർശിച്ച് സാമ്പിൾ ശേഖരിച്ചത്. കമ്പനിക്കകത്ത് നിന്ന് ഖരമാലിന്യത്തിന്റെ 6 സാമ്പിളുകളും, കമ്പനി ഉത്പാദനത്തിന് ഉപയോഗിക്കുന്ന വെള്ളത്തിന്റെ 5 സാമ്പിളുകളും, കമ്പനിയിലെ പാഴ്ജലത്തിന്റെ 4 സാമ്പിളുകളുമാണ് പരിശോധനയ്ക്ക് ശേഖരിച്ചത്. കമ്പനിയോട് അടുത്ത് സ്ഥിതിചെയ്യുന്ന കിണറുകളിലെ 6 കിണറുകളിൽനിന്നായിരുന്നു ജലമലിനീകരണ പഠനത്തിനായി കുടിവെള്ളത്തിന്റെ സാമ്പിളുകൾ എടുത്തത്. കൃഷിയിടങ്ങളിൽ നിക്ഷേപിച്ച ഖരമാലിന്യത്തിന്റെ സാമ്പിളുകൾ എടുത്തത് തൊട്ടടുത്ത പഞ്ചായത്തിലെ കൊഴിഞ്ഞാമ്പാറ ഭാഗത്തുള്ള മാണിക്യചെട്ടിയാർ, ചെന്താമര എന്നിവരുടെ കൃഷിയിടങ്ങളിൽനിന്നായിരുന്നു. ഇതിൽ മാണിക്യചെട്ടിയാരുടെ കൃഷിയിടത്തിൽനിന്ന് ഖരമാലിന്യത്തിന്റെ 2 സാമ്പിളുകളും മണ്ണിന്റെ 3 സാമ്പിളുകളും കിണറിലെ വെള്ളത്തിന്റെ ഒരു സാമ്പിളും എടുത്തിരുന്നു. ചെന്താമരയുടെ വീട്ടിൽ നിന്ന് വിവിധയിനം ഖരമാലിന്യത്തിന്റെ 4 സാമ്പിളുകളാണ് എടുത്തത്.

സെപ്തംബർ 2003 പഠന റിപ്പോർട്ടിൽ പരിശോധന ഫലങ്ങൾ 8 പട്ടികകളിൽ വിശദമായി നൽകിയിരിക്കുന്നു. പരിശോധനാ ഫലങ്ങൾ സംഗ്രഹിച്ചു നൽകിയിരിക്കുന്നത് 29-9-03 ലെ പത്രക്കുറിപ്പിലെ 2 പട്ടികകളിലാണ്. ഇവ താഴെ കൊടുക്കുന്നു.

## പ്ലാച്ചിമട കോക്കകോള കമ്പനി ഖരമാലിന്യത്തിലെ ഘനലോഹങ്ങൾ

| പരിശോധനയ്ക്കെടുത്ത ഖരമാലിന്യത്തിന്റെ സ്രോതസ്സ് | ഘനലോഹങ്ങളുടെ അളവ് (മി.ഗ്രാം/കി.ഗ്രാം) | | | | | |
|---|---|---|---|---|---|---|
| | സാമ്പിൾ ശേഖരിച്ച തിയ്യതി | കാഡ്മിയം | ലെഡ് | ക്രോമിയം | സിങ്ക് | ഇരുമ്പ് |
| മാണിക്യ ചെട്ടിയാരുടെ കൃഷിയിടത്തിലെ ഇളം നിറത്തിലുള്ള ഖരമാലിന്യം | 5-8-03 | 5 | 65 | 9.10 | 49 | 818 |
| മാണിക്യ ചെട്ടിയാരുടെ കൃഷിയിടത്തിലെ കടും നിറത്തിലുള്ള ഖരമാലിന്യം | 5-8-03 | 2.5 | 52 | BDL | 204 | 636 |
| മാണിക്യ ചെട്ടിയാരുടെ കൃഷിയിടത്തിൽ ഖരമാലിന്യം നിക്ഷേപിച്ച മണ്ണ് | 5-8-03 | 20.8 | 55 | 3.11 | 95 | 390 |
| മാണിക്യ ചെട്ടിയാരുടെ കൃഷിയിടത്തിൽ ഖരമാലിന്യം നിക്ഷേപിച്ച മണ്ണ് | 28-8-03 | 0.50 | 18 | 70.40 | 46.30 | 1220 |
| ചെന്താമരയുടെ കൃഷിയിടത്തിലെ കടും നിറത്തിലുള്ള ഖരമാലിന്യം | 5-8-03 | 18.40 | 266 | 134 | 301 | 600 |
| ചെന്താമരയുടെ കൃഷിയിടത്തിലെ കടും നിറത്തിലുള്ള ഖരമാലിന്യം | 5-8-03 | 1.5 | 31 | BDL | 225 | 1000 |
| മാലിന്യ നിർമ്മാർജ്ജന പ്ലാന്റിൽനിന്നുള്ള ഖരമാലിന്യം | 5-8-03 | 17.10 | 297 | 164.5 | 399 | 873 |

*29-9-2003 ൽ കേരള മലിനീകരണ നിയന്ത്രണബോർഡ് മെമ്പർ സെക്രട്ടറി പുറത്തിറക്കിയ പത്രക്കുറിപ്പിൽനിന്ന്.*

## പ്ലാച്ചിമട കോക്കകോള കമ്പനി ഖരമാലിന്യത്തിലെ ഘനലോഹങ്ങൾ

| പരിശോധനയ്ക്കെടുത്ത ഖരമാലിന്യത്തിന്റെ സ്രോതസ്സ് | സാമ്പിൾ ശേഖരിച്ച തിയ്യതി | ഘനലോഹ അളവ് (മി.ഗ്രാം/കി.ഗ്രാം) | | | | |
|---|---|---|---|---|---|---|
| | | കാഡ്മിയം | ലെഡ് | ക്രോമിയം | സിങ്ക് | ഇരുമ്പ് |
| പാഴ്ജല നിർമ്മാർജ്ജന പ്ലാന്റിലെ ഖരമാലിന്യം | 29-8-03 | 36.50 | 401.40 | 296 | 365 | 2000 |
| ഫാക്ടറിയിലെ അസംസ്കൃത ജല ശുദ്ധീ കരണ പ്ലാന്റിൽനിന്നുള്ള ഖരമാലിന്യം | 5-8-03 | 5.40 | 67 | 4.9 | 56 | 745 |
| ഫാക്ടറിയിലെ അസംസ്കൃത ജല ശുദ്ധീ കരണ പ്ലാന്റിൽനിന്നുള്ള ഖരമാലിന്യം | 29-8-03 | 7 | 82 | 40.1 | 84.3 | 2900 |
| പഞ്ചസാര ശുദ്ധീകരണ പ്ലാന്റിൽ നിന്നുള്ള ഖരമാലിന്യം | 5-8-03 | 2.30 | 44 | BDL | 141 | 309 |
| പഞ്ചസാര ശുദ്ധീകരണ പ്ലാന്റിൽനിന്നുള്ള ഖരമാലിന്യം | 29-8-03 | BDL | BDL | 31 | 148 | 1100 |
| മാരകമായ ഖരമാലിന്യമായി പ്രഖ്യാപിക്കാനുള്ള പരിധി (മി.ഗ്രാം./കി.ഗ്രാം.) | | 50 | 5000 | 5000 | 20000 | പരിധിയില്ല |

*29-9-2003 ൽ കേരള മലിനീകരണ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറി പുറത്തിറക്കിയ പത്രക്കുറിപ്പിൽനിന്ന്.*

ഖരമാലിന്യത്തിലെയും കുടിവെള്ളത്തിലെയും ഘനലോഹങ്ങളുടെ അനുവദനീയമായ പരിധികളുമായി ബന്ധപ്പെടുത്തി സെപ്തംബർ 2003 പഠനത്തിലെ പരിശോധനാഫലങ്ങളുടെ വ്യാഖ്യാനം റിപ്പോർട്ടിൽ പലയിടത്തായാണ് കൊടുത്തിരിക്കുന്നത്. ഖരമാലിന്യത്തിന്റെ പരിശോധനയിൽ ഘനലോഹങ്ങളുടെ അളവ് അപകടകരമായ മാലിന്യനിയമമനുസരിച്ച് അനുവദനീയമായ പരിധിയിലും താഴെയാണ് എന്ന് റിപ്പോർട്ടിൽ പറയുന്നു. കമ്പനിയോട് ചേർന്നുകിടക്കുന്ന പഞ്ചായത്ത് കിണറിലെ വെള്ളത്തിൽ കാഡ്മിയത്തിന്റെ അളവ് 0.02 മി.ഗ്രാം/കി.ഗ്രാം എന്ന് കണ്ടെത്തിയെങ്കിലും ഇത് അനുവദനീയമായ പരിധിയായ 0.01 മി.ഗ്രാം/ലി. നേക്കാളും അൽപ്പം കൂടുതലേയുള്ളൂ എന്നാണ് സെപ്തംബർ 2003 റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നത്. പത്രക്കുറിപ്പിൽ കമ്പനി പരിസരത്തെ കിണറുകളിൽ ഘനലോഹ മലിനീകരണം ഇല്ല എന്നുതന്നെ പറയുന്നു.

സെപ്തംബർ 2003 പഠന റിപ്പോർട്ടിന്റെ 11-ാം ഖണ്ഡിക നിർദ്ദേശങ്ങൾ ആണ്. ഈ പഠനം വളരെ വിപുലമാണെന്ന് പറയാനാകില്ലെന്നും കമ്പനിയിലെ ഉത്പാദന പ്രക്രിയയിൽ പല വ്യതിയാനങ്ങളും കാണുന്നുണ്ട് എന്നും ഈ ഖണ്ഡികയിൽ പറയുന്നു. ഈ പഠനത്തിൽ കമ്പനിയുപയോഗിക്കുന്ന അസംസ്കൃത ജലത്തിൽ ഘനലോഹങ്ങൾ കണ്ടെത്തിയില്ല എന്നതുകൊണ്ട് മാലിന്യത്തിലെ ഘനലോഹങ്ങളുടെ അളവ് കുറവായി കാണുന്നതിന് കാരണം ഇവ ഉത്പാദന പ്രക്രിയയിലൂടെ എത്തിച്ചേരുന്നതുകൊണ്ടാകാം എന്നാണ് റിപ്പോർട്ടിൽ മെമ്പർ സെക്രട്ടറി അഭിപ്രായപ്പെടുന്നത്. ഖരമാലിന്യത്തിലെ ഘനലോഹ സാന്നിദ്ധ്യത്തിന്റെ വ്യതിയാനം മനസ്സിലാക്കുന്നതിന് കമ്പനിയിൽ സാധാരണ ഉത്പാദന പ്രക്രിയ നടക്കുന്ന അവസരത്തിൽ വിശദമായ പഠനം ആവശ്യമാണെന്നും റിപ്പോർട്ടിലെ നിർദ്ദേശമായി പറയുന്നു.

മെമ്പർ സെക്രട്ടറിയുടെ സെപ്തംബർ 2003 പഠനത്തിന്റെ നിഗമനങ്ങളും നിർദ്ദേശങ്ങളും സംഗ്രഹിച്ചിരിക്കുന്നത് ഇപ്രകാരമാണ്: "പഠനഫലങ്ങൾ സൂചിപ്പിക്കുന്നത് കമ്പനിക്കു ചുറ്റുമുള്ള കിണറുകളിലും ഖരമാലിന്യം നിക്ഷേപിച്ച കൃഷിയിടങ്ങളിലെ കിണറുകളിലും ഘനലോഹ മലിനീകരണം ഉണ്ടായിട്ടില്ല എന്നാണ്. ഖരമാലിന്യത്തിൽ കാഡ്മിയം തുടങ്ങിയ ഘനലോഹങ്ങളുടെ അളവ് അപകടകരമായ മാലിന്യ നിയമപ്രകാരം അനുവദനീയമായ പരിധിയിലും കുറവാണ്. അതുകൊണ്ട് കമ്പനിയിലെ ഖരമാലിന്യം കൃഷിക്കായി ഉപയോഗിക്കാൻ ശുപാർശ ചെയ്യാവുന്നതല്ല. അതുകൊണ്ട് ഒരു

മുൻകരുതൽ എന്ന നിലയ്ക്ക് കമ്പനിയിലെ ഖരമാലിന്യം അപകടകരമായ മാലിന്യ നിയമപ്രകാരം കൈകാര്യം ചെയ്യേണ്ടതാണ്."

2003 സെപ്തംബറിൽ പശ്ചിമ ബംഗാൾ മലിനീകരണ നിയന്ത്രണ ബോർഡിന്റെ റിപോർട്ടുകളും ബിവറേജ് കമ്പനികളിലെ ഖരമാലിന്യ പ്രശ്നങ്ങളെക്കുറിച്ചുള്ള മാദ്ധ്യമ വാർത്തകളും പിൻതുടർന്ന് കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് ബിവറേജ് കമ്പനികളിലെ മാലിന്യ പ്രശ്നത്തെക്കുറിച്ച് പഠിക്കാൻ രണ്ട് ഉപസമിതികളെ നിയോഗിച്ചു. ബിവറേജ് കമ്പനികളിൽ ഉത്പാദിപ്പിക്കപ്പെടുകയും നീക്കം ചെയ്യപ്പെടുകയും ചെയ്യുന്ന മലിനജലത്തിന്റെയും സംസ്കരണത്തിന്റെയും ഖരമാലിന്യത്തിന്റെയും സ്വഭാവങ്ങളും അതിലെ ഘനലോഹ പദാർത്ഥങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നത് വിലയിരുത്താനും ആയിരുന്നു ഉപസമിതികളെ ചുമതലപ്പെടുത്തിയത്. ഇതിൽ ഒരു പരിശോധനാ സമിതി 2003 സെപ്തംബർ 12 ന് പ്ലാച്ചിമട കോക്കകോള കമ്പനി സന്ദർശിക്കുകയും പരിശോധന നടത്തുകയും ചെയ്തു. ഇതേതുടർന്ന് 2003 നവംബറിൽ കേന്ദ്രമലിനീകരണ നിയന്ത്രണ ബോർഡ് പുറത്തിറക്കിയ റിപ്പോർട്ടിൽ പ്ലാച്ചിമട കമ്പനിയിൽനിന്ന് ശേഖരിച്ച സാമ്പിളുകളുടെ പരിശോധന ഫലങ്ങൾ താഴെ പറയുംപ്രകാരമാണ്.

## കേരളത്തിൽ പാലക്കാട് ജില്ലയിലെ ഹിന്ദുസ്ഥാൻ കോക്കകോള ബിവറേജസ് പ്രൈവറ്റ് ലിമിറ്റഡിലെ വിശകലന റിപ്പോർട്ട്

| ക്രമ നമ്പർ | സാമ്പിൾ | ഘനലോഹ അളവുകൾ | | | | |
|---|---|---|---|---|---|---|
| | | ലെഡ് | കാഡ്മിയം | ക്രോമിയം | നിക്കൽ | സിങ്ക് |
| | **ജലം** | | | | | |
| 1. | അസംസ്കൃതജലം (മി.ഗ്രാം/ലി.) | 0.020 | NT | NT | 0.160 | 0.190 |
| 2. | സംസ്കൃതജലം (മി.ഗ്രാം/ലി.) | 0.012 | 0.002 | NT | 0.006 | 0.268 |
| | **പാഴ്ജലം** | | | | | |
| 1. | നിർമ്മാർജ്ജന പ്ലാന്റിലേക്ക് കടത്തിവിടുന്നത് (മി.ഗ്രാം/ലി.) | 0.248 | 0.004 | 0.008 | 0.096 | 0.074 |
| 2. | പുറത്തു വരുന്നത് (മി.ഗ്രാം/ലി.) | 0.034 | 0.002 | NT | 0.122 | 0.746 |
| | **ഖരമാലിന്യം** | | | | | |
| 1. | മാലിന്യ നിർമ്മാർജ്ജനപ്ലാന്റിൽ നിന്നുള്ള ഖരമാലിന്യം (മി.ഗ്രാം/കി.ഗ്രാം) | 3471 | 338.8 | 759.6 | 69.6 | 3810 |
| 2. | സ്പെന്റ് കാർബൺ & ഹൈഫ്ളോ (മി.ഗ്രാം/കി.ഗ്രാം) | 2.9 | 5.2 | 42.0 | 196.7 | 199 |
| 3. | ഇ.ടി.പി.യിൽനിന്നുള്ള ചുണ്ണാമ്പ് ഖരവസ്തുക്കൾ (മി.ഗ്രാം/കി.ഗ്രാം) | NT | 0.0 | 17.1 | 138.2 | 58.1 |
| 4. | കൃഷിയിടങ്ങളിൽനിന്ന് തിരിച്ചെടുത്തു കൊണ്ടുവന്ന ഖരമാലിന്യം (മി.ഗ്രാം/കി.ഗ്രാം) | 696.8 | 73.8 | 457.8 | 92.4 | 935 |

*കേന്ദ്രമലിനീകരണ നിയന്ത്രണ ബോർഡിന്റെ ബിവറേജ് വ്യവസായങ്ങളിലെ ഘനലോഹങ്ങളെയും കീടനാശിനികളെയുംക്കുറിച്ചുള്ള റിപ്പോർട്ടിലെ (നവംബർ 2003) പട്ടിക 1.*

കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ പഠന റിപ്പോർട്ടിലെ ഈ പട്ടിക 1 ൽ കാണുന്നത് പ്ലാച്ചിമട കോക്കകോള കമ്പനിയിലെ അസംസ്കൃതജലത്തിലും സംസ്കൃതജലത്തിലും ഘനലോഹമലിനീകരണമില്ല എന്നാണ്. മലിനീകരണ സംസ്കരണ പ്ലാന്റിലേക്ക് വിടുന്ന പാഴ്ജലത്തിലും സംസ്കരിച്ച പാഴ്ജലത്തിലും ലെഡ് ഒഴിച്ചുള്ള ഘനലോഹങ്ങൾ അനുവദനീയമായ പരിധിയിലും കുറവാണ് എന്നും ഈ പട്ടിക കാണിക്കുന്നു. മലിനീകരണ സംസ്കരണ പ്ലാന്റിൽനിന്നുള്ള ഖരമാലിന്യ (sludge) ത്തിൽ കാഡ്മിയത്തിന്റെ അളവ് (338.8 മി.ഗ്രാം/കി.ഗ്രാം) അപകടകര മാലിന്യ നിയമപ്രകാരം അനുവദനീയമായ പരിധിയിലും (50 മി.ഗ്രാം/കി.ഗ്രാം) അധികമാണെന്ന് കാണാം. മാത്രമല്ല കമ്പനിയിലെ ഖരമാലിന്യം ഈ നിയമപ്രകാരം കമ്പോസ്റ്റായി ഉപയോഗിക്കാവുന്നതിന്റെ അനുവദനീയമായ അളവിലും കൂടുതൽ കാഡ്മിയവും, ലെഡും, ക്രോമിയവും, നിക്കലും, സിങ്കും അടങ്ങിയതാണെന്നും കാണാം. മാത്രമല്ല കമ്പനി കർഷകരിൽനിന്ന് തിരിച്ചുവാങ്ങിയ ഖരമാലിന്യത്തിലും കാഡ്മിയത്തിന്റെ അളവ് 73.8 (മി.ഗ്രാം/കി.ഗ്രാം) ആണെന്ന് കാണാം. ഇതും അപകടകരമായ മാലിന്യ നിയമപ്രകാരം അനുവദനീയമായ പരിധിയിലും (50 മി.ഗ്രാം/കി.ഗ്രാം) കൂടുതലാണ് എന്നും ഈ പരിശോധനഫലങ്ങൾ കാണിക്കുന്നു.

അപകടകരമായ മാലിന്യ നിയമത്തിൽ പറയുന്നത് പ്രകാരം വളമായി ഉപയോഗിക്കുന്ന കമ്പോസ്റ്റിൽ ഘനലോഹങ്ങളുടെ അനുവദനീയ പരിധി കേന്ദ്രമലിനീകരണ നിയന്ത്രണ ബോർഡ് റിപ്പോർട്ടിൽ അനുബന്ധം (3) ആയി കൊടുത്തിരിക്കുന്നത് താഴെകൊടുക്കുന്നു.

**കമ്പോസ്റ്റിന്റെ സ്റ്റാന്റേർഡ്**

| ഘനലോഹങ്ങൾ | ഉയർന്ന പരിധി (മി.ഗ്രാം/കി.ഗ്രാം) |
|---|---|
| കാഡ്മിയം | 5.00 |
| ക്രോമിയം | 50.00 |
| ലെഡ് | 100.00 |
| നിക്കൽ | 50.00 |
| സിങ്ക് | 1000.00 |

ഖരമാലിന്യ മാനേജ്മെന്റ് & ഹാന്റ്ലിങ്ങ് റൂൾസ് (Source : Solid Waste (Management & Handling) Rules)

*കേന്ദ്രമലിനീകരണ നിയന്ത്രണ ബോർഡിന്റെ ബിവറേജ് വ്യവസായങ്ങളിലെ ഘനലോഹങ്ങളെയും കീടനാശിനികളെയും കുറിച്ചുള്ള റിപ്പോർട്ടിലെ (നവംബർ 2003) അനുബന്ധം 3.*

ഇതേ തുടർന്ന് കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് പ്ലാച്ചിമട കോക്കകോള കമ്പനിയിലെ മലിനജല സംസ്കരണ പ്ലാന്റിൽനിന്നുള്ള ഖരമാലിന്യം 1989 ലെ അപകടകരമായ മാലിന്യ നിയമപ്രകാരം അപകടകരമായ മാലിന്യവിഭാഗത്തിൽപ്പെടുന്നതാണെന്നും ഇത് പ്രസ്തുത നിയമപ്രകാരം നിർമ്മാർജ്ജനം ചെയ്യപ്പെടേണ്ടതാണെന്നും പ്രഖ്യാപിച്ചു. മാത്രമല്ല പ്ലാച്ചിമട കോക്കകോള കമ്പനിയിലെ പാഴ്ജല ശുദ്ധീകരണ പ്ലാന്റിൽ നിന്നുള്ള കാർബൺ & ഹൈഫ്ളോ (Sport Carbon & Hyflo), ചുണ്ണാമ്പ് (Lime) എന്നീ ഖരമാലിന്യ വിഭാഗങ്ങളിൽ വളമായി ഉപയോഗിക്കുന്നതിന് അനുവദനീയ പരിധിയിലും കൂടുതൽ ഘനലോഹങ്ങൾ അടങ്ങിയിട്ടുണ്ടെന്നും അവ കൃഷിയിടങ്ങളിൽ വളമായി ഉപയോഗിക്കാൻ പാടില്ലെന്നും വ്യവസായ മാലിന്യമായി നിർമ്മാർജ്ജനം ചെയ്യണമെന്നും ഈ റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിയന്ത്രണങ്ങൾ നടപ്പിലാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ കമ്പനിക്ക് നൽകുവാൻ കേന്ദ്രമലിനീകരണ നിയന്ത്രണ ബോർഡ് കേരള മലിനീകരണ നിയന്ത്രണ ബോർഡിനെ ചുമതലപ്പെടുത്തി.

2003 ഒക്ടോബർ 28 ന് കേരള മലിനീകരണ നിയന്ത്രണ ബോർഡിന്റെ തിരുവനന്തപുരം ഓഫീസ് പ്ലാച്ചിമട കോക്കകോള കമ്പനിക്കടുത്ത് വിജയനഗർ കോളനിയിലെ പഞ്ചായത്ത് കിണർ മലിനപ്പെട്ട വിവരം നോട്ടിഫൈ ചെയ്ത് പഞ്ചായത്തിനെ അറിയിക്കാൻ ബോർഡിന്റെ പാലക്കാട് ഓഫീസിലേക്ക് കത്തയയ്ക്കുന്നുണ്ട് (PCB/HO/HWM CC PLT 2003 Dtd. 28-10-03). 2003 ഒക്ടോബർ 31 ന് ബോർഡിന്റെ പാലക്കാട് ഓഫീസ് പ്ലാച്ചിമടയിലെ പഞ്ചായത്ത് കിണർ മലിനപ്പെട്ടതായുള്ള നോട്ടിഫിക്കേഷൻ പെരുമാട്ടി പഞ്ചായത്തിന് അയയ്ക്കുകയുണ്ടായി (PCB/PLKD/W21/2001 Dtd. 31-10-03).

2003 ആഗസ്റ്റിൽ ലഘുപാനീയങ്ങളിലെ ഉയർന്ന കീടനാശിനി അളവിനെക്കുറിച്ചുള്ള കണ്ടെത്തലുമായി ഡൽഹിയിലെ സെന്റർ ഫോർ സയൻസ് ആന്റ് എൻവിറോൺമെന്റിന്റെ (CSE) റിപ്പോർട്ട് പുറത്തിറങ്ങി. ഇതേതുടർന്ന് ഈ വിഷയത്തെക്കുറിച്ച് പാർലിമെന്റിൽ നടന്ന ചർച്ചകളുടെ ഫലമായി ശരത്പവാർ അദ്ധ്യക്ഷനായി ഒരു സംയുക്ത പാർലിമെന്റ് കമ്മിറ്റി രൂപീകരിക്കപ്പെടുകയുണ്ടായി. പ്ലാച്ചിമട പ്രശ്നത്തെക്കുറിച്ച് ജെ.പി.സി. പല സന്നദ്ധ സംഘടനകളും കൊടുത്ത നിവേദനങ്ങളുടെ ഫലമായി പ്ലാച്ചിമടയിലെ പ്രശ്നങ്ങളും ജെ.പി.സി. അന്വേഷണത്തിൽ ഉൾപ്പെടുത്തുകയും വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. ഇതനുസരിച്ച് പ്ലാച്ചിമട കോക്കകോള കമ്പനിയെ കുറിച്ച് കമ്പനി അധികൃതർ ജെ.പി.സി.ക്ക് നൽകിയ റിപ്പോർട്ടിന്റെ കോപ്പി കമ്പനിയിലെ മാനേജർമാരും തൊഴിലാളികളും പലർക്കും നൽകുകയുണ്ടായി. ഈ റിപ്പോർട്ടിൽ പ്ലാച്ചിമട കമ്പനിയിലെ ഖരമാലിന്യം 2001 മാർച്ച് മുതൽ ISO 17025 (NABL) അംഗീകാരമുള്ള ലാബുകളിൽ ഇടയ്ക്കിടെ കമ്പനി തന്നെ പരിശോധിപ്പിക്കാറുണ്ടെന്നും അവയൊന്നിലും ഘനലോഹങ്ങൾ അനുവദനീയമായ പരിധിയിലും അധികമാണെന്ന് കണ്ടെത്തിയിട്ടില്ലെന്നും കമ്പനി അവകാശപ്പെടുന്നതായി കാണുന്നുണ്ട്.

**Caring for the Environment**

**Bio-Solids are Non-hazardous**

Q. Your sludge contains heavy metals............

*The sludge sample analysis reports by the official agency as well as ISO17025 (NABL) accredited laboratory tests show that it does not contain any heavy metals.*

*Samples analysed over the past 3 years show that bio-solids are totally non-hazardous*

*To give a gist of analysis reports:*

- *Reports of bio-solids by Poluchem Laboratories confirm no heavy metals* - *Mar 2001*
- *Reports of bio-solids by Poluchem Laboratories confirm no heavy metals* - *July 2002*
- *SGS Lab report confirms heavy metals presence well below PCB limits* - *Jan 2003*
- *Reports of bio-solids by Poluchem Laboratories confirm no heavy metals* - *Jun 2003*
- *Vimta Lab analysis indicated heavy metal concentration below PCB limits* - *Aug 2003*
- *Test by South India Textile Research Association confirms heavy metals within PCB limits* - *Aug 2003*
- *Analysis by SGS indicated heavy metals presence below PCB limits* - *Aug 2003*
- *Kerala State Pollution Control Board confirms Cadmium and other heavy metals concentration within prescribed limits* - *Sept 2003*
- *Vimta Lab analysis indicated heavy metal concentration below PCB limits* - *Nov 2003*
- *Test by South India Textile Research Association confirms heavy metals within PCB limits* - *Nov 2003*

*പ്ലാച്ചിമട കോക്കകോള കമ്പനി ജെ.പി.സി.ക്ക് കൊടുത്ത റിപ്പോർട്ടിൽനിന്നുള്ള ഭാഗം ഇതനുസരിച്ച് മാർച്ച് 2001 മുതൽ കോക്കകോള കമ്പനി തങ്ങളുടെ ഖരമാലിന്യത്തിൽ ഘനലോഹ സാന്നിദ്ധ്യം പരിശോധിച്ചുകൊണ്ടിരിക്കുന്നുണ്ട്. ബിവറേജ് വ്യവസായത്തിൽ സാധാരണ ഘനലോഹ മാലിന്യം പ്രതീക്ഷിക്കുന്നില്ലെന്നാണ് മലിനീകരണ നിയന്ത്രണബോർഡ്.*

ഇതിനുദാഹരണമായി കമ്പനിയുടെ മലിനീകരണ നിർമ്മാർജ്ജന പ്ലാന്റിലെ ഖരമാലിന്യം ഹൈദ്രാബാദിലെ വിറ്റോ ലാബിലേക്ക് 20-11-2003 ന് അയച്ച് 1-12-03 ന് ലഭിച്ച റിപ്പോർട്ടിന്റെ (റിപ്പോർട്ട് നമ്പർ 6496/03/LL/HCC/02) കോപ്പി ജെ.പി.സി.ക്ക് നൽകിയ റിപ്പോർട്ടിൽ നൽകിയിട്ടുണ്ട്. ഈ റിപ്പോർട്ടിൽ പരിശോധനഫലങ്ങൾ ഇപ്രകാരം നൽകിയിരിക്കുന്നു.

സാമ്പിൾ രജിസ്ട്രേഷൻ തിയ്യതി 20-11-2003

റിപ്പോർട്ട് നൽകിയ തിയ്യതി 1-12-2003

| ക്രമ നമ്പർ | പരിശോധന വസ്തു | അളവ് | പരിശോധനാ ഫലം |
|---|---|---|---|
| 1. | കാഡ്മിയം | മി.ഗ്രാം/കി.ഗ്രാം | 6.52 |
| 2. | ലെഡ് | മി.ഗ്രാം/കി.ഗ്രാം | 102.6 |

*കോക്കകോള കമ്പനി സ്വയം പരിശോധിപ്പിച്ച റിപ്പോർട്ടിൽനിന്ന്*




*പ്ലാച്ചിമട കോക്കകോള കമ്പനി ജെ.പി.സി.ക്ക് കൊടുത്ത റിപ്പോർട്ടിൽനിന്ന്. കമ്പനിയുടെ ഖരമാലിന്യം കമ്പനിയുടെ തന്നെ പരിശോധനയിൽ കാഡ്മിയത്തിന്റെയും ലെഡിന്റെയും അളവ് കമ്പോസ്റ്റായി ഉപയോഗിക്കാവുന്നതിന് അനുവദനീയമായ പരിധിയിലും മേലെയാണെന്ന് ഇതിൽ കാണുന്നു.*

ഈ പരിശോധനഫലങ്ങൾ അനുസരിച്ച് പ്ലാച്ചിമടയിലെ കമ്പനിയിലെ ഖരമാലിന്യത്തിൽ കാഡ്മിയം 6.52 മി.ഗ്രാം/കി.ഗ്രാം ലെഡ് 102.6 മി.ഗ്രാം/കി.ഗ്രാം ഉണ്ട്. കേന്ദ്ര മലിനീകരണ ബോർഡിന്റെ റിപ്പോർട്ടിൽ നൽകിയതു പ്രകാരം ഇത് ഖരമാലിന്യം കമ്പോസ്റ്റായി ഉപയോഗിക്കാവുന്ന പരിധിയേക്കാൾ ഉയർന്നതാണ്. (കാഡ്മിയം 5 മി.ഗ്രാം/കി.ഗ്രാം, ലെഡ് 100 മി.ഗ്രാം/കി.ഗ്രാം എന്നിങ്ങനെയാണ് അനുവദനീയമായ പരിധി)

കോക്കകോള കമ്പനി ജെ.പി.സി.ക്ക് നൽകിയ റിപ്പോർട്ടിൽ ഖരമാലിന്യ പ്രശ്നത്തെക്കുറിച്ച് മറ്റുചില കാര്യങ്ങൾ കൂടി പറയുന്നുണ്ട്. കമ്പനിയുടെ പരിസരത്ത് തന്നെ ഖരമാലിന്യം കമ്പനി വളമായി ഉപയോഗിക്കുകയായിരുന്നു. ഈ ഉപയോഗത്തിന്റെ മികവ് കണ്ട് ചില പ്രാദേശിക കർഷകർ കമ്പനിയിലെ മാലിന്യം ആവശ്യപ്പെട്ടു. ഇവരുടെ ആവശ്യപ്രകാരം 4 കർഷകർക്ക് മാത്രമാണ് കമ്പനി ഖരമാലിന്യം നൽകിയത്. ഘനലോഹ മലിനീകരണത്തെ കുറിച്ച് വാർത്തകൾ കേട്ടതുകൊണ്ട് ഈ 4 പേരിൽനിന്നും കമ്പനി ഖരമാലിന്യം തിരിച്ചുവാങ്ങി. ജെ.പി.സി.ക്ക് നൽകിയ റിപ്പോർട്ടിൽ കാണിച്ചിരിക്കുന്ന സാക്ഷി പത്രങ്ങളനുസരിച്ച് ഓരോ കർഷകരിൽനിന്നും ഓരോ ലോഡ് ഖരമാലിന്യം ആണ് കമ്പനി തിരിച്ച് വാങ്ങിയിരിക്കുന്നത്.

ലഘുപാനീയങ്ങളിലെ കീടനാശിനികളെ കുറിച്ചും സുരക്ഷിത സ്റ്റാൻഡേർഡ് നിർണ്ണയത്തിനും ആഗസ്റ്റ് 2003 ൽ രൂപീകരിച്ച ജെ.പി.സി. പ്ലാച്ചിമട പ്രശ്നത്തെക്കുറിച്ച് കോക്കകോള കമ്പനി, മലിനീകരണ നിയന്ത്രണ ബോർഡുകൾ തുടങ്ങിയവയുടെ വിശദീകരണങ്ങൾ പരിഗണിക്കുകയുണ്ടായി. പ്ലാച്ചിമട കോക്കകോള കമ്പനിയെക്കുറിച്ച് കേരള മലിനീകരണ നിയന്ത്രണ ബോർഡ് ജെ.പി.സി.ക്ക് നൽകിയ വിശദീകരണത്തിൽ നിന്ന് താഴെ പറയുന്ന ഭാഗങ്ങൾ ജെ.പി.സി. റിപ്പോർട്ടിൽ ഉദ്ധരിച്ചിരിക്കുന്നു. "ഭാവിയിൽ ഉൽപാദനത്തിന്റെ വിവിധ ദിശകളിൽ വിശദമായ പഠനം നടത്തുന്നതാണ്. കമ്പനിയുടെ ഓരോ കിണറുകളിൽനിന്നുള്ള വെള്ളവും വിശകലനം ചെയ്യേണ്ടതാവശ്യമാണ്. അസംസ്കൃത പദാർത്ഥങ്ങളായ പഞ്ചസാര, ചുണ്ണാമ്പ്, സോഡ ആഷ്, ഫെറസ് സൾഫേറ്റ്, ആക്റ്റിവേറ്റഡ് കാർബൺ, ഉൽപാദനത്തിനുപയോഗിക്കുന്ന ജലം തുടങ്ങിയവയും വിശകലനം ചെയ്യപ്പെടേണ്ടതുണ്ട്. ഇത് സംബന്ധിച്ച നടപടികൾ എടുത്തുകൊണ്ടിരിക്കുന്നു. (പേജ് 76, ജെ.പി.സി. റിപ്പോർട്ട്, ഫെബ്രുവരി 2004)

പ്ലാച്ചിമട കോക്കകോള കമ്പനിയുടെ പ്രവർത്തനം മൂലം ഭൂജലശോഷണവും പരിസരമലിനീകരണവും പ്രാദേശികവാസികൾക്കുണ്ടായ യാതനകളും ജെ.പി.സി. അംഗീകരിക്കുകയും കമ്പനിയിലെ ഖരമാലിന്യ പ്രശ്നം അപകടകരമായ മാലിന്യത്തെ സംബന്ധിച്ച് കേന്ദ്ര പരിസ്ഥിതിവകുപ്പിന്റെ കീഴിൽ രൂപീകരിച്ച സുപ്രീംകോടതി മോണിറ്ററിംഗ് കമ്മിറ്റി (എസ്.സി.എം.സി.) യുടെ പരിധിയിലുൾപ്പെടുത്തുകയും ചെയ്തു (പേജ് 94, ജെ.പി.സി. റിപ്പോർട്ട്). ഇതനുസരിച്ച് 2004 ആഗസ്റ്റ് 14 ന് സുപ്രീംകോടതി മോണിറ്ററിംഗ് കമ്മിറ്റി പ്ലാച്ചിമട സന്ദർശിക്കുകയും കമ്പനിമൂലം പ്രദേശത്തുണ്ടായ പരിസരമലിനീകരണത്തിൽ അസ്വസ്ഥത രേഖപ്പെടുത്തുകയും ചെയ്തു. പരിസരവാസികൾക്ക് കമ്പനി വെള്ളമെത്തിക്കണമെന്നും കമ്പനിയിൽനിന്ന് വിതരണം ചെയ്ത ഖരമാലിന്യങ്ങൾ മുഴുവൻ തിരിച്ചെടുത്ത് പുതുതായി നിർമ്മിക്കുന്ന ഖരമാലിന്യ സംസ്കരണ സ്ഥലത്ത് നിക്ഷേപിക്കുകയും ചെയ്യണമെന്ന് എസ്.സി.എം.സി. ആവശ്യപ്പെട്ടു. ഇതിനാവശ്യമായ നടപടികളെടുക്കാൻ കമ്പനി കേരള മലിനീകരണ നിയന്ത്രണ

**പ്ലാച്ചിമട കോക്കകോള കമ്പനിയുടെ പ്രവർത്തനം മൂലം ഭൂജലശോഷണവും പരിസര മലിനീകരണവും പ്രാദേശികവാസികൾക്കുണ്ടായ യാതനകളും ജെ.പി.സി. അംഗീകരിക്കുകയും കമ്പനിയിലെ ഖരമാലിന്യ പ്രശ്നം അപകടകരമായ മാലിന്യത്തെ സംബന്ധിച്ച് കേന്ദ്ര പരിസ്ഥിതിവകുപ്പിന്റെ കീഴിൽ രൂപീകരിച്ച സുപ്രീംകോടതി മോണിറ്ററിംഗ് കമ്മിറ്റി (എസ്.സി.എം.സി.) യുടെ പരിധിയിലുൾപ്പെടുത്തുകയും ചെയ്തു (പേജ് 94, ജെ.പി.സി. റിപ്പോർട്ട്) ഇതനുസരിച്ച് 2004 ആഗസ്റ്റ് 14 ന് സുപ്രീംകോടതി മോണിറ്ററിംഗ് കമ്മിറ്റി പ്ലാച്ചിമട സന്ദർശിക്കുകയും കമ്പനിമൂലം പ്രദേശത്തുണ്ടായ പരിസരമലിനീകരണത്തിൽ അസ്വസ്ഥത രേഖപ്പെടുത്തുകയും ചെയ്തു.**

ബോർഡിന് നിർദ്ദേശങ്ങൾ കൊടുക്കുകയും ചെയ്തു. ഇതനുസരിച്ച് കേരള മലിനീകരണ നിയന്ത്രണ ബോർഡ് കോക്കകോള കമ്പനിക്ക് കമ്പനിയിലെ ഖരമാലിന്യ നിർമ്മാർജ്ജനത്തിലെ അപാകതകൾ മൂലം പരിസരത്ത് ധാരാളമാളുകളുപയോഗിക്കുന്ന ഭൂജലവും കുടിവെള്ളവും ബാധിച്ചിട്ടുണ്ടെന്നും മലിനീകരണം നടത്തിയവർ തന്നെ അതിന്റെ വിലയും നൽകണമെന്ന തത്വപ്രകാരം പരിസരവാസികൾക്ക് 6 മാസത്തിനകം കുടിവെള്ള വിതരണം നടത്തണമെന്നും നിർദ്ദേശിക്കുകയുണ്ടായി (PCB/HO/HWM/SCMC/04/23-8-04).

സുപ്രീംകോടതി മോണിറ്ററിംഗ് കമ്മിറ്റി പ്ലാച്ചിമട കമ്പനിയെ സംബന്ധിച്ച് നിർദ്ദേശിച്ച കാര്യങ്ങൾ നടപ്പിലാക്കുന്നതിന് ഒരു പ്രാദേശിക പരിസ്ഥിതി സംരക്ഷണ കമ്മിറ്റിയും (LAEPC) കേരള മലിനീകരണ നിയന്ത്രണ ബോർഡ് 14-9-04 ൽ രൂപീകരിക്കുകയുണ്ടായി (PCB/HO/HWM/SCMC/498/04 dt. 14-9-04). ഇതിൽ ജനങ്ങളുടെ പ്രതിനിധികളായി അഡ്വ. പി.എ. പൗരൻ, വിളയോടി വേണുഗോപാൽ എന്നിവരെയും ഉൾപ്പെടുത്തിയിട്ടുണ്ട്. 5 ചുമതലകളാണ് പ്രാദേശിക പരിസ്ഥിതി സംരക്ഷണ കമ്മിറ്റിയെ ഏൽപ്പിച്ചിരിക്കുന്നത്.

1. മലിനീകരണ ബാധിതരായവരും കുടിവെള്ളം നൽകപ്പെടേണ്ടവരും ആയവരുടെ രജിസ്റ്റർ ഉണ്ടാക്കുക.

2. ബാധിതരായ ആളുകളുടെ വീടുകളിലേക്ക് പൈപ്പിലൂടെ കമ്പനി കുടിവെള്ളം എത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുക.

3. ബാധിതരായ പരിസരവാസികളുടെ പേരും മേൽവിലാസവും അടങ്ങിയ റിപ്പോർട്ട് 2004 ഒക്ടോബർ 10 നകം തയ്യാറാക്കി അയയ്ക്കുക.

4. കമ്പനിയുടെ ഒരു പരിസ്ഥിതി ഓഡിറ്റിങ്ങ് നടത്തുക.

5. കമ്പനി പുറത്തേക്ക് അയച്ച ഖരമാലിന്യം തിരിച്ചെടുക്കുകയും പൂർവ്വസ്ഥിതിയിൽ സൂക്ഷിക്കുകയും ചെയ്യുക.

ഇതനുസരിച്ച് കമ്മിറ്റി പ്രവർത്തനമാരംഭിക്കുകയും കുടിവെള്ളം എത്തിക്കേണ്ട 341 താമസക്കാരുടെ ലിസ്റ്റ് തയ്യാറാക്കി യഥാസമയം അയയ്ക്കുകയും ചെയ്തിരുന്നു.

പരിസരവാസികൾക്ക് കുടിവെള്ളം കൊടുക്കാൻ തയ്യാറാകാതെ കമ്പനിക്ക് പ്രവർത്തനാനുമതി കൊടുക്കേണ്ടതില്ലെന്ന സുപ്രീം കോടതി മോണിറ്ററിംഗ് കമ്മിറ്റിയുടെ നിർദ്ദേശത്തെ കൊക്കകോള കമ്പനി അംഗീകരിക്കാൻ തയ്യാറായില്ല. പ്ലാച്ചിമടയിലെ പരിസരമലിനീകരണം കമ്പനി മൂലമാണെന്ന് ശാസ്ത്രീയ തെളിവുകളില്ലെന്നും തങ്ങൾ മലിനീകരണം നടത്തിയിട്ടില്ലാത്തതുകൊണ്ട് പരിസരവാസികൾക്ക് കുടിവെള്ളം കൊടുക്കുവാൻ സാദ്ധ്യമല്ലെന്നും അറിയിച്ചുകൊണ്ട് കമ്പനി സുപ്രീം കോടതി മോണിറ്ററിംഗ് കമ്മിറ്റിക്ക് 20-11-2004 ൽ കത്ത് കൊടുക്കുകയുണ്ടായി. ഇതിനിടയിൽ അപകടകരമായ മാലിന്യ നിയമപ്രകാരം കമ്പനിയിലെ വിഷമയമായ ഖരമാലിന്യം നിക്ഷേപിക്കാനുള്ള ലാന്റ് ഫിൽ രീതിയിലുള്ള സംവിധാനം ഫാക്ടറി വളപ്പിൽ കമ്പനി പൂർത്തിയാക്കി.

പ്ലാച്ചിമടയിലെ കോക്കകോള കമ്പനിയിലെ വിഷമാലിന്യം കൊണ്ട് പരിസരപ്രദേശത്തും വളമായി നിക്ഷേപിച്ച കൃഷിയിടങ്ങളിലും ഘനലോഹ മലിനീകരണമുണ്ടായിട്ടുണ്ട് എന്ന് മേൽപറഞ്ഞ പഠന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നുണ്ട്. എങ്കിലും ഇത് പരിസരത്തോ മറ്റു കൃഷിയിടങ്ങളിലോ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കിയിട്ടുണ്ടോ എന്ന് വ്യക്തമായി പരിശോധിക്കപ്പെട്ടിട്ടില്ല. പ്ലാച്ചിമടയിലെ കുട്ടികൾക്കിടയിൽ ഭാരക്കുറവുള്ള കുട്ടികളുടെ അനുപാതം കൂടുതലാണെന്നും ഇത് ഘനലോഹ മലിനീകരണവുമായി ബന്ധപ്പെട്ടതാണോയെന്ന് കൂടുതൽ വിദഗ്ദ്ധ പഠനം നടത്തേണ്ടതാണെന്നും വി.ടി. പത്മനാഭനും മറ്റും 2004 ഏപ്രിലിൽ ഒരു പ്രാഥമിക പഠന റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തിയിരുന്നു. പ്ലാച്ചിമടയിലെ ഘനലോഹ മലിനീകരണവും ആരോഗ്യവുമായുള്ള ബന്ധം തെളിയിക്കാൻ കഴിയില്ലെങ്കിലും അപ്രകാരമുള്ള ആരോഗ്യ പഠനത്തിന് ദിശാസൂചകങ്ങളായി സഹായിക്കാവുന്ന വിധത്തിൽ രണ്ട് കുട്ടികളുടെ മരണങ്ങൾ 2003-2004 ൽ പ്ലാച്ചിമടയിലുണ്ടായിട്ടുണ്ട്. ഇതിൽ ഒരാൾ ജനിച്ച് 7 ദിവസത്തിനകം മരിക്കുകയും മറ്റൊരാൾ ബുദ്ധിമാന്ദ്യം ബാധിച്ച് മൂന്നാം വയസ്സിൽ മരിക്കുകയും ചെയ്തു. ജനനത്തിന് മുൻപ് ഗർഭം അലസി പോകുന്നത് ഇവിടെ കൂടുതലായി കാണുന്നുണ്ടെന്നും ചില സ്ത്രീകൾ അഭിപ്രായപ്പെടുന്നുണ്ട്. പ്ലാച്ചിമടയിലെ ഘനലോഹ മലിനീകരണവും മേൽപറഞ്ഞ ആരോഗ്യപ്രശ്നങ്ങളും തമ്മിലുള്ള ബന്ധം സ്ഥാപിക്കാൻ രീതിശാസ്ത്രപരമായി ബുദ്ധിമുട്ടുണ്ട് എന്ന് വിദഗ്ദ്ധന്മാർ അഭിപ്രായപ്പെടുന്നു.




പ്ലാച്ചിമട കോക്കകോള കമ്പനിയ്ക്ക കേരള മലിനീകരണ നിയന്ത്രണ ബോർഡിൽനിന്ന് ലഭിച്ച അനുമതിയുടെ കാലാവധി കഴിയുന്നതിന്റെ ഭാഗമായി അടഞ്ഞു കിടക്കുകയായിരുന്നെങ്കിലും കമ്പനി 22-4-05 ൽ ബോർഡിന് പുതിയ അപേക്ഷ നൽകുകയുണ്ടായി. കമ്പനിയുടെ പേരിൽ മലിനീകരണ പ്രശ്നം ഉയർന്നു വന്നതുകൊണ്ടും ഹൈക്കോടതി ഉത്തരവുപ്രകാരം കമ്പനി അടച്ചിട്ടിരിക്കുകയാണെന്നതുകൊണ്ടും ബോർഡ് ഈ അനുമതിയപേക്ഷ പരിഗണിച്ചില്ല. പെരുമാട്ടി ഗ്രാമപഞ്ചായത്തും കമ്പനിയും തമ്മിലുള്ള കേസിൽ കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ച് 19-12-03 ൽ നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് 2005 ഫെബ്രുവരിയിൽ പുറത്തുവരികയുണ്ടായി. ഇതേതുടർന്ന് കോള കമ്പനിക്ക് ദിവസം 5 ലക്ഷം ലിറ്റർ വീതം വെള്ളമെടുക്കാൻ അനുവദിച്ചുകൊണ്ട് പഞ്ചായത്തിനോട് കമ്പനിയുടെ ലൈസൻസ് പുതുക്കിക്കൊടുക്കുവാൻ ഹൈക്കോടതി ഡിവിഷൻ ബഞ്ച് 2005 ഏപ്രിൽ 7 ന് ഉത്തരവിടുകയുണ്ടായി. പുനരാരംഭത്തിന്റെ ഭാഗമായി കൊക്കകോള കമ്പനി കേരള മലിനീകരണ നിയന്ത്രണ ബോർഡിന് 22-4-05 ന് വീണ്ടും എഴുതിയ കത്തിൽ നാലു മാസത്തിനകം അനുമതിയപേക്ഷക്ക് മറുപടി ലഭിച്ചില്ലെങ്കിൽ പരിസ്ഥിതി സംരക്ഷണ നിയമപ്രകാരം കേരള മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ലഭിച്ചതായി കണക്കാക്കണമെന്നും വാദിച്ചു. ഇതിനു മറുപടിയായി കമ്പനി 9-3-04



**ഞങ്ങൾ കുഞ്ഞുങ്ങൾ ജീവന്റെ കാവൽ**

ഫോട്ടോ : സി.ആർ. ഗിരീഷ്, മാതൃഭൂമി

മുതൽ 7-4-05 വരെ ഹൈക്കോടതി ഉത്തരവുപ്രകാരം പൂട്ടി കിടക്കുകയായിരുന്നുവെന്നും ആയവസരത്തിൽ കമ്പനി നല്കിയ അനുമതിയപേക്ഷ സാധുവല്ലെന്നും കേരള ബോർഡ് 7-5-05 ന് കത്തയച്ചു. മാത്രമല്ല കമ്പനിമൂലം സമീപത്ത് കിണറിൽ ഘനലോഹ മലിനീകരണം ഉണ്ടായിട്ടുണ്ടെന്നും അതുകൊണ്ട് കമ്പനിയുടെ മലിനീകരണ നിർമ്മാർജ്ജന സംവിധാനത്തിൽ സുപ്രീംകോടതി മോണിറ്ററിംഗ് കമ്മിറ്റി നിർദ്ദേശിച്ച മാറ്റങ്ങൾ വരുത്തണമെന്നും ബോർഡ് ഈ കത്തിൽ ആവശ്യപ്പെട്ടു. ഇതിനെതിരെ കമ്പനി ഇപ്പോഴത്തെ കേരള ബോർഡ് മെമ്പർ സെക്രട്ടറിയുടെ നടപടികൾ തെറ്റാണെന്നും ബോർഡ് ചെയർമാൻ കമ്പനി നേരിൽ സന്ദർശിക്കണമെന്നും ആവശ്യപ്പെടുകയുണ്ടായി. ഇതിന് മറുപടിയായി അനുമതിക്കായി സമർപ്പിച്ച അപേക്ഷയിലെ അപാകതകൾ പരിഹരിക്കുകയും നിർദ്ദേശിച്ച പ്രകാരമുള്ള മലിനീകരണ നിർമ്മാർജ്ജന സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്യാത്തതുകൊണ്ട് അനുമതി നൽകാതിരിക്കാനുള്ള കാരണങ്ങളുണ്ടെങ്കിൽ 15 ദിവസത്തിനകം അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ബോർഡ് കമ്പനിക്ക് കാരണം കാണിക്കൽ നോട്ടീസ് അയച്ചിരിക്കുകയാണ്.

## പ്ലാച്ചിമടയിലെ ഖരമാലിന്യ പ്രശ്നം: ഒരു വിമർശാവലോകനം

ഒരു സ്ക്വയർ കിലോമീറ്റർ പ്രദേശത്ത് 300 കുടുംബങ്ങളിലായി 1500 പേർ താമസിക്കുന്ന പ്ലാച്ചിമടയിലെ രണ്ട് കോളനികൾക്കിടയിൽ 6 ബോർകിണറുകളും 2 തുറന്ന കിണറുകളും താഴ്ത്തി ദിവസം 15 ലക്ഷം ലിറ്റർ വെള്ളമെടുക്കാനും 8 ലക്ഷം ലിറ്റർ പാഴ്ജലം ഭൂതലത്തിലേക്ക് ഒഴുക്കിവിടാനും കൊക്കകോള കമ്പനിക്ക് അനുമതി ലഭിച്ചത് ഭരണപരമായ നടപടിക്രമങ്ങളിലൂടെയാണെങ്കിലും രാഷ്ട്രീയമായ തീരുമാനം തന്നെയാണ്. അതുകൊണ്ട് പ്ലാച്ചിമട പ്രശ്നം അവലോകനം ചെയ്യുന്നതിൽ രാഷ്ട്രീയ വിശകലനം ഒഴിവാക്കാനാകില്ല. കേരള രാഷ്ട്രീയത്തിലെ അഭിമാനകരമായ പരിപാടികളിലൊന്നായ ജനകീയാസൂത്രണ ഘട്ടത്തിലാണ് കൊക്കകോള പ്ലാച്ചിമടയിൽ സ്ഥാപിക്കപ്പെട്ടത് എന്നതും പ്ലാച്ചിമട പ്രശ്നത്തിന്റെ രാഷ്ട്രീയം പ്രാധാന്യമുള്ളതാക്കുന്നു. പ്ലാച്ചിമടയിലെ ഖരമാലിന്യ പ്രശ്നം കൈകാര്യം ചെയ്യപ്പെട്ടതിലും രാഷ്ട്രീയമായ തീരുമാനങ്ങൾ നിർണ്ണായകമായിരുന്നിട്ടുണ്ട്. അതുകൊണ്ട് പ്ലാച്ചിമടയിലെ വിഷമാലിന്യ പ്രശ്നത്തിന്റെ അവലോകനത്തിലും രാഷ്ട്രീയ വിശകലനം പ്രസക്തമാണെങ്കിലും ഇവിടെ അതുൾപ്പെടുത്തിയിട്ടില്ല. കേരളത്തിലെ ജനങ്ങളുടെ മുഴുവൻ ഭാവിജീവിതത്തെ ബാധിക്കുന്ന പ്രകൃതിവിഭവങ്ങളുടെ ഉപയോഗത്തിലെ നീതിയെ ഒരു കോർപ്പറേറ്റ് ശക്തി ലംഘിക്കുന്ന പ്രശ്നത്തെ അവലംബമാക്കി പ്രശ്നബാധിതർ നടത്തുന്ന സമരത്തിനിടയിൽ ഉന്നയിക്കപ്പെട്ട ഗുരുതരമായ ഒരു പൊതുജനാരോഗ്യ പ്രശ്നത്തെ ബന്ധപ്പെട്ട പൊതുസ്ഥാപനങ്ങൾ ഉത്തരവാദിത്വത്തോടെ തന്നെയാണോ കൈകാര്യം ചെയ്തത് എന്നു മാത്രമേ ഈ അവലോകനത്തിൽ പരിഗണിക്കുന്നുള്ളൂ. പൊതുസ്ഥാപനങ്ങളുടെ ഉത്തരവാദിത്വ നിർവ്വഹണം, യഥാർത്ഥത്തിൽ രാഷ്ട്രീയാന്തരീക്ഷവുമായി അഭേദ്യമായി ഉൾച്ചേർന്നതാണ് എന്നുണ്ടെങ്കിലും അവലോകനത്തിന്റെയും പ്രതിരോധത്തിന്റെയും പ്രായോഗിക സൗകര്യത്തിനു വേണ്ടി പൊതുസ്ഥാപനങ്ങളുടെ ഉത്തരവാദിത്വ നിർവ്വഹണത്തെ മാത്രമായി വേർതിരിച്ച് പരിശോധിക്കുകയാണിവിടെ. പ്ലാച്ചിമടയിലെ ഖരമാലിന്യ പ്രശ്നത്തിന്റെ രാഷ്ട്രീയ വിശകലനത്തിന്റെ തലങ്ങൾ തൽക്കാലം മാറ്റി വെയ്ക്കുന്നു.

പ്ലാച്ചിമട കൊക്കകോള കമ്പനിയിലെ ഖരമാലിന്യത്തിൽ വിഷവസ്തുക്കളുണ്ടെന്ന് 2003 ജൂലൈ 25 ന് ആദ്യമായി ബി.ബി.സി. റേഡിയോ 4 വെളിപ്പെടുത്തിയത് കേരളത്തിലെ മാധ്യമങ്ങൾ വലിയ പ്രാധാന്യത്തോടെ തന്നെ പ്രസിദ്ധപ്പെടുത്തി. എങ്കിലും എന്തുകൊണ്ട് ബി.ബി.സി. പ്ലാച്ചിമട

യിൽ വന്നു എന്ന ചോദ്യം പലരും ഉന്നയിക്കുകയുണ്ടായി. ലഘുപാനീയ വ്യവസായത്തിലെ ആഗോളമത്സരത്തിൽ ഏതെങ്കിലും കക്ഷികളുടെ താൽപ്പര്യപ്രകാരമായിരിക്കണം ബി.ബി.സി. പ്ലാച്ചിമടയിൽ എത്തിയത് എന്നാണ് ഒരു പക്ഷം. പക്ഷേ പെപ്സി പോലുള്ള കമ്പനികളിലും ഖരമാലിന്യത്തിൽ ഘനലോഹ മലിനീകരണമുണ്ടെന്ന് കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡും സംസ്ഥാന ബോർഡും പിന്നീട് കണ്ടെത്തിയത് ഈ സംശയത്തെ ദുർബ്ബലപ്പെടുത്തി. പ്ലാച്ചിമട കൊക്കകോള കമ്പനിയിലെ ഖരമാലിന്യത്തിൽ വിഷാംശങ്ങളുണ്ടാകാനിടയുണ്ട് എന്ന് രഹസ്യമായി അറിഞ്ഞശേഷം അത് വെളിപ്പെടുത്താനാകണം സമരം ചെയ്യുന്നവർ ഉന്നയിച്ച കുടിവെള്ള മലിനീകരണ പ്രശ്നവും ജലചൂഷണപ്രശ്നവും മാറ്റിവെച്ച് ഖരമാലിന്യപ്രശ്നം മാത്രം രാസപരിശോധനയ്ക്ക് വിധേയമാക്കി ബി.ബി.സി. വാർത്ത പ്രക്ഷേപണം ചെയ്തത് എന്ന അഭിപ്രായവും വന്നു. ബി.ബി.സിയുടെ വരവിലും കണ്ടെത്തലിലും ആസൂത്രിതമായ ഒന്നുമില്ലെന്നും യാദൃച്ഛികമായ കണ്ടെത്തലുകൾ തന്നെയാണെന്നുമാണ് ബി.ബി.സി. ലേഖകനുമായി സഹകരിച്ച സി. ആർ. ബിജോയി വ്യക്തിപരമായ സംഭാഷണത്തിൽ അഭിപ്രായപ്പെട്ടത്.

ബി.ബി.സി. പ്ലാച്ചിമടയിൽ വന്നത് എന്തുകൊണ്ടായാലും ഇന്ത്യയിലെ ലഘുപാനീയ വ്യവസായത്തിൽ ഘനലോഹ മലിനീകരണ സാദ്ധ്യതകളുണ്ടെന്ന് പൊതുസമൂഹത്തിന് ബോദ്ധ്യമാകാനും മലിനീകരണ നിയന്ത്രണ ബോർഡ് പോലുള്ള വിദഗ്ദ്ധ സ്ഥാപനങ്ങൾ ഔപചാരികമായി ഇത് അംഗീകരിക്കാനും ഈ റേഡിയോ പ്രക്ഷേപണം ഇടയാക്കി.

ലഘുപാനീയ വ്യവസായങ്ങളിൽ വിഷമാലിന്യം കണ്ടെത്തിയതിനോട് ദേശീയ തലത്തിലുണ്ടായ പ്രതികരണം ഉത്തരവാദിത്വപൂർണ്ണമായിരുന്നുവെന്ന് പറയാം. 2003 ആഗസ്റ്റിൽ ലഘുപാനീയങ്ങളിലെ കീടനാശിനികളെകുറിച്ച് അന്വേഷിക്കാൻ രൂപീകരിക്കപ്പെട്ട ജെ.പി.സി. അവരുടെ പരിധിയിലുള്ള വിഷയമല്ലാതിരുന്നിട്ടും വേണ്ടത്ര ഗൗരവത്തോടെ പ്ലാച്ചിമടയിലെ ഖരമാലിന്യ പ്രശ്നം പരിഗണിച്ചു. മാത്രമല്ല ഈ പ്രശ്നത്തെ സംബന്ധിച്ച് നിലവിലുണ്ടായിരുന്ന സുപ്രീം കോടതി മോണിറ്ററിംഗ് കമ്മിറ്റിയുടെ പരിധിയിൽ പ്ലാച്ചിമടയിലെ പ്രശ്നം കൂടി ഉൾപ്പെടുത്തുകയും ചെയ്തു. ഇതേത്തുടർന്ന് സുപ്രീം കോടതി മോണിറ്ററിംഗ് കമ്മിറ്റി അംഗങ്ങൾ ശുഷ്കാന്തിയോടെ പ്ലാച്ചിമട സന്ദർശിക്കുകയും പ്ലാച്ചിമടയിലെ വിഷമാലിന്യ പ്രശ്നം ശരിവെയ്ക്കുകയും തുടർനടപടികൾക്ക് കേരള മലിനീകരണ നിയന്ത്രണ ബോർഡിന് നിർദ്ദേശങ്ങൾ കൊടുക്കുകയും ചെയ്തു. കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡും ബി.ബി.സി. വെളിപ്പെടുത്തൽ കഴിഞ്ഞ് 2 മാസത്തിനുള്ളിൽ പ്ലാച്ചിമട സന്ദർശിച്ച് ഫാക്ടറി പരിശോധന നടത്തി. പ്ലാച്ചിമടയിലെ ഖരമാലിന്യത്തിൽ വിഷവസ്തുക്കളുണ്ടെന്ന് ശരിവെയ്ക്കുകയും സംസ്ഥാന ബോർഡിന് ഇതനുസരിച്ച നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

**ബി.ബി.സി. പ്ലാച്ചിമടയിൽ വന്നത് എന്തുകൊണ്ടായാലും ഇന്ത്യയിലെ ലഘുപാനീയ വ്യവസായത്തിൽ ഘനലോഹ മലിനീകരണ സാദ്ധ്യതകളുണ്ടെന്ന് പൊതുസമൂഹത്തിന് ബോദ്ധ്യമാകാനും മലിനീകരണ നിയന്ത്രണബോർഡ് പോലുള്ള വിദഗ്ദ്ധ സ്ഥാപനങ്ങൾ ഔപചാരികമായി ഇത് അംഗീകരിക്കാനും ഈ റേഡിയോ പ്രക്ഷേപണം ഇടയാക്കി.**


കെ. അജിതയുടെ നേതൃത്വത്തിൽ സ്ത്രീവേദി പ്രവർത്തകർ പ്ലാച്ചിമടയിൽ

സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പ്ലാച്ചിമടയിലെ ഖരമാലിന്യ പ്രശ്നത്തിൽ എടുത്ത നിലപാടുകൾ ചിലപ്പോൾ ധീരവും ചിലപ്പോൾ നിരുത്തരവാദിത്വപരവുമാണെന്നാണ് രേഖകൾ കാണിക്കുന്നത്. പ്ലാച്ചിമടയിലെ ഖരമാലിന്യപ്രശ്നം ബി.ബി.സി. റേഡിയോ റിപ്പോർട്ട് ചെയ്ത് ഒരാഴ്ചക്കകം കേരള മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ നിർദ്ദേശിച്ചതനുസരിച്ച് പാലക്കാട് ഓഫീസിൽ നിന്നുള്ളവർ കമ്പനിയിലെ ഖരമാലിന്യം പരിശോധിച്ചപ്പോൾ ബി.ബി.സിയുടെ കണ്ടെത്തൽ ശരിവെയ്ക്കുകയാണുണ്ടായത്. ഇതനുസരിച്ച് മെമ്പർ സെക്രട്ടറി 7-8-2003 ന് പ്ലാച്ചിമട കൊക്കകോള കമ്പനിയിലെ ഖരമാലിന്യം അപകടകരമായ മാലിന്യ നിയമത്തിന്റെ പരിധിയിൽ വരുന്നതാണെന്ന് അറിയിച്ച് കമ്പനിക്ക് കത്ത് നൽകി. ഉത്തരവാദിത്വ പൂർണ്ണമായ നടപടിയാണിതെന്ന് കരുതാം. പിന്നീട് മെമ്പർ സെക്രട്ടറിയുടെ നേതൃത്വത്തിൽ വിശദമായ പഠനത്തിനൊരുങ്ങി എന്നതും അഭിനന്ദനാർഹം തന്നെ. പക്ഷേ മെമ്പർ സെക്രട്ടറിയുടെ വിശദമായ പഠനം വളരെയേറെ അപൂർണ്ണവും നിഗമനങ്ങൾ വസ്തുതാവിരുദ്ധവും ആയാണ് 2003 സെപ്തംബറിൽ പുറത്തിറക്കിയ വിശദ പഠന റിപ്പോർട്ടിന്റെ സൂക്ഷ്മവായനയിൽ കാണുന്നത്. മെമ്പർ സെക്രട്ടറിയുടെ, വിശദ പഠന റിപ്പോർട്ടിലെ നിഗമനങ്ങൾ കോക്കകോള കമ്പനിയോട് പക്ഷപാതിത്വപരമായതാണ് എന്ന് അനുമാനിക്കുന്നതിനാസ്പദമായ ചില കാര്യങ്ങളാണ് ഇനി ഇവിടെ വിശദമാക്കുന്നത്.

ഏഴ് ഉദ്ദേശ്യങ്ങൾ വെച്ചാണ് മെമ്പർ സെക്രട്ടറി പ്ലാച്ചിമട കോക്കകോള കമ്പനിയിലെ ഖരമാലിന്യ പ്രശ്നത്തിന്റെ വിശദമായ പഠനം ആരംഭിച്ചത് എന്ന് ഈ കുറിപ്പിന്റെ ഒന്നാം ഭാഗത്തിൽ പറയുന്നുണ്ടല്ലോ. പക്ഷെ റിപ്പോർട്ട് മുഴുവൻ വായിച്ചാലും ഏഴ് ഉദ്ദേശ്യങ്ങളിൽ ഒന്നുപോലും പൂർത്തീക




രിച്ചതായി കാണാനാകുന്നില്ല.

ഉദ്ദേശം 1 ൽ പ്രസ്താവിക്കുന്നതിനനുസരിച്ച് ഘന ലോഹ മലിനീകരണത്തിന്റെ സ്രോതസ്സ് കമ്പനി ഉത്പാദനത്തിന് ഉപയോഗിക്കുന്ന വെള്ളമല്ല എന്ന് മെമ്പർ സെക്രട്ടറിയുടെ പഠനത്തിൽ കണ്ടെത്തി എന്നത് ശരിതന്നെ. ഉത്പാദന പ്രക്രിയയിലെ ഘനലോഹമലിനീകരണ സ്രോതസ്സ് കണ്ടുപിടിക്കുന്നത് പ്രഖ്യാപിതമായ മുഖ്യോദ്ദേശ്യമായിരുന്നിട്ടും മലിനീകരണ സ്രോതസ്സ് അറിയാൻ മറ്റ് അസംസ്കൃത വസ്തുക്കൾ പരിശോധിക്കാൻ ബോർഡംഗങ്ങൾക്ക് കഴിയാതെ പോയത് എന്തുകൊണ്ട് എന്ന് സെക്രട്ടറി പക്ഷേ വ്യക്തമാക്കുന്നില്ല. കേരള മലിനീകരണ നിയന്ത്രണ ബോർഡിന്റെ ധനപരമായ കുറവാണോ, ബോർഡിന്റെ വൈദഗ്ദ്ധ്യത്തിന്റെ അപര്യാപ്തതയാണോ, കേരള ഗവൺമെന്റിന്റെ പിന്തുണയില്ലായ്മയാണോ, കമ്പനിയധികൃതർ അസംസ്കൃത വസ്തുക്കൾ ബോർഡംഗങ്ങൾക്ക് നൽകുവാൻ വിസമ്മതിച്ചാണോ? ഇവയൊന്നുകൊണ്ടുമല്ലെങ്കിൽ കമ്പനിയുടെ മറ്റ് അസംസ്കൃത പദാർത്ഥങ്ങൾ ഘനലോഹ മലിനീകരണമുണ്ടാക്കുന്നുണ്ടോയെന്ന് പരിശോധിക്കാതെ എന്തുകൊണ്ടാണ് മെമ്പർ സെക്രട്ടറി ഈ പഠനത്തിലെ ഉദ്ദേശ്യങ്ങൾ അപൂർണ്ണമാക്കി വിട്ടത്?

ഉദ്ദേശം 2 ഉത്പാദനത്തിലെ മുഖ്യ അസംസ്കൃത പദാർത്ഥമായ വെള്ളത്തിന്റെ ഗുണനിലവാരം പഠിക്കുക എന്നാണ്. കമ്പനി 6 കുഴൽ കിണറുകളിലെയും 2 തുറന്ന കിണറുകളിലെയും വെള്ളം ഉപയോഗിക്കുന്നതായി പറയുന്നു. അപ്പോൾ ഓരോ കിണറിലെയും വെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കേണ്ടതായിരുന്നില്ലേ? ഇതിന് അദ്ദേഹത്തെ അശക്തമാക്കിയതെന്താകാം എന്ന് വ്യക്തമല്ല. കമ്പനിക്കകത്തെ ഓരോ കിണറിലെയും വെള്ളം പ്രത്യേകം പരിശോധിക്കാതിരിക്കുകയും പക്ഷേ അതുമായി ബന്ധപ്പെട്ട ചില നിഗമനങ്ങൾ റിപ്പോർട്ടിൽ അദ്ദേഹം പ്രസ്താവിക്കുകയും ചെയ്തിരിക്കുന്നു. സെപ്തംബർ 2003 പഠന റിപ്പോർട്ടിലെ ഖണ്ഡിക 10.4 ൽ കമ്പനിയുടെ അസംസ്കൃത ജലത്തിലെ ഘനത്വം (hardness) കമ്പനിക്ക് പുറത്തുള്ള കിണറുകളിലെ ഘനത്വത്തേക്കാൾ കുറവാണെന്ന് അദ്ദേഹം താരതമ്യപ്പെടുത്തുന്നു. മാത്രമല്ല കമ്പനിക്ക് പുറത്തെ കിണറുകളിലെ ഉയർന്ന ഘനത്വം പ്രകൃതിദത്തമാകാമെന്നും അദ്ദേഹം വ്യാഖ്യാനിക്കുന്നു. പക്ഷേ ഇതേ കാലഘട്ടത്തിൽ തന്നെ കേന്ദ്ര ഭൂജലബോർഡും കേരള ഭൂജലവകുപ്പും നടത്തിയ പഠനത്തിൽ കമ്പനിക്കകത്തെ തുറന്ന കിണറുകളിലെ വെള്ളത്തിന്റെ ശരാശരി ഘനത്വം 1500 മി.ഗ്രാം/ലിറ്റർ ആണെന്ന് കേരള ഭൂജല ബോർഡിന്റെ 2003 സെപ്തംബറിലെയും കേരള ഭൂജലവകുപ്പിന്റെ 2003 നവംബറിലെയും പഠന റിപ്പോർട്ടുകളിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ഇവിടെയാണ് കേരള മലിനീകരണ നിയന്ത്രണ മെമ്പർ സെക്രട്ടറിയുടെ സെപ്തംബർ 2003 പഠനത്തിലെ അപാകതകൾ അശ്രദ്ധകൊണ്ടായിരിക്കണമെന്നില്ല. ആർജ്ജവക്കുറവുകൊണ്ടാകാം എന്ന സംശയം ജനിപ്പിക്കുന്നത്. ഫലത്തിൽ ഈ ആർജ്ജവക്കുറവ് കമ്പനിക്ക് അനുകൂലമായിത്തീരുകയും ചെയ്യുന്നതായാണ് ഖണ്ഡിക 10.4 ലെ വ്യാഖ്യാനങ്ങളിൽ നിന്ന് വ്യക്തമാകുന്നത്.

ഉദ്ദേശ്യം 3 കമ്പനിയിലെ മാലിന്യ സംസ്കരണ പ്രക്രിയയും ഖരവസ്തുക്കളുടെ നിർമ്മാർജ്ജന രീതികളും പഠിക്കുക എന്നതാണ്. കമ്പനിക്ക് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ലഭിച്ചിരിക്കുന്നത് ഫാക്ടറിയിൽ നിന്നുള്ള പാഴ്ജലം ഭൂമിയിലേക്ക് ഒഴുക്കി വിടുന്നതിനാണ് (to discharge into land for irrigation). ഇതനുസരിച്ച് കമ്പനിയുടെ ഖരമാലിന്യം വേർതിരിച്ചോ അല്ലാതെയോ ഫാക്ടറിയുടെ പരിസരത്തുതന്നെ നിർമ്മാർജ്ജനം ചെയ്യാൻ കമ്പനിയ്ക്ക് നിയമപരമായി അവകാശമുണ്ട്. കമ്പനി അങ്ങനെ ചെയ്യുന്നുണ്ടെങ്കിൽ ഫാക്ടറിക്കകത്തെ മണ്ണിൽ ഘനലോഹമലിനീകരണം ഉണ്ടാകാനിടയില്ലേ? ഇത് പരിശോധിക്കേണ്ടതായിരുന്നില്ലേ? മെമ്പർ സെക്രട്ടറിയുടെ വിശദപഠനത്തിൽ കമ്പനിയിൽ ഇതുവരെയെത്ര ഖരമാലിന്യം ഉൽപാദിപ്പിക്കപ്പെട്ടിട്ടുണ്ടെന്നും അവ എവിടെയൊക്കെ നിർമ്മാർജ്ജനം ചെയ്തിരിക്കുന്നുവെന്ന വിവരങ്ങളും ശേഖരിക്കേണ്ടതായിരുന്നില്ലേ? ഉദാഹരണത്തിന്, പ്ലാച്ചിമട-കോക്കകോള കമ്പനിയിൽനിന്ന് ഖരമാലിന്യങ്ങൾ തമിഴ്നാട്ടിലേക്ക് കൊണ്ടുപോകുന്നതായി കേരള മലിനീകരണ നിയന്ത്രണ ബോർഡിന്റെ രേഖകളിൽതന്നെ കാണുന്നുണ്ട് (പി.സി.ബി./പി.എൽ.കെ.ഡി./ഡബ്ലിയു-217/2001, തിയ്യതി 30-10-2002).

മാത്രമല്ല കമ്പനിയുടെ ഖരമാലിന്യത്തിൽ ഘനലോഹങ്ങൾ അനുവദനീയമായ പരിധിയിലുമധികം ഉണ്ടെന്ന് ബി.ബി.സി.യുടെ റിപ്പോർട്ടിലും ബോർഡിന്റെ പാലക്കാട് ഓഫീസിൽനിന്നുള്ള പരിശോധനയിലും കണ്ടെത്തിയ ശേഷവും പരിസരവാസികൾ കമ്പനി മൂലം കിണറുകൾ മലിനീകരിക്കപ്പെട്ടുവെന്ന് ഉന്നയിച്ച് ഒന്നര വർഷമായി സമരം നടക്കുന്ന പശ്ചാത്തലങ്ങളിലുമാണ് മെമ്പർ സെക്രട്ടറി വിശദമായ പഠനത്തിനായി പ്ലാച്ചിമട കമ്പനിയിലെ പാഴ്ജല സംസ്കരണവും നിർമ്മാർജ്ജന രീതിയും പഠിക്കാനൊരുങ്ങുന്നത്. കമ്പനിയുടെ പാഴ്ജല സംസ്കരണ പ്രക്രിയയുടെ വെറുമൊരു വിവരണം കൊണ്ട് മാത്രം പ്രശ്നബാധിതർ ഉന്നയിച്ച പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കാനുള്ള വിവരങ്ങൾ

ലഭിക്കുമോ? പരിഹാര നിർദ്ദേശത്തിന് ശേഖരിക്കേണ്ട വിവരങ്ങൾ എന്ത് എന്ന് പോലും റിപ്പോർട്ടിൽ വ്യക്തമായി പറയുന്നില്ല. മാത്രമല്ല 29-9-03 ൽ റിപ്പോർട്ട് പുറത്തിറക്കുമ്പോൾ പ്ലാച്ചിമട വിജയനഗർ കോളനിയിലെ പഞ്ചായത്ത് കിണറിലെ വെള്ളത്തിൽ അനുവദനീയമായ പരിധിയിലും അധികം കാഡ്മിയം ഉണ്ടെന്ന് മെമ്പർ സെക്രട്ടറിക്ക് അറിയാം. ഇത് ചെറിയ വർദ്ധനവേയുള്ളൂവെന്നാണ് മെമ്പർ സെക്രട്ടറി വ്യാഖ്യാനിക്കുന്നത്. എങ്കിലും പരിസരത്ത് പരിശോധിച്ച മറ്റ് 5 കിണറുകളിലും ഇല്ലാതെ പഞ്ചായത്ത് കിണറിൽ മാത്രം ഉയർന്ന അളവിൽ കാഡ്മിയം കണ്ടെത്തിയത് കമ്പനിയുടെ മാലിന്യ നിർമ്മാർജ്ജന രീതികളുമായി ബന്ധപ്പെടുത്തി പരിശോധിച്ച് പരിസരവാസികളുടെ സംശയം നീക്കാൻ മെമ്പർ സെക്രട്ടറി ബാദ്ധ്യസ്ഥനല്ലേ? അതേസമയം ഇതേക്കാളും പ്രസക്തി കുറഞ്ഞ പരിശോധനാഫലങ്ങൾ കണ്ടെത്തിയ ചെന്താമരയുടെ കൃഷിയിടത്തിൽ (ഖണ്ഡിക 10.02) ഖരമാലിന്യത്തിലെ ഘനലോഹവും പരിസരത്തെ ഭൂജല മലിനീകരണവും തമ്മിലുള്ള ബന്ധം കണ്ടെത്താൻ വിശദമായ ലീച്ചബിലിറ്റി പഠനം വേണ്ടിവരുമെന്ന് മെമ്പർ സെക്രട്ടറി നിർദ്ദേശിക്കുകയും ചെയ്യുന്നു. എന്തുകൊണ്ടാണ് പ്ലാച്ചിമട കമ്പനി പരിസരത്ത് ഖരമാലിന്യം തങ്ങൾ നിക്ഷേപിക്കാറുണ്ടെന്ന് കമ്പനി തന്നെ പറഞ്ഞിട്ടും 40 ഓളം കുടുംബങ്ങൾ ഉപയോഗിക്കുന്ന പരിസരത്തെ പഞ്ചായത്ത് കിണറിൽ കാഡ്മിയം അളവ് അനുവദനീയമായ പരിധിയിലും അധികം കണ്ടെത്തിയിട്ടും വിശദമായ ഒരു ലീച്ചബിലിറ്റി പഠനത്തിന് മുതിരുവാനോ ഭാവി പഠനത്തിനായി നിർദ്ദേശിക്കുവാനോ മെമ്പർ സെക്രട്ടറി തയ്യാറാകാതിരുന്നത്? ലോകോത്തരമായ പാഴ്ജല ശുദ്ധീകരണ പ്ലാന്റ് ഉണ്ടെന്ന് അവകാശപ്പെടുന്ന കോക്കകോള കമ്പനിയുടെ മാലിന്യ നിർമ്മാർജ്ജന രീതിയിൽ അപാകതകളുണ്ടോയെന്നറിയാൻ ഈ പരിശോധന ആവശ്യമായിരുന്നില്ലേ? പ്ലാച്ചിമട-കോക്കകോള കമ്പനിയിലെ മലിനീകരണ പ്രശ്നത്തെക്കുറിച്ച് കേരള മലിനീകരണ നിയന്ത്രണ ബോർഡിന് മുതലമടയിലെ ഹരിത ഡെവലപ്മെന്റ് അസോസിയേഷൻ നല്കിയ പരാതിയിൽ ബോർഡിന്റെ പാലക്കാട് ഓഫീസിൽനിന്നുള്ള മറുപടിയിൽ (30-10-2002) കമ്പനിയുടെ പാഴ്ജല ശുദ്ധീകരണ പ്ലാന്റ് തുടർച്ചയായി പ്രവർത്തിപ്പിക്കുവാൻ കമ്പനിക്ക് നിർദ്ദേശങ്ങൾ കൊടുക്കാമെന്നു പറയുന്നു. ഇതിനർത്ഥം പാഴ്ജല ശുദ്ധീകരണ പ്ലാന്റ് ഉണ്ടെങ്കിലും കമ്പനി അത് പ്രവർത്തിപ്പിച്ചുകൊള്ളണമെന്നില്ല എന്നാണല്ലോ?

ഇനി മെമ്പർ സെക്രട്ടറി പ്ലാച്ചിമടയിൽ ലീച്ചബിലിറ്റി പഠനത്തിന് മുതിർന്നാലും കോക്കകോള എതിർവാദങ്ങളുമായി വരാം. ഉദാഹരണത്തിന് പ്ലാച്ചിമട കോക്കകോള കമ്പനി മൂലമാണ് പരിസരത്തെ വിജയനഗർ കോളനിയിലെ വെള്ളത്തിൽ ടി.സി.എസ്. വർദ്ധിച്ചതെന്ന 2005 മെയ് 16 ലെ 'ഔട്ട്ലുക്ക്' വാരികയുടെ റിപ്പോർട്ടിന് കോക്കകോളയുടെ ഹൈഡ്രോജിയോളജിസ്റ്റ് ഔട്ട്ലുക്ക് 2005 ജൂൺ 6 ലക്കത്തിൽ മറുപടിയെഴുതിയിരുന്നു. പ്ലാച്ചിമട കോക്കകോള കമ്പനിയും വിജയനഗർ കോളനിയും ഒരേ നീർത്തടത്തിന്റെ രണ്ട് വരമ്പു (ridge) കളിലാണെന്നും അതുകൊണ്ട് കമ്പനിയിലെ പാഴ്ജലം ആ കിണറുകളിലേക്ക് ഒലിച്ചിറങ്ങില്ല എന്നുമാണ് മറുപടി കത്തിൽ പറയുന്നത്. എന്നാൽ പ്ലാച്ചിമട കമ്പനിക്കകത്ത് തൊഴിൽ ചെയ്തിരുന്ന തൊഴിലാളികൾ പറയുന്നത്

**എന്തുകൊണ്ടാണ് പ്ലാച്ചിമട കമ്പനി പരിസരത്ത് ഖരമാലിന്യം തങ്ങൾ നിക്ഷേപിക്കാറുണ്ടെന്ന് കമ്പനി തന്നെ പറഞ്ഞിട്ടും 40 ഓളം കുടുംബങ്ങൾ ഉപയോഗിക്കുന്ന പരിസരത്തെ പഞ്ചായത്ത് കിണറിൽ കാഡ്മിയം അളവ് അനുവദനീയമായ പരിധിയിലും അധികം കണ്ടെത്തിയിട്ടും വിശദമായ ഒരു ലീച്ചബിലിറ്റി പഠനത്തിന് മുതിരുവാനോ ഭാവി പഠനത്തിനായി നിർദ്ദേശിക്കുകവാനോ മെമ്പർ സെക്രട്ടറി തയ്യാറാകാതിരുന്നത്? ലോകോത്തരമായ പാഴ്ജല ശുദ്ധീകരണ പ്ലാന്റ് ഉണ്ടെന്ന് അവകാശപ്പെടുന്ന കോക്കോകോള കമ്പനിയുടെ മാലിന്യ നിർമ്മാർജ്ജന രീതിയിൽ അപാകതകളുണ്ടോയെന്നറിയാൻ ഈ പരിശോധന ആവശ്യമായിരുന്നില്ലേ?**

കമ്പനിയധികൃതർ കമ്പനി വളപ്പിൽ കുഴിച്ച് വെള്ളം കിട്ടാതെ ഉപേക്ഷിച്ച കുഴൽകിണറുക്കളിലേക്ക് കമ്പനിയിൽ നിന്നുള്ള പാഴ്ജലം സംസ്കരിക്കാതെ പമ്പ് ചെയ്ത് അടിച്ചുകയറ്റിയിരുന്നു എന്നാണ്. ഇത് ശരിയാണെങ്കിൽ ലാഭക്കൊതി മൂത്ത കോളയുടെ കോർപ്പറേറ്റ് ക്രിമിനൽ വാസനയാണ് ഇവിടെ വെളിപ്പെടുന്നത്. പ്ലാച്ചിമട വിജയനഗർ കോളനിയിലെ പഞ്ചായത്ത് കിണറിലെ കാഡ്മിയം മലിനീകരണവും കമ്പനിയിലെ മാലിന്യനിർമ്മാർജ്ജനത്തിലെ ഈ ക്രിമിനൽ രീതികളും തമ്മിലുള്ള ബന്ധം പരിശോധിക്കാൻ മെമ്പർ സെക്രട്ടറിക്ക് ലീച്ചബിലിറ്റി സ്റ്റഡിമാത്രം നിർദ്ദേശിച്ചാൽ മതിയാകില്ല. മാലിന്യ നിർമ്മാർജ്ജനത്തിൽ കോർപ്പറേറ്റ് കമ്പനി അതിക്രമങ്ങൾ കാണിച്ചിരുന്നുവോ എന്നും പരിശോധിക്കേണ്ടിവരും. കൃഷിക്കാരെ തെറ്റിദ്ധരിപ്പിച്ച് മാലിന്യം വളമായി നൽകിയെന്നത് പോലെതന്നെ ചിറ്റൂർ പുഴയുടെ നദീതടത്തിൽ ഖരമാലിന്യം നിക്ഷേപിച്ചിരുന്നതും പരിശോധനാ വിഷയമാക്കേണ്ടതുണ്ട്.

ഉദ്ദേശ്യം 4 ഖരമാലിന്യം വളമായി നിക്ഷേപിച്ച സമീപ പ്രദേശങ്ങളിലെ മണ്ണ് പരിശോധിക്കുക എന്നതാണ്. ഇതനുസരിച്ച് മാണിക്യചെട്ടിയാർ, ചെന്താമര എന്നീ കർഷകരുടെ കൃഷിയിടങ്ങൾ മാത്രമാണ് മെമ്പർ സെക്രട്ടറിയും സംഘവും പരിശോധിച്ചത്. കമ്പനി മൂലമുണ്ടായ ഘനലോഹമലിനീകരണത്തിന്റെ വ്യാപ്തി മുഴുവൻ അറിയണമെങ്കിൽ കമ്പനിയിലെ ഖരമാലിന്യം വളമായി നിക്ഷേപിച്ച എല്ലാ കൃഷിയിടങ്ങളും പരിശോധിക്കേണ്ടതല്ലേ? ഈ അവലോകന കുറിപ്പിന്റെ ആദ്യഭാഗത്ത് പറയുന്നതുപോലെ കോക്കകോള കമ്പനി തങ്ങളുടെ ഖരമാലിന്യം കമ്പനി പരിസരത്തുതന്നെ വളമായി ഉപയോഗിച്ചുവന്നിരുന്നുവെന്നും അതിന്റെ മികവ് കണ്ട് പ്രദേശത്തെ കർഷകർക്ക് മോഹമുദിച്ച് അവർ ആവശ്യപ്പെട്ടപ്പോൾ തങ്ങൾ 4 പേർക്ക് മാത്രം ദാനം ചെയ്തുവെന്നും ജെ.പി.സി.ക്കുള്ള റിപ്പോർട്ടിൽ പറയുന്നുണ്ടല്ലോ. അപ്പോൾ കമ്പനി പരിസരത്ത് വളമായി നിക്ഷേപിച്ചിടത്തും മണ്ണു പരിശോധന ആവശ്യമല്ലേയെന്ന് മുകളിൽ സൂചിപ്പിച്ചു. വളമായി നിക്ഷേപിച്ച കൃഷിയിടങ്ങളിലെ മണ്ണ് പരിശോധിക്കുന്നത് പ്രസ്താവിക്കപ്പെട്ട ഉദ്ദേശ്യ



ഫോട്ടോ: സി.ആർ. ഗിരീഷ്

മായിരുന്നിട്ടും മാണിക്യചെട്ടിയാരുടെ കൃഷിയിടത്തിലെ മണ്ണ് മാത്രമാണ് ഈ പഠനത്തിൽ പരിശോധിച്ചത്. മാത്രമല്ല മാണിക്യചെട്ടിയാരുടെ കൃഷിയിടത്തിൽ ഖരമാലിന്യം നിക്ഷേപിച്ച മണ്ണിൽ കാഡ്മിയത്തിന്റെ അളവ് 20.8 മി.ഗ്രാം/കി.ഗ്രാം ആണെന്ന് പട്ടിക ഒന്നിൽ കാണുന്നു. കമ്പോസ്റ്റായി ഉപയോഗിക്കാവുന്ന വസ്തുക്കളിൽ കാഡ്മിയത്തിന്റെ അനുവദനീയമായ ഉയർന്ന പരിധി 5 മി.ഗ്രാം/കി.ഗ്രാം ആണെന്നിരിക്കെ മാണിക്യചെട്ടിയാരുടെ കൃഷിയിടത്തിലെ മണ്ണിൽ കമ്പനിയിലെ ഖരമാലിന്യ നിക്ഷേപം മൂലം കാഡ്മിയം മലിനീകരണം ഉണ്ട് എന്നതിന് തെളിവല്ലേ? ഇത് ഒരു സാമ്പിൾ ആയി കണക്കാക്കിയാൽ ഖരമാലിന്യം നിക്ഷേപിച്ച മറ്റു കൃഷിയിടങ്ങളിലെ മണ്ണും മലിനപ്പെട്ടിരിക്കാനുള്ള സാദ്ധ്യത കൂടുതലല്ലേ? ഇത് സൂചിപ്പിക്കുന്നത് പ്ലാച്ചിമടയിൽ കമ്പനിയിൽനിന്നുള്ള ഖരമാലിന്യം നിക്ഷേപിച്ച എല്ലാ കൃഷിയിടങ്ങളിലെ മണ്ണും കുടിവെള്ളവും പരിശോധിക്കാൻ പ്രേരിപ്പിക്കുന്നതിന് മതിയായ തെളിവ് മെമ്പർ സെക്രട്ടറിയുടെ ഈ വിശദപഠനം നൽകുന്നുവെന്നല്ലേ? പ്ലാച്ചിമടയിലെ ഖരമാലിന്യ പ്രശ്നത്തിന്റെ വ്യാപ്തി പരിശോധിക്കാൻ വിശദപഠനത്തിൽ തന്നെ ഇത് പൂർത്തീകരിക്കേണ്ടിയിരുന്നില്ലേ? മാത്രമല്ല മാലിന്യം വളമായി നിക്ഷേപപിച്ച കൃഷിയിടങ്ങളിൽ ഒരു കിണറിലെ വെള്ളം മാത്രമാണ് ഈ പഠനത്തിൽ പരിശോധിച്ചത് (മാണിക്യചെട്ടിയാർ). അതിൽ തന്നെ കുടിവെള്ളത്തിന് കാഡ്മിയത്തിന്റെ അനുവദനീയമായ പരിധിയുടെ ഉയർന്ന അളവായ 0.01 മി.ഗ്രാം/ലി. കണ്ടെത്തുകയും ചെയ്തു. ഇത് സൂചിപ്പിക്കുന്നത് ഖരമാലിന്യം നിക്ഷേപിച്ച മറ്റ് കൃഷിയിടങ്ങളിലും കുടിവെള്ളം ഘനലോഹങ്ങളാൽ മലിനപ്പെട്ടിരിക്കാനുള്ള സാദ്ധ്യത കൂടുതലുണ്ട് എന്നല്ലേ? ഈ ഒരു സൂചന ലഭിച്ചതുകൊണ്ടുതന്നെ പ്ലാച്ചിമടയിലെ കോക്കകോള കമ്പനിയിൽനിന്നുള്ള ഖരമാലിന്യം നിക്ഷേപിച്ച എല്ലാ കൃഷിയിടങ്ങളിലെയും കിണറുകളും ഘനലോഹ മലിനീകരണത്തിന് പരിശോധിക്കേണ്ടതല്ലേ? പ്ലാച്ചിമടയിലെ ഘനലോഹമലിനീകരണത്തിന്റെ തീവ്രത മനസ്സിലാക്കാൻ ഇതാവശ്യമല്ലേ?

ഉദ്ദേശ്യം 5 പറയുന്നത് കമ്പനിയിൽ ഉണ്ടാക്കപ്പെടുന്ന മാലിന്യത്തിൽ ബി.ബി.സി. റിപ്പോർട്ട് ചെയ്തപ്രകാരം ലെഡ്, കാഡ്മിയം തുടങ്ങിയ ഘനലോഹങ്ങൾ ഉയർന്ന അളവിൽ ഉണ്ടോയെന്ന് പരിശോധിക്കുക എന്നാണ്. മെമ്പർ സെക്രട്ടറിയുടെ പഠനത്തിന്റെ ആർജ്ജവത്തെക്കുറിച്ചുള്ള സംശയം ബലപ്പെടുത്താവുന്ന വിധത്തിലാണ് വിശദമായ പഠനത്തിൽ ഈ ഉദ്ദേശ്യം കൈകാര്യം ചെയ്തിരിക്കുന്നത്. 2003 ജൂലൈ 25 ന് ബി.ബി.സി. റിപ്പോർട്ട് വന്ന് ഒരാഴ്ച കഴിഞ്ഞുതന്നെ പാലക്കാട് ഓഫീസിൽനിന്നുള്ള ബോർഡുദ്യോഗസ്ഥർ കമ്പനിയിലെ ഖരമാലിന്യ സാമ്പിൾ ശേഖരിച്ച് ബോർഡിന്റെ തന്നെ കൊച്ചിയിലെ ലാബിൽ ഘനലോഹ പരിശോധന നടത്തി കാഡ്മിയത്തിന്റെ ഉയർന്ന അളവ് സ്ഥിരീകരിച്ചതാണ്.

പിന്നീട് ആഗസ്റ്റ് 5 നാണ് മെമ്പർ സെക്രട്ടറിയുടെ വിശദപഠനത്തിനുള്ള സാമ്പിൾ എടുക്കുന്നത്. ഈ സാമ്പിളിലെ പരിശോധനയിൽ ലഭിച്ച ഘനലോഹ അളവ് പഠനറിപ്പോർട്ടിലെ പട്ടിക 5 ൽ കൊടുത്തിരിക്കുന്നു. ഇതനുസരിച്ച് പ്ലാച്ചിമട കോക്കകോള കമ്പനിയിലെ ഖരമാലിന്യത്തിൽ ഘനലോഹങ്ങളുടെ സാന്നിദ്ധ്യം അനുവദനീയമായ പരിധിയിലും കുറവാണെന്ന് റിപ്പോർട്ടിൽ പറയുകയും ചെയ്യുന്നു. കേരള മലിനീകരണ നിയന്ത്രണ ബോർഡ് ജെ.പി.സി.ക്ക് കൊടുത്ത കുറിപ്പിൽ പറയുന്നതനുസരിച്ച് (ജെ.പി.സി. റിപ്പോർട്ട് പേജ് 76) സെപ്തംബർ 12 ന് കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡും, കേരളാ ബോർഡും പഠനം നടത്തിയതായി പറയുന്നു. ഈ പഠനത്തിൽ കമ്പനിയിൽനിന്നുള്ള വിവിധ സ്വഭാവങ്ങളിലുള്ള ഖരമാലിന്യത്തിന്റെ ഓരോ ഇനത്തിലും രണ്ട് സാമ്പിളുകൾ വീതം എടുക്കുകയും ഒരു സെറ്റ് സാമ്പിളുകൾ കേന്ദ്ര മലിനീകരണബോർഡ് ഉദ്യോഗസ്ഥർ കൊണ്ടുപോകുകയും രണ്ടാമത്തെ സെറ്റ് പാലക്കാട് ഓഫീസിലെ ഉദ്യോഗസ്ഥർ കേരള ബോർഡിന്റെ എറണാകുളം ലാബിൽ പരിശോധനയ്ക്ക് എത്തിക്കുകയും ചെയ്തിരുന്നതായി ബോർഡ് ഉദ്യോഗസ്ഥർ പറയുന്നു. സംയുക്ത പഠനത്തിൽ കേരള ബോർഡ് എറണാകുളം ലാബിൽ നടത്തിയ രാസപരിശോധനാഫലങ്ങളും കേന്ദ്ര ബോർഡ് ബാംഗ്ലൂർ ലാബിൽ നടത്തിയ രാസപരിശോധനാഫലങ്ങളും വലിയ വ്യത്യാസങ്ങളില്ലായിരുന്നുവെന്നും ബോർഡ് ഉദ്യോഗസ്ഥർ പറയുന്നു. 29-9-03 ന് വിശദപഠനത്തിന്റെ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുമ്പോൾ ഈ സംയുക്ത പരിശോധനയുടെ ഫലങ്ങൾ എറണാകുളം ലാബിൽനിന്ന് മെമ്പർ സെക്രട്ടറിക്ക് ലഭ്യമായിരിക്കില്ലേ? എന്തായാലും ഒരു പഠനത്തിൽ പരസ്പരവിരുദ്ധമായ പരിശോധനാഫലങ്ങൾ കണ്ടെത്തുമ്പോഴും പരിശോധനാഫലങ്ങളിൽ വലിയ വ്യതി

യാനം നിരീക്ഷിക്കുമ്പോഴും ഒക്കെ ശാസ്ത്രീയ പഠനത്തിന്റെ അംഗീകൃത രീതി ഒരേ സാമ്പിളിൽനിന്നുള്ള പരിശോധന പലപ്രാവശ്യം ഒരേ പരിശോധനരീതിയിൽ തന്നെ ആവർത്തിച്ചുനോക്കുക എന്നതാണ്. പ്ലാച്ചിമട കോക്കകോള ഖരമാലിന്യത്തിന്റെ മുൻപ് നടന്ന പരിശോധനാഫലങ്ങളിൽ നിന്ന് വ്യത്യസ്തമായ ഫലങ്ങൾ മെമ്പർ സെക്രട്ടറിയുടെ പഠനത്തിൽ കണ്ടെത്തിയിട്ടും ഈ വ്യതിയാനത്തെ ശാസ്ത്രീയ പഠനങ്ങളിൽ സാധാരണ അനുവർത്തിക്കാറുള്ള ആവർത്തന പരിശോധനകൾ മെമ്പർ സെക്രട്ടറിയുടെ പഠനത്തിൽ നടത്തിയതായി പഠനരീതിയെക്കുറിച്ചുള്ള ഖണ്ഡത്തിൽ പരാമർശിച്ചുകാണുന്നില്ല. പ്ലാച്ചിമട കോക്കകോള കമ്പനിയിലെ ഖരമാലിന്യപ്രശ്നത്തിൽ ബി.ബി.സി., കേരള ബോർഡിന്റെ പാലക്കാട് ഓഫീസ്, കേന്ദ്ര ബോർഡ്, കേന്ദ്ര-കേരളാ ബോർഡുകളുടെ സംയുക്ത പഠനം, മെമ്പർ സെക്രട്ടറിയുടെ വിശദപഠനം എന്നിങ്ങനെ 2003 ജൂലൈ-സെപ്തംബർ എന്നീ മൂന്ന് മാസത്തിനുള്ളിൽ നടന്ന അഞ്ച് പഠനങ്ങളിൽ മെമ്പർ സെക്രട്ടറിയുടെ വിശദപഠനത്തിൽ മാത്രമാണ് കാഡ്മിയം അളവ് അപകടകരമായ മാലിന്യ നിയമപ്രകാരമുള്ള പരിധിയിലും കുറവ് കാണുന്നത്. ഇതിനുള്ള വിശദീകരണമായി മെമ്പർ സെക്രട്ടറി ആകെ മാപ്പപേക്ഷപോലെ പറയുന്നത്, നിർദ്ദേശങ്ങൾ എന്ന് അവസാന ഖണ്ഡത്തിൽ, ഉത്പാദന വ്യതിയാനം എന്ന ഘടകത്തെക്കുറിച്ചാണ്. പക്ഷേ ഈ മാപ്പപേക്ഷ പോലും വസ്തുതകളുടെ പശ്ചാത്തലത്തിൽ നിലനിൽക്കുമെന്ന് തോന്നുന്നില്ല. പാലക്കാട് ഓഫീസിൽനിന്നുള്ള ഉദ്യോഗസ്ഥർ കമ്പനിയിൽനിന്ന് ഖരമാലിന്യസാമ്പിൾ ശേഖരിക്കുന്നത് 2003 ആഗസ്റ്റിലെ ആദ്യദിവസങ്ങളിലാണ്. മെമ്പർ സെക്രട്ടറി പ്ലാച്ചിമട കമ്പനിയിൽനിന്ന് ഖരമാലിന്യം ശേഖരിക്കുന്നതും 2003 ആഗസ്റ്റ് 5 നാണ്. കേന്ദ്ര മലിനീകരണ നിയന്ത്രണബോർഡ് ശേഖരിക്കുന്നത് 2003 സെപ്തംബർ 12 നാണ്. ഈ മൂന്ന് പരിശോധനകൾക്കിടയിൽ ഉത്പാദന രീതിയിൽ വ്യതിയാനങ്ങളുണ്ടായി എന്ന് കരുതുവാനുള്ള ന്യായങ്ങൾ വസ്തുതാപരമായി ഒന്നും മെമ്പർ സെക്രട്ടറിയുടെ റിപ്പോർട്ടിൽ പറയുന്നുമില്ല.

ഉദ്ദേശ്യം 6 പറയുന്നത് "കമ്പനിയിലെ ഖരമാലിന്യം അപകടകരമായ സ്വഭാവമുള്ളതാണോയെന്ന് പഠിക്കുകയും ഇവ പരിസ്ഥിതിക്ക് ആഘാതമുണ്ടാക്കാതെ എങ്ങനെ നിർമ്മാർജ്ജനം ചെയ്യണമെന്ന് കണ്ടെത്തുകയും ചെയ്യുക" എന്നാണല്ലോ. എങ്കിലും കമ്പനിയിലെ ഖരമാലിന്യം അപകടകരമായ മാലിന്യവിഭാഗത്തിൽ പെടാത്തതായി മെമ്പർ സെക്രട്ടറി കണ്ടെത്തുകയും കണ്ടെത്തിയ തോത് നിസ്സാരമായി മെമ്പർ സെക്രട്ടറി വിലയിരുത്തുകയും ചെയ്തതുകൊണ്ട് ഈ ഉദ്ദേശ്യം എളുപ്പത്തിൽ മാറ്റിവെയ്ക്കുവാൻ കഴിയുന്നതാണെന്ന് പറയാം.

മെമ്പർ സെക്രട്ടറിയുടെ പഠനത്തിലെ ആർജ്ജവത്തെ വീണ്ടും സംശയാസ്പദമാക്കുന്ന വിധത്തിലാണ് 7-ാമത്തെ ഉദ്ദേശ്യത്തിന്റെ പഠനഫലങ്ങൾ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. കമ്പനിയുടെ പരിസരത്തെ കിണറുകൾ ഘനലോഹങ്ങളാൽ മലിനീകരിക്കപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കാൻ കമ്പനിക്ക് ചുറ്റുമുള്ള കിണറുകളിൽനിന്ന് 6 കിണറുകളിലെ വെള്ളം പരിശോധിക്കുകയാണ് മെമ്പർ സെക്രട്ടറിയുടെ പഠനത്തിൽ ചെയ്തത്. ഇതിൽ വിജയനഗറിലുള്ള പഞ്ചായത്ത് കിണറിൽ കാഡ്മിയത്തിന്റെ അളവ് 0.02 മി.ഗ്രാം/ലി.

**വിജയനഗറിലുള്ള പഞ്ചായത്ത് കിണറിൽ കാഡ്മിയത്തിന്റെ അളവ് 0.02 മി.ഗ്രാം/ലി. ആണെന്ന് കണ്ടെത്തി. കുടിവെള്ളത്തിന്റെ നിലവിലുള്ള ഗുണനിലവാരമനുസരിച്ച് കാഡ്മിയത്തിന്റെ അനുവദനീയമായ പരിധി 0.01 മി.ഗ്രാം/ലി. ആണ്. എന്നിട്ടും ഈ പരിശോധനാ ഫലങ്ങളെ മെമ്പർ സെക്രട്ടറി ഖണ്ഡിക 10.4 ൽ വിലയിരുത്തുന്നത് ഇപ്രകാരമാണ്. "കിണർ വെള്ളത്തിന്റെ സാമ്പിളിൽ കിഴക്കുഭാഗത്തുനിന്നുള്ളവയിൽ പഞ്ചായത്ത് കിണറിൽ മാത്രം കുറച്ച് (0.02 മി.ഗ്രാം/ലി.) കണ്ടെത്താൻ കഴിഞ്ഞു. അതുകൊണ്ട് ഈ പരിശോധനാ ഫലങ്ങൾ കാണിക്കുന്നത് ഫാക്ടറിയുടെ പ്രവർത്തനം മൂലം ഘനലോഹമലിനീകരണമുണ്ടായിട്ടില്ല എന്നാണ്."**

ആണെന്ന് കണ്ടെത്തി. മറ്റുള്ളവയിൽ ഒന്നുമില്ല. കുടിവെള്ളത്തിന്റെ നിലവിലുള്ള ഗുണനിലവാരമനുസരിച്ച് കാഡ്മിയത്തിന്റെ അനുവദനീയമായ പരിധി 0.01 മി.ഗ്രാം/ലി. ആണ്. എന്നിട്ടും ഈ പരിശോധനാഫലങ്ങളെ മെമ്പർ സെക്രട്ടറി ഖണ്ഡിക 10.4 ൽ വിലയിരുത്തുന്നത് ഇപ്രകാരമാണ്. "കിണർ വെള്ളത്തിന്റെ സാമ്പിളിൽ കിഴക്കുഭാഗത്തുനിന്നുള്ളവയിൽ പഞ്ചായത്ത് കിണറിൽ മാത്രം കുറച്ച് (0.02 മി.ഗ്രാം/ലി.) കണ്ടെത്താൻ കഴിഞ്ഞു. അതുകൊണ്ട് ഈ പരിശോധനാഫലങ്ങൾ കാണിക്കുന്നത് ഫാക്ടറിയുടെ പ്രവർത്തനം മൂലം ഘനലോഹമലിനീകരണമുണ്ടായിട്ടില്ല എന്നാണ്."

മെമ്പർ സെക്രട്ടറിയുടെ പഠനത്തിലെ ആർജ്ജവമില്ലായ്മ ബോധ്യപ്പെടാൻ റിപ്പോർട്ടിൽ ഇനിയും പല ഭാഗങ്ങൾ ഉണ്ട്. വിശദീകരിക്കുന്നില്ല. കേരളത്തിലെ ഏറ്റവും ദരിദ്രരായ ജനങ്ങൾ ലോകത്തെ ഏറ്റവും പ്രബലമായ ഒരു കോർപ്പറേറ്റ് കമ്പനിയോട് കമ്പനിമൂലം തങ്ങളനുഭവിക്കുന്ന യാതനകളുടെ പേരിൽ സമരം ചെയ്തുകൊണ്ടിരിക്കുമ്പോൾ കമ്പനിമൂലമുണ്ടായതെന്ന് കരുതുന്ന ഗുരുതരമായ മലിനീകരണ പ്രശ്നത്തെക്കുറിച്ച് ശാസ്ത്രീയമായി പഠിച്ച് നിഷ്പക്ഷമായ നിഗമനത്തിലെത്തി യാതനകൾ പരിഹരിക്കാൻ നിയോഗിക്കപ്പെട്ട ഒരു പൊതുസ്ഥാപനത്തിലെ വിദഗ്ദ്ധന്റെ ആർജ്ജവക്കുറവ് അദ്ദേഹം തയ്യാറാക്കിയ റിപ്പോർട്ടിലൂടെ കണ്ടെത്താനാകുമോ എന്ന് പരിശോധിക്കാൻ വേണ്ടിയാണ് മെമ്പർ സെക്രട്ടറിയുടെ സെപ്തംബർ 2003 പഠന റിപ്പോർട്ടിൽ നിന്നുള്ള ഭാഗങ്ങൾ ഇത്രയും വിശകലനം ചെയ്തത്.

പ്ലാച്ചിമട കോക്കകോള കമ്പനിയിലെ ഖരമാലിന്യ പഠനവുമായി ബന്ധപ്പെട്ട് കമ്പനിയിൽനിന്ന് അവിഹിതമായി കേരള മലിനീകരണ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറിക്ക് പണം ലഭിച്ചു എന്നാരോപണത്തിന്റെ പേരിൽ ഒരു വിജിലൻസ് കേസ് 2004 ജനുവരിയിൽ രജിസ്റ്റർ ചെയ്യപ്പെട്ടതായി അറിയുന്നു. മെമ്പർ സെക്രട്ടറിയുടെ പഠന റിപ്പോർട്ടിൽ പ്രത്യക്ഷമാകുന്ന ആർജ്ജവക്കുറവും വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യപ്പെട്ടതു ബന്ധപ്പെട്ടിരിക്കുന്നുവോയെന്ന് ഇവിടെ അന്വേഷണവിഷയമല്ല.

2003 ഡിസംബർ 21 ന് തിരുവനന്തപുരത്തെ ചില യുവ

**2003 ഡിസംബർ 27 ന് തിരുവനന്തപുരത്തെ ചില യുവജനതാദൾ പ്രവർത്തകർ ഈ മെമ്പർ സെക്രട്ടറിയുടെ തലയിൽ കോക്കകോളയൊഴിച്ചുകൊണ്ട് പ്രതിഷേധിച്ചു. പത്രമാധ്യമങ്ങളിൽ ഇതിന്റെ ചിത്രം കണ്ട് കേരളത്തിലെ പൊതുസമൂഹം ഈ കൃത്യത്തെ ഹിംസാത്മക സമരമുറയെന്നതിന്റെ പേരിൽ നിന്ദിച്ചു. ഈ കൃത്യത്തിന്റെ പേരിൽ ഈ യുവാക്കൾ കുറെദിവസം ജയിലിൽ കഴിയുകയുണ്ടായി. ഇപ്പോഴും ക്രിമിനൽ കുറ്റത്തിന് പോലീസ് കേസുമായി ഇവർ ചുറ്റിത്തിരിയുകയും ചെയ്യുന്നു. പ്ലാച്ചിമടയിലെ പരിസരത്തും കൃഷിയിടങ്ങളിലും കോർപ്പറേറ്റ് കമ്പനി നിക്ഷേപിച്ച ഘനലോഹ മാലിന്യങ്ങൾ മലിനീകരണ നിയന്ത്രണബോർഡിലെ ഈ ഉദ്യോഗസ്ഥന്റെ ആർജവക്കുറവ്കൊണ്ട് വരുംതലമുറയിലെ എത്രപേരുടെ ജീവനെ ബാധിക്കുമെന്നറിയില്ല. കേരള മലിനീകരണ നിയന്ത്രണ ബോർഡ് മെമ്പർ സിക്രട്ടറി സ്ഥാനത്ത് നിന്ന് വളന്ററി റിട്ടയർമെന്റ് എടുത്ത ഈ ഉദ്യോഗസ്ഥൻ ഇപ്പോൾ കേരളത്തിലെ എ.ഡി.ബി. കൺസൾട്ടന്റായി ശോഭിക്കുകയാണ്. ഇത് പ്ലാച്ചിമട കോക്കകോള കമ്പനിയിലെ ഖരമാലിന്യ പഠനത്തിൽ മെമ്പർ സെക്രട്ടറി കാണിച്ച ആർജവക്കുറവിന് ലഭിച്ച കോർപ്പറേറ്റ് സമ്മാനമാകാമെന്ന് കോർപ്പറേറ്റ് നിർവ്വഹണ തന്ത്രങ്ങളെക്കുറിച്ച് നിരീക്ഷിച്ചിട്ടുള്ളവർ ഊഹിക്കുന്നു.**

ജനതാദൾ പ്രവർത്തകർ ഈ മെമ്പർ സെക്രട്ടറിയുടെ തലയിൽ കോക്കകോളയൊഴിച്ചുകൊണ്ട് പ്രതിഷേധിച്ചു. പത്രമാധ്യമങ്ങളിൽ ഇതിന്റെ ചിത്രം കണ്ട് കേരളത്തിലെ പൊതുസമൂഹം ഈ കൃത്യത്തെ ഹിംസാത്മക സമരമുറയെന്നതിന്റെ പേരിൽ നിന്ദിച്ചു. ഈ കൃത്യത്തിന്റെ പേരിൽ ഈ യുവാക്കൾ കുറെദിവസം ജയിലിൽ കഴിയുകയുണ്ടായി. ഇപ്പോഴും ക്രിമിനൽ കുറ്റത്തിന് പോലീസ് കേസുമായി ഇവർ ചുറ്റിത്തിരിയുകയും ചെയ്യുന്നു. പ്ലാച്ചിമടയിലെ പരിസരത്തും കൃഷിയിടങ്ങളിലും കോർപ്പറേറ്റ് കമ്പനി നിക്ഷേപിച്ച ഘനലോഹ മാലിന്യങ്ങൾ മലിനീകരണ നിയന്ത്രണബോർഡിലെ ഈ ഉദ്യോഗസ്ഥന്റെ ആർജ്ജവക്കുറവ്കൊണ്ട് വരുംതലമുറയിലെ എത്രപേരുടെ ജീവനെ ബാധിക്കുമെന്നറിയില്ല. കേരള മലിനീകരണ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറി സ്ഥാനത്തുനിന്ന് വളന്ററി റിട്ടയർമെന്റ് എടുത്ത ഈ ഉദ്യോഗസ്ഥൻ ഇപ്പോൾ കേരളത്തിലെ എ.ഡി.ബി. കൺസൾട്ടന്റായി ശോഭിക്കുകയാണ്. ഇത് പ്ലാച്ചിമട കോക്കകോള കമ്പനിയിലെ ഖരമാലിന്യ പഠനത്തിൽ മെമ്പർ സെക്രട്ടറി കാണിച്ച ആർജ്ജവക്കുറവിന് ലഭിച്ച കോർപ്പറേറ്റ് സമ്മാനമാകാമെന്ന് കോർപ്പറേറ്റ് നിർവ്വഹണ തന്ത്രങ്ങളെക്കുറിച്ച് നിരീക്ഷിച്ചിട്ടുള്ളവർ ഊഹിക്കുന്നു.

ഒരു പൊതു സ്ഥാപനത്തിലെ വിദഗ്ദ്ധൻ മേലധികാരികളുടെ രാഷ്ട്രീയ പിൻബലമോ രാഷ്ട്രീയ സമ്മർദ്ദമോ ഇല്ലാതെ മേൽപറഞ്ഞവിധം നിരുത്തരവാദിത്വപരമായ ഒരു പഠന റിപ്പോർട്ട് തയ്യാറാക്കാനിടയില്ല. അതായത് കേരള മലിനീകരണ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറിയുടെ വ്യക്തിപരമായ സ്വാർത്ഥതാല്പര്യംകൊണ്ട് മാത്രമല്ല,രാഷ്ട്രീയ വ്യവസ്ഥയുടെ നിക്ഷിപ്ത താല്പര്യങ്ങളാൽ പ്രേരിതമായ സമ്മർദ്ദംകൊണ്ടുള്ള കൃത്യവിലോപമായിരിക്കണം നാമിവിടെ കാണുന്നത്. വിശദമായ ഒരു രാഷ്ട്രീയ വിശകലനത്തിലൂടെ മാത്രമേ 2003 ആഗസ്റ്റ്-സെപ്തംബർ കാലത്ത് കേരള മലിനീകരണ നിയന്ത്രണബോർഡ് മെമ്പർ സെക്രട്ടറിയുടെമേലുണ്ടായ രാഷ്ട്രീയ സാമൂഹിക സമ്മർദ്ദത്തിന്റെ സ്വഭാവം എപ്രകാരമായിരുന്നുവെന്ന് മനസ്സിലാക്കാൻ കഴിയും (മുൻ മെമ്പർ സെക്രട്ടറി കെ.വി. ഇന്ദുലാലിന്റെ വസതിയിലെ വിജിലൻസ് റെയ്ഡിൽ അനർഹമായ സ്വത്ത് കണ്ടെത്തി-പത്രവാർത്ത).

പ്ലാച്ചിമട കോക്കകോളയിലെ വിഷമാലിന്യ പ്രശ്നത്തിൽ ഏറ്റവും വിവരസമ്പുഷ്ടമായ റിപ്പോർട്ട് കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റേതാണ് എന്ന് പറയാം. കോക്കകോള കമ്പനി ഈയൊരു പഠനറിപ്പോർട്ട് ഇല്ലാത്തതായാണ് നടിക്കുന്നത്. മാധ്യമങ്ങളും ഈ റിപ്പോർട്ട് അറിഞ്ഞതായി കാണിക്കുന്നില്ല. എങ്കിലും ജെ.പി.സി.ക്കും എസ്.സി.എം.സി.ക്കും കമ്പനി മൂലം പ്ലാച്ചിമടയിൽ ഘനലോഹ മലിനീകരണമുണ്ടായിട്ടുണ്ടെന്ന് ഉറച്ച നിലപാട് എടുക്കാൻ പ്രേരിപ്പിച്ചത് ഈ പഠന റിപ്പോർട്ടാകണം.

ഈ അവലോകന കുറിപ്പിന്റെ ആദ്യഭാഗങ്ങളിൽ പറഞ്ഞതുപോലെ 2003 ആഗസ്റ്റിൽ ലഘുപാനീയങ്ങളിലെ കീടനാശിനി പ്രശ്നവുമായി ബന്ധപ്പെട്ട് രൂപീകരിച്ച ജെ.പി.സി. പ്ലാച്ചിമട പ്രശ്നവും അവരുടെ അന്വേഷണ വിഷയത്തിൽപെടുത്തുകയും തെളിവെടുപ്പുകൾ നടത്തുകയും ചെയ്തിരുന്നുവല്ലൊ. പക്ഷെ ജെ.പി.സി. പ്ലാച്ചിമടയെക്കുറിച്ച് ശേഖരിച്ച വിവരങ്ങൾ വിശകലനം ചെയ്യുന്നതിൽ വേണ്ടത്ര സൂക്ഷ്മത പാലിച്ചുവെന്ന് പറയാനാവില്ല. ഉദാഹരണത്തിന് പ്ലാച്ചിമടയിലെ കോക്കകോള കമ്പനിയെപ്പറ്റി കമ്പനി നൽകിയ റിപ്പോർട്ടിൽ ഖരമാലിന്യപ്രശ്നത്തിൽ കമ്പനി എടുത്ത നിലപാടുകളെക്കുറിച്ച് വിശദീകരിക്കുന്ന ഭാഗങ്ങൾ ഏറെയുമുണ്ട്. കമ്പനി പറയുന്നതനുസരിച്ച് പ്ലാച്ചിമട കോക്കകോള കമ്പനിയിലേതുപോലുള്ള വ്യവസായങ്ങളിലെ മാലിന്യം ലോകത്ത് പലയിടത്തും ജൈവവസ്തുക്കളായി (bio solids) കണക്കാക്കുന്നുവെന്നാണ്. ഇതനുസരിച്ച് പ്ലാച്ചിമട കമ്പനിയും അവരുടെ ഖരമാലിന്യങ്ങൾ ഫാക്ടറി പരിസരത്തെ കൃഷിഭൂമിയിൽ വളമായി ഉപയോഗിക്കുകയായിരുന്നുവെന്നും ഇതിന്റെ മികവ് കണ്ട് പരിസരത്തെ പാവപ്പെട്ട കൃഷിക്കാർ ആവശ്യപ്പെട്ടതുകൊണ്ട് കമ്പനിയിലെ 'ജൈവവസ്തുക്കൾ' അവർക്ക് ദാനം ചെയ്തതാണ് എന്നും പറയുന്നു. പരിസ്ഥിതി സംരക്ഷണമാണ് താങ്കളുടെ നയമെന്ന് പറയുന്ന കമ്പനി ഈ 'ജൈവപദാർത്ഥ'ങ്ങളിൽ ഘനലോഹസാന്നിദ്ധ്യമുണ്ടോയെന്ന് 2001 മാർച്ച് മുതൽ അംഗീകൃതമായ ലാബുകളിൽ പരിശോധിച്ചുകൊണ്ടിരിക്കുന്ന വിവരങ്ങളും ആദ്യഭാഗത്ത് പറഞ്ഞു. കമ്പനി ജെ.പി.സി.ക്ക് നൽകിയ റിപ്പോർട്ടിൽ ഇതിന്റെ ഒരു മാതൃകയായി 2003 ഡിസംബർ 1 ന് ലഭിച്ച ലാബ് റിപ്പോർട്ടിന്റെ പരിശോധനാഫലങ്ങളും ഈ അവലോകനകുറിപ്പിന്റെ ആദ്യഭാഗത്ത് (പേജ് 12 ൽ)നൽകിയിട്ടുണ്ടല്ലോ. കേന്ദ്ര മലിനീകരണ നിയ

> **പ്ലാച്ചിമട കൊക്കകോള കമ്പനിമൂലം പരിസര മലിനീകരണമുണ്ടായെന്ന് കേരള മലിനീകരണ നിയന്ത്രണ ബോർഡിന്റെ 23-8-04 ലെ ഉത്തരവ് നിലവിലുള്ളപ്പോഴും 7-4-05 ന്റെ കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ വിധിയിൽ പ്ലാച്ചിമട കൊക്കകോള കമ്പനിയിൽ ലോകോത്തര പാഴ്ജല ശുദ്ധീകരണ പ്ലാന്റ് ഉണ്ടെന്നതിന് പ്രശംസ സമ്പാദിക്കാൻ കഴിഞ്ഞവരാണ് കൊക്കകോള കമ്പനി. അപ്പോൾ എസ്.സി.എം.സി. ആവശ്യപ്പെട്ട പ്രകാരം സാങ്കേതിക സംവിധാനങ്ങൾ മാറ്റി സ്ഥാപിച്ച് കൊക്കകോള കമ്പനി പ്ലാച്ചിമടയെ പരിസരമലിനീകരണത്തിൽനിന്ന് രക്ഷിക്കുമെന്ന് വിശ്വസിക്കേണ്ടതില്ല.**

ന്ത്രണ ബോർഡിന്റെ നവംബർ 2003 റിപ്പോർട്ട് പ്രകാരം കമ്പനിയിലെ ഖരമാലിന്യത്തിലെ കാഡ്മിയത്തിന്റെയും ലെഡിന്റെയും അളവ് കമ്പോസ്റ്റ് ആയി ഉപയോഗിക്കാവുന്ന പരിധിക്കും മേലെയാണ് ഇതിൽ കാണുന്നത്. അതേസമയം കമ്പനിയുടെ ഈ റിപ്പോർട്ടിലെ പരിശോധനാഫലങ്ങൾ പി.സി.ബി.യുടെ പരിധിക്കകത്ത് എന്ന് മറ്റൊരിടത്ത് കമ്പനി പറയുകയും ചെയ്തിരിക്കുന്നു. കമ്പനി കാണിച്ച ഈ കാപട്യം സൂചിപ്പിക്കുന്നത് കമ്പനിയിലെ ഖരമാലിന്യപ്രശ്നം കമ്പനി ഉദ്യോഗസ്ഥർക്ക് മുൻപേ അറിയാമായിരുന്നു എന്നുള്ളതല്ലേ? മാത്രമല്ല തങ്ങൾക്ക് 1886 മുതൽ പ്രവർത്തന പാരമ്പര്യവും ഇന്ത്യയിൽ 1993 മുതൽ ലഘുപാനീയ നിർമ്മാണത്തിൽ പ്രവർത്തനാനുഭവം ഉള്ളതാണെന്നും കമ്പനി അവകാശപ്പെടുന്നു. ഇതിനർത്ഥം ഒരു സ്ക്വയർ കിലോമീറ്ററിനകത്ത് 1500 പേർ താമസിക്കുന്ന പ്ലാച്ചിമടയിൽ ഫാക്ടറി പ്രവർത്തനംമൂലം പരിസരമലിനീകരണം ഉണ്ടാകാമെന്ന് മുൻകൂട്ടി അറിയാനുള്ള വിജ്ഞാനം കമ്പനിയധികൃതർക്ക് ലഭ്യമായിരിക്കും എന്നാണ്. ജെ.പി.സി.ക്കുള്ള കമ്പനിയുടെ റിപ്പോർട്ടിൽ ഖരമാലിന്യത്തെക്കുറിച്ച് അവതരിപ്പിച്ച ഭാഗത്തിലെ ഈ വൈരുദ്ധ്യം ജെ.പി.സി.യുടെ ശ്രദ്ധയിൽ പെടുകയുണ്ടായിട്ടില്ല. 1986-ലെ പരിസ്ഥിതി സംരക്ഷണ ആക്ട് പ്രകാരം വ്യവസായ മാലിന്യത്തിൽ അംഗീകൃത നിബന്ധനകൾ അനുസരിച്ചല്ലാതെയുണ്ടാകുന്ന മാറ്റങ്ങൾ ഫാക്ടറി അധികൃതർ തന്നെ ബന്ധപ്പെട്ട ഭരണസ്ഥാപനങ്ങളെ വിവരമറിയിക്കാൻ ബാധ്യസ്ഥരാണ്. 1-12-03 ൽ കോക്കകോള കമ്പനിയിലെ ഖരമാലിന്യത്തിൽ കമ്പോസ്റ്റായി ഉപയോഗിക്കാവുന്നതിന്റെ അനുവദനീയമായ പരിധിയിലധികം കാഡ്മിയവും ലെഡും കണ്ടെത്തിയിട്ടും കമ്പനി ഇതുവരെ മലിനീകരണ നിയന്ത്രണ ബോർഡിനെ അറിയിച്ചിട്ടില്ലായെന്നതും ജെ.പി.സി. പരിഗണിച്ചിട്ടില്ല.

ജെ.പി.സിയുടെ ശ്രദ്ധയിൽപ്പെടാതെ പോയ മറ്റൊരു കാര്യവും കൂടി പറയേണ്ടതുണ്ട്. കേരള മലിനീകരണ നിയന്ത്രണ ബോർഡിന്റെ വിലയിരുത്തലനുസരിച്ച് പ്ലാച്ചിമട കോക്കകോള കമ്പനിയിൽ ഒരു വർഷം 60 ടൺ ഖരമാലിന്യമുണ്ടാകുന്നുണ്ട്. പ്ലാച്ചിമട കോക്കകോള കമ്പനിയിലെ ഖരമാലിന്യത്തിലെ ഘനലോഹ മലിനീകരണത്തിന്റെ സ്രോതസ്സ് ഇതുവരെ കണ്ടെത്തിയിട്ടില്ലാത്ത മലിനീകരണ നിയന്ത്രണ ബോർഡ് ഇത് എങ്ങിനെ കണക്കാക്കി എന്ന ചോദ്യം ഇപ്പോൾ വിട്ടുകളയാം. 2000 മാർച്ച് മുതലാണ് കമ്പനി പ്രവർത്തിക്കുന്നത് എന്ന് അംഗീകരിച്ചാൽ തന്നെ 2003 ജൂലൈ വരെയുള്ള മൂന്ന് വർഷക്കാലം 180 ടൺ ഖരമാലിന്യം കമ്പനിയിൽ ഉത്പാദിപ്പിച്ചിട്ടുണ്ടാകണം. 2003 ജൂലൈ 25 ന് ശേഷം ഖരമാലിന്യപ്രശ്നം പത്രമാധ്യമത്തിൽ വന്നതിനെ തുടർന്ന് കമ്പനി സ്വമേധയാ കർഷകരിൽനിന്ന് ഖരമാലിന്യം തിരിച്ചുവാങ്ങിയതായി ജെ.പി.സി.ക്കുള്ള റിപ്പോർട്ടിൽ പറയുന്നു. (യഥാർത്ഥത്തിൽ പ്ലാച്ചിമട കമ്പനിയിലെ ഖരമാലിന്യം അപകടകരമായ മാലിന്യ നിയമപ്രകാരം ഹസാഡെസ് ആയി കണ്ടെത്തിയിട്ടുണ്ടെന്നും അതുകൊണ്ട് കമ്പനി പരിസരവാസികൾക്ക് വളമെന്ന് പറഞ്ഞ് നൽകിയ ഖരമാലിന്യം ഉടനെ തിരിച്ചെടുത്തുകൊണ്ട് വന്ന് കമ്പനി പരിസരത്ത് പ്രത്യേകം സൂക്ഷിക്കണമെന്നും നിയമപ്രകാരം ഖരമാലിന്യ നിർമ്മാർജ്ജന സംവിധാനമുണ്ടാക്കി നിർമ്മാർജ്ജനം ചെയ്യണമെന്ന് കേരള മലിനീകരണ നിയന്ത്രണബോർഡ് 7-8-03 ന് കമ്പനിക്ക് നിർദ്ദേശം നൽകിയതുകൊണ്ട് കർഷകരിൽ നിന്ന് ഖരമാലിന്യം തിരിച്ചെടുക്കാൻ കമ്പനി നിർബന്ധിതമായതാണ്) പക്ഷെ കമ്പനി 4 കർഷകർക്ക് മാത്രമാണ് ഖരമാലിന്യം നൽകിയതെന്നും അവർ 4 പേരിൽ നിന്ന് മാലിന്യം തിരിച്ചുവാങ്ങിയതായി കാണിക്കുന്ന സത്യവാങ്മൂലത്തിന്റെ കോപ്പിയും ജെ.പി.സി.ക്കുള്ള റിപ്പോർട്ടിൽ നൽകിയിരിക്കുന്നു. ഈ സത്യവാങ്മൂലത്തിൽ പറയുന്നത് കമ്പനി 4 പേരിൽനിന്ന് ഓരോ ലോഡ് വളം തിരിച്ചുവാങ്ങിയെന്നാണ്. അതായത് 2000-03-ൽ 180 ടൺ ഖരമാലിന്യം കമ്പനിയിൽ ഉണ്ടാക്കപ്പെട്ടിട്ടുണ്ടെങ്കിലും സ്ഥലത്തെ മണ്ണ് അടക്കം 4 ലോഡ് വളം മാത്രമെ കമ്പനി തിരിച്ചുവാങ്ങിയിട്ടുള്ളൂ. പരിസരത്തുള്ള ധാരാളം കർഷകർ വളമായുപയോഗിക്കുന്നതിന് കമ്പനിയിൽനിന്ന് ഖരമാലിന്യം വാങ്ങിയിട്ടുണ്ട്. ഇതിന് രേഖപരമായ തെളിവ് ഒരെണ്ണമെങ്കിലും ഉണ്ട്. കേരള മലിനീകരണ നിയന്ത്രണബോർഡിന്റെ സെപ്തംബർ 2003 പഠനത്തിൽ മെമ്പർ സെക്രട്ടറിയും സംഘവും 2003 ആഗസ്റ്റ് 5, 28, 29 ദിവസങ്ങളിൽ മാണിക്യ ചെട്ടിയാർ എന്ന കർഷകന്റെ കൃഷിയിടത്തിൽ സന്ദർശിക്കുകയും ഖരമാലിന്യത്തിന്റെയും കിണറ്റിൽനിന്നുള്ള കുടിവെള്ളത്തിന്റെയും സാമ്പിൾ ശേഖരിക്കുകയും ചെയ്തിരുന്നു. മാണിക്യം ചെട്ടിയാരുടെ കൃഷിയിടത്തിൽനിന്ന് കമ്പനി ഖരമാലിന്യം തിരിച്ചെടുത്തതായി കാണുന്നില്ല. ജെ.പി.സി.ക്ക് കമ്പനി നൽകിയ റിപ്പോർട്ടിലെ ഇത്തരം വൈരുദ്ധ്യങ്ങളും കാപട്യങ്ങളും കണ്ടെത്താൻ വിശദമായ സൂക്ഷ്മപരിശോധനകൾ ഇതുവരെ വേണ്ടത്ര നടത്തിയതായി കാണുന്നില്ല.

പ്ലാച്ചിമടയിലെ ഖരമാലിന്യത്തെക്കുറിച്ച് കൊക്കകോള കമ്പനി ജെ.പി.സിക്ക് നൽകിയ വിവരണങ്ങളിലെ കാപട്യത്തെ അവലോകനം ചെയ്തശേഷം ഇനി കൊക്കകോള കമ്പനി മറച്ചുവെയ്ക്കാനാഗ്രഹിക്കുന്ന കാര്യങ്ങളിലൊന്നായ കുടിവെള്ളത്തിലെ ഘനലോഹ മലിനീകരണപ്രശ്നത്തിലേക്ക് പോകാം. 29-9-03 ന് കേരള മലിനീകരണ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറി പുറത്തിറക്കിയ പഠനറിപ്പോർട്ടിൽ വിജയനഗർ കോളനിയിലെ പഞ്ചായത്ത് കിണറിലെ വെള്ളത്തിൽ കാഡ്മിയം അളവ് 0.02 മി.ഗ്രാം/ലി. എന്ന് കണ്ടെത്തിയതിനെ നിസ്സാരമായി അവഗണിച്ച് പത്രക്കുറിപ്പിൽ പരിസരത്തെ കിണറുകളിൽ ഘനലോഹ മലി




സമരകേന്ദ്രം-പ്ലാച്ചിമട സമരപന്തൽ

ഫോട്ടോ : സി.ആർ. ഗിരീഷ്, മാതൃഭൂമി

നീകരണമില്ല എന്ന് മെമ്പർ സെക്രട്ടറി പ്രസ്താവിച്ചുവെന്ന് ഈ കുറിപ്പിന്റെ മുൻഭാഗങ്ങളിൽ പറഞ്ഞു. പിന്നീട് 31-10-03 ൽ പഞ്ചായത്തു കിണർ മലിനപ്പെട്ടതായി ബോർഡ് നോട്ടിഫൈ ചെയ്ത് പഞ്ചായത്തിനെ അറിയിക്കുകയും ചെയ്തതായി ബോർഡിന്റെ രേഖകളിൽ കാണുന്നുണ്ട്. മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥന്മാരുമായി നേരിട്ടുള്ള സംഭാഷണങ്ങളിൽ നിന്നറിയാൻ കഴിഞ്ഞത് വിജയനഗർ കോളനിയിലെ പഞ്ചായത്ത് കിണറിൽനിന്ന് വെള്ളം വീണ്ടും ബോർഡിന്റെ പാലക്കാട് ഓഫീസ് പരിശോധിച്ചപ്പോഴും കാഡ്മിയം അളവ് ഉയർന്നുനിൽക്കുന്നതായി കണ്ടുവെന്നാണ്. അതായത് പഞ്ചായത്ത് കിണറിൽ ഘനലോഹ മലിനീകരണമുണ്ടെന്ന് ഉറപ്പിക്കാവുന്ന വിധത്തിൽ ഉയർന്ന സാദ്ധ്യതകളുണ്ട് എന്നാണ് ആവർത്തിച്ചുള്ള പരിശോധന ഫലങ്ങൾ കാണിക്കുന്നത് എന്നർത്ഥം. പ്ലാച്ചിമട കൊക്കകോള കമ്പനിയിലെ ഖരമാലിന്യത്തിൽ ഉയർന്ന അളവിൽ ഘനലോഹ സാന്നിദ്ധ്യം കണ്ടെത്തിയതും ഭൂജലത്തിന്റെ ഒലിച്ചിറങ്ങൽ സ്വഭാവം കണക്കിലെടുക്കുകയും ചെയ്താൽ കമ്പനിയും പരിസരത്തെ കുടിവെള്ള മലിനീകരണവും തമ്മിലുള്ള ബന്ധത്തിന്റെ സാദ്ധ്യത കൂടുതലാണെന്ന് അനുമാനിക്കാം. കമ്പനിയും പരിസരമലിനീകരണവുമായുള്ള ബന്ധത്തിലെ ഉയർന്ന സാദ്ധ്യത ഇതുവരെയുള്ള പഠനങ്ങൾ കാണിക്കുന്നുണ്ടെങ്കിലും ഇത് ഉറപ്പിച്ചുപറയാവുന്ന വിധത്തിലുള്ള വിദഗ്ദ്ധ പഠനങ്ങൾ നടത്താൻ ബാദ്ധ്യസ്ഥരായ മലിനീകരണ നിയന്ത്രണ ബോർഡോ ഭൂജലവകുപ്പോ ഇക്കാര്യത്തിനു മുന്നോട്ട് വന്നു കാണുന്നില്ല. ബോർഡിന്റെ മെമ്പർ സെക്രട്ടറിയുടെ പഠനത്തിൽ (സെപ്തംബർ 2003) ചെന്താമരാക്ഷൻ എന്ന കർഷകന്റെ കൃഷിയിടത്തിൽ വിശദമായ ലീച്ചബിലിറ്റി പഠനം നിർദ്ദേശിക്കുന്നുണ്ടെങ്കിലും പ്ലാച്ചിമട സമരത്തിന് മുഖ്യപ്രേരകമായ പരിസരമലിനീകരണം കമ്പനിമൂലമാണെന്ന ആരോപണം പരിശോധിക്കുന്നതിന് ലീച്ചബിലിറ്റി പഠനം നടത്തപ്പെടുന്നില്ല എന്നത് അദ്ഭുതകരമായി തോന്നുന്നു. പ്ലാച്ചിമടയിലെ കോക്കകോള കമ്പനിയിലെ ഘനലോഹ മലിനീകരണവും വിജയനഗർ പഞ്ചായത്ത് കിണറിലെ കുടിവെള്ളമലിനീകരണവും തമ്മിലുള്ള ബന്ധം സ്ഥാപിക്കുന്നതിന് റേഡിയോ ഐസോടോപ്പ് പഠനവും നടത്താനാകുമെന്നും ചില വിദഗ്ദ്ധർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

ഇനി പ്ലാച്ചിമട കൊക്കകോള കമ്പനിയിലെ ഖരമാലിന്യ പ്രശ്നത്തിൽ പ്രശംസാർഹമെന്ന് പറയുന്ന നിലപാട് എടുത്ത സുപ്രീം കോടതി മോണിറ്ററിംഗ് കമ്പനിയുടെ തീരുമാനങ്ങളെയും നിർദ്ദേശങ്ങളെയും അവലോകനം ചെയ്തു നോക്കാം. ചുരുക്കി പറഞ്ഞാൽ എസ്.സി.എം.സിയുടെ നടപടി പ്ലാച്ചിമട കൊക്കകോള കമ്പനി ഇതുവരെ ചെയ്ത കുറ്റങ്ങൾക്ക് മൃദുവായ ഒരു ശിക്ഷ നൽകുകയും ഭാവിയിൽ കാര്യങ്ങൾ സുരക്ഷിതമായിരിക്കാൻ ചില സാങ്കേതിക പരിഹാരങ്ങൾ നിർദ്ദേശിക്കുകയും ആണ് ചെയ്തത്. ഇതിന് കാരണമായി പറയുന്നത് ഒരു കമ്പനി അടച്ചുപൂട്ടുന്നതിന് ഉത്തരവിടാൻ ഇതുപോലുള്ള ഔദ്യോഗിക ഏജൻസികൾക്ക് പരിമിതിയുണ്ടെന്നും ജനങ്ങളുടെ ഇച്ഛാശക്തിയിലൂടെ ഗവൺമെന്റിന്റെ മേൽ സമ്മർദ്ദം ചെലുത്തി മാത്രമേ ഇത്തരം മലിനീകരണ പ്രശ്നങ്ങൾക്ക് കമ്പനി അടച്ചുപൂട്ടുക തുടങ്ങിയ ശിക്ഷകൾ നടപ്പിലാക്കാനാകൂ എന്നുമാണ് വ്യക്തിപരമായ സംഭാഷണങ്ങളിൽ ജനാഭിമുഖ്യമുള്ള ഉദ്യോഗസ്ഥർ വെളിപ്പെടുത്തുന്നത്. പരിസരമലിനീകരണം ഉണ്ടാക്കിയതിന്റെ പേരിൽ പരിസരവാസികൾക്ക് വെള്ളം കൊടുക്കുക എന്നതിന് കമ്പനി ആദ്യം വിസമ്മതിച്ചുവെങ്കിലും പിന്നീട് കോടതി വിധിയിൽ പരാമർശിക്കുന്ന ജീവകാരുണ്യ പ്രവർത്തനത്തിന്റെ പേരിലാക്കി ഇത് മാറ്റാം എന്ന് കണ്ടാകും കമ്പനി ഇപ്പോൾ അതിന് സമ്മതിക്കുകയും ചെയ്തത് എന്ന് അനുമാനിക്കാവുന്നതാണ്. എസ്.സി.എം.സി. യുടെ രണ്ടാമത്തെ നിബന്ധന കമ്പനിയുടെ പാഴ്ജല

സംസ്കരണത്തിന് റിവേഴ്സ് ഓസ്മോസിസ് രീതിയോ മറ്റ് അനുയോജ്യ സാങ്കേതികവിദ്യകളോ അവലംബിക്കണമെന്നതാണല്ലോ. പ്ലാച്ചിമട കൊക്കകോള കമ്പനിമൂലം പരിസര മലിനീകരണമുണ്ടായെന്ന് കേരള മലിനീകരണ നിയന്ത്രണ ബോർഡിന്റെ 23-8-04 ലെ ഉത്തരവ് നിലവിലുള്ളപ്പോഴും 7-4-05 ന്റെ കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ വിധിയിൽ പ്ലാച്ചിമട കൊക്കകോള കമ്പനിയിൽ ലോകോത്തര പാഴ്ജല ശുദ്ധീകരണ പ്ലാന്റ് ഉണ്ടെന്നതിന് പ്രശംസ സമ്പാദിക്കാൻ കഴിഞ്ഞവരാണ് കൊക്കകോള കമ്പനി. അപ്പോൾ എസ്.സി.എം.സി. ആവശ്യപ്പെട്ട പ്രകാരം സാങ്കേതിക സംവിധാനങ്ങൾ മാറ്റി സ്ഥാപിച്ച് കൊക്കകോള കമ്പനി പ്ലാച്ചിമടയെ പരിസരമലിനീകരണത്തിൽനിന്ന് രക്ഷിക്കുമെന്ന് വിശ്വസിക്കേണ്ടതില്ല. നാം വളരെ പ്രതീക്ഷയർപ്പിച്ച എസ്.സി.എം.സി യുടെ നടപടികളും നിർദ്ദേശങ്ങളും പ്ലാച്ചിമടയെ വിഷമയമാക്കിയതിന് കൊക്കകോള കമ്പനിക്ക് അനുയോജ്യമായ ശിക്ഷ നൽകുവാൻ പര്യാപ്തമല്ല എന്നാണ് ഇതിലൂടെ ഇവിടെ കാണുന്നത്.

സുപ്രീം കോടതി മോണിറ്ററിംഗ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം കേരള മലിനീകരണ നിയന്ത്രണ ബോർഡ് പ്ലാച്ചിമടയിൽ ഒരു പ്രാദേശിക പരിസ്ഥിതി സംരക്ഷണ സമിതി (എൽ.എ.ഇ.പി.സി.) രൂപീകരിച്ച വിവരം മുൻഭാഗത്ത് പറഞ്ഞുവല്ലോ. എൽ.എ.ഇ.പി.സി.യുടെ 5 ചുമതലകളും പറഞ്ഞു. ഇതിൽ ആദ്യത്തെ രണ്ട് ചുമതലകൾ പൂർത്തീകരിച്ചു. കമ്പനി പ്രദേശവാസികൾക്ക് കുടിവെള്ളം കൊടുക്കുവാൻ വിസമ്മതിച്ചതുകൊണ്ട് മൂന്നാമത്തെ ചുമതല അസാധുവായതായി കണക്കാക്കാം. കമ്പനി പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോഴല്ലാതെ പരിസ്ഥിതി ഓഡിറ്റിങ്ങ് സാധ്യമല്ലായെന്നാണ് വിദഗ്ദ്ധന്മാരുടെ അഭിപ്രായം. അഞ്ചാമത്തെ ചുമതലയായിരുന്നത് കമ്പനി കൃഷിക്കാർക്ക് വിതരണം ചെയ്ത ഖരമാലിന്യങ്ങൾ തിരിച്ചെടുത്തുവെന്ന് ഉറപ്പുവരുത്തുക എന്നതാണ്. ഈ ചുമതല പൂർത്തീകരിക്കപ്പെട്ടിട്ടില്ല. കമ്പനിയിലെ ഖരമാലിന്യം കൃഷിയിടങ്ങളിൽ വളമായി നിക്ഷേപിച്ച കർഷകർ പലരും ഈ വിവരം തുറന്നുപറയാൻ തയ്യാറാകുന്നില്ലെന്നും ഇത് തുറന്ന് പറയാതിരിക്കുന്നതിന് കർഷകരിൽ ചിലർക്ക് കമ്പനി ധനപരമായ പാരിതോഷികങ്ങൾ നൽകിയിട്ടുണ്ട് എന്നുമാണ് എൽ.എ.ഇ.പി.സി യിലെ ജനപ്രതിനിധിയായ വിളയോടി വേണുഗോപാൽ അഭിപ്രായപ്പെട്ടത്. പ്രശ്നബാധിതരായ പല കൃഷിക്കാരോടും പരാതി എഴുതി ബോർഡിന് സമർപ്പിക്കാനാവശ്യപ്പെട്ടുവെങ്കിലും ആരും ഇതിനായി മുന്നോട്ട് വരുന്നില്ല എന്നാണ് കമ്മിറ്റിയിലെ മറ്റൊരു ജനപ്രതിനിധിയായ അഡ്വ. പൗരൻ പറഞ്ഞത്. എന്തായാലും ഖരമാലിന്യപ്രശ്നത്തെ സംബന്ധിച്ച് ബാധിതരായ ജനങ്ങൾക്ക് നേരിട്ട് ഇടപെടാൻ ലഭിച്ച പരിമിതമായ അവസരമാണ് എൽ.എ.ഇ.പി.സി. എന്നാൽ ജനങ്ങളുടെ ജാഗ്രതക്കുറവു കൊണ്ട് ഇത് ഫലപ്രദമാകാതെ പോയി എന്ന് പറയേണ്ടിയിരിക്കുന്നു.

ഇപ്പോൾ കേരള മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി പുതുക്കിക്കിട്ടുന്നതിന് വേണ്ടി പ്ലാച്ചിമട കൊക്കകോള കമ്പനി ബോർഡിനെ സമീപിച്ചിരിക്കുകയാണല്ലോ. അനുമതിക്കായി അപേക്ഷിച്ചതിൽ ചില സാങ്കേതിക പോരായ്മകളുണ്ടെന്നതും ഭാവിയിൽ മലിനീകരണമുണ്ടാകാതിരിക്കാൻ മലിനീകരണ നിർമ്മാർജ്ജനത്തിന് പുതിയ സാങ്കേതിക സംവിധാനങ്ങൾ സ്ഥാപിക്കണമെന്നും ചൂണ്ടിക്കാണിച്ചാണ് ബോർഡ് ഇപ്പോൾ അനുമതി പുതുക്കിക്കൊടുക്കാൻ വൈകുന്നത്. അതായത് പ്ലാച്ചിമടയെ വിഷമയമാക്കിയ കൊക്കകോള കമ്പനിക്ക് ലഘുവായ ചില ശിക്ഷാവിധികളോടെ കേരള മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി നൽകാമെന്നതാണ് ബോർഡിന്റെ മനോഭാവം. പക്ഷേ ബോർഡിന്റെ ഇത്തരമൊരു തീർപ്പ് പോലും അനുവദിക്കാനാവില്ല എന്ന മട്ടിലാണ് 12-7-2005 ന് കമ്പനി നൽകിയ മറുപടി കാണിക്കുന്നത്. കമ്പനി ഉത്പാദനത്തിനുപയോഗിക്കുന്ന അസംസ്കൃതവസ്തുക്കളിൽ നിന്നല്ല ലോഹമലിനീകരണമെന്നും റിവേഴ്സ് ഓസ്മോസിസ് രീതി നടപ്പാക്കാനുമാകില്ല എന്നാണത്രെ കമ്പനിയുടെ നിലപാട്. ഇത്തരം അനുമതി ലഭിച്ച് പത്ത് വർഷം കൂടി കമ്പനി പ്ലാച്ചിമടയിൽ തുടർന്ന് പ്രവർത്തിച്ചാൽ മറ്റ് മലിനീകരണങ്ങൾക്ക് പുറമെ വലിയ ഒരു ഘനലോഹ മാലിന്യ കൂമ്പാരവും പ്ലാച്ചിമടയിൽ അവശേഷിക്കും. ഇത് പ്ലാച്ചിമടയിൽനിന്ന് സംസ്ഥാനടിസ്ഥാനത്തിലുള്ള മാരക മാലിന്യ നിർമ്മാർജ്ജന പ്ലാന്റിലേക്ക് മാറ്റാനാകും എന്ന പരിഹാരമുണ്ട് എന്നും വാദിക്കാം. പക്ഷേ കോക്കകോളയുത്പാദനത്തിൽ മലിനീകരണമുണ്ടായശേഷം അവ പരിഹരിക്കുന്നതിനുള്ള സാങ്കേതികവിദ്യകൾ നിർദ്ദേശിക്കുന്നതിന് പകരം കോക്കകോളയുടെ ഉത്പാദനരീതിയിൽ ഘനലോഹമാലിന്യം ഉണ്ടാക്കുന്ന അസംസ്കൃതവസ്തുക്കൾ കണ്ടെത്തുകയും ഉത്പാദന പ്രക്രിയയിൽ അവ അനിവാര്യമാണോയെന്ന് നിശ്ചയിക്കുകയും ചെയ്യാൻ മലിനീകരണ നിയന്ത്രണ ബോർഡിന് അധികാരമുണ്ട്. ഇത്തരം ഘനലോഹ മലിനീകരണമുണ്ടാക്കുന്ന ഉത്പാദനരീതിക്ക് പകരം പുതിയ ഉത്പാദനരീതികൾ ഉപയോഗിക്കാൻ കമ്പനിയോട് ആവശ്യപ്പെടാനും ബോർഡിന് കഴിയണം.

എല്ലാ ജീവന്റെയും ഉപാധിയും പ്രാപഞ്ചിക പൈതൃകങ്ങളുമായ പരിസ്ഥിതി വ്യൂഹങ്ങൾ സംരക്ഷിക്കുക തന്നെയാണ് കോക്കകോള പോലെ സാമൂഹിക പ്രാധാന്യമില്ലാത്ത വസ്തുക്കൾ ഉത്പാദിപ്പിക്കുന്നതിനേക്കാൾ പ്രധാനമെന്ന് തീരുമാനിക്കാനുള്ള രാഷ്ട്രീയവിവേകം നമ്മുടെ ഭരണകർത്താക്കൾക്ക് ഉണ്ടാക്കുവാനും അതിനനുയോജ്യമായ തീരുമാനങ്ങൾ മലിനീകരണ നിയന്ത്രണ ബോർഡ് പോലുള്ളവയെകൊണ്ട് എടുപ്പിക്കാനും പ്രതിരോധ പ്രവർത്തനങ്ങളിലൂടെ കഴിയണം എന്നാണ് ഈ അവലോകനത്തിലൂടെ തെളിഞ്ഞുവരുന്നത്.

പ്ലാച്ചിമടയിലെ പരിസരമലിനീകരണ പ്രശ്നത്തിൽ നടപടികളെടുക്കാൻ ചുമതലപ്പെടുത്തപ്പെട്ട കേരള സംസ്ഥാന മലിനീകരണ ബോർഡും ഭൂജലവകുപ്പും ഭരണകർത്താക്കളും കോക്കകോള കമ്പനിയോട് പക്ഷപാതിത്വപരമായ നിലപാട് എടുത്ത് നിഷ്ക്രിയത നടിക്കുകയും എസ്.സി.എം.സി. പോലുള്ള അധികാര സ്ഥാപനങ്ങൾ പരിമിതി വെളിപ്പെടുത്തുകയും ചെയ്യുമ്പോൾ ജനകീയ പ്രവർത്തനത്തിലൂടെ രാഷ്ട്രീയസമ്മർദ്ദം വളർത്തിക്കൊണ്ടുമാത്രമേ പ്ലാച്ചിമടയിലെ യാതനകൾക്ക് പരിഹാരം കണ്ടെത്താനാകൂ എന്നാണ് ഈ അവലോകനം കാണിക്കുന്നത്. പ്ലാച്ചിമടയിലെ ഖരമാലിന്യ പ്രശ്നത്തെ മുൻനിർത്തിയുള്ള ജനകീയ പ്രതിരോധ പ്രവർത്തനങ്ങൾ എന്താകാം എന്നതിനുള്ള ചില നിർദ്ദേശങ്ങളാണ് ഇനി പറയുന്നത്.

# പ്ലാച്ചിമടയിലെ വിഷമാലിന്യ പ്രശ്നത്തെ മുൻനിർത്തി പ്രതിരോധ പ്രവർത്തനത്തിന് ചില നിർദ്ദേശങ്ങൾ

പ്ലാച്ചിമട കോക്കകോള കമ്പനിയിലെ ഖരമാലിന്യത്തിൽ കാഡ്മിയം തുടങ്ങിയ വിഷവസ്തുക്കളുണ്ടെന്ന് ബി.ബി.സി. റേഡിയോ വാർത്താ പ്രക്ഷേപണം ചെയ്തത് രണ്ടുവർഷം മുമ്പായിരുന്നു (2003 ജൂലൈ 25). കോക്കകോള കമ്പനിയെ 'നഷ്ടപരിഹാരം ഈടാക്കി പ്ലാച്ചിമടയിൽനിന്ന് പുറത്താക്കുക' എന്ന ആവശ്യവുമായി മൂന്ന് വർഷത്തിലേറെയായി നടന്നുകൊണ്ടിരിക്കുന്ന പ്ലാച്ചിമട സമരത്തിന് സഹായകരമായ വിധത്തിൽ പ്ലാച്ചിമടയിലെ ഖരമാലിന്യ പ്രശ്നത്തെ ഇനിയും ഉന്നയിക്കാനാകുമെന്നാണ് ഇത് സംബന്ധിച്ച രേഖകളുടെയും റിപ്പോർട്ടുകളുടെയും അവലോകനം സൂചിപ്പിക്കുന്നത്.

പ്ലാച്ചിമട കോക്കകോള കമ്പനിയിലെ ഖരമാലിന്യത്തിൽ വിഷവസ്തുക്കളുണ്ടെന്ന് ബി.ബി.സി. റേഡിയോ റിപ്പോർട്ടിലെ കണ്ടെത്തൽ കേന്ദ്ര-സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകൾ ശരിവെയ്ക്കുകയുണ്ടായി. മാത്രമല്ല വിജയനഗർ കോളനിയിലെ പഞ്ചായത്ത് കിണറിലും ഖരമാലിന്യം വളമായി നിക്ഷേപിച്ച കൃഷിയിടത്തിലെ ഒരു കിണറിലും (മാണിക്യചെട്ടിയാർ) കാഡ്മിയം മലിനീകരണമുണ്ടെന്ന് കേരള മലിനീകരണ നിയന്ത്രണ ബോർഡ് രേഖകളിലുൾപ്പെടുത്തിയിട്ടുണ്ട്. ഖരമാലിന്യത്തിൽ ഘനലോഹ സാന്നിദ്ധ്യം ഉയർന്ന അളവിലുണ്ടെന്ന് കമ്പനിയധികൃതർക്ക് മുമ്പേ അറിയാമായിരുന്നു എന്ന് കമ്പനിയുടെ ചില രേഖകൾ സൂചിപ്പിക്കുന്നതായി കാണുന്നു. ലോകത്തെ പ്രബലമായ ഒരു കോർപ്പറേറ്റ് കമ്പനി കേരളത്തിലെ ഏറ്റവും ദരിദ്രമായ ഒരു പ്രദേശത്തെ ജനങ്ങളോട് കാണിച്ച് ഈ ചതി കേരളത്തിൽ വരുകാലങ്ങളിൽ വരാനിരിക്കുന്ന കോർപ്പറേറ്റ് അതിക്രമങ്ങളുടെ ആദിരൂപമായി കണക്കാക്കാവുന്നതാണ്. പ്ലാച്ചിമടയിലേതുപോലെ ജീവനോപാധികളുടെയും മനുഷ്യാന്തസ്സിന്റെയുംമേലുള്ള കോർപ്പറേറ്റ് ബലാൽക്കാരങ്ങൾ മറ്റെവിടേയും ആവർത്തിക്കാതിരിക്കുന്നതിന് 'പ്ലാച്ചിമടയിൽനിന്ന് നഷ്ടപരിഹാരം ഈടാക്കി കോക്കകോളയെ പുറത്താക്കുക' എന്ന് ആവർത്തിച്ച് ഉറപ്പിച്ചുപറയാൻ ഇത് പ്രേരണനൽകുന്നു. പക്ഷേ മൂലധനശക്തികളുടെ വ്യവസായങ്ങൾമൂലം ഗ്രാമങ്ങൾ നശിച്ചാലും വേണ്ടില്ല ഭരണകർത്താക്കളുടെ ആർഭാടജീവിതത്തിന് റവന്യൂ വരുമാനം വർദ്ധിച്ചാൽ മതിയെന്ന് കരുതുന്ന ഭരണസംവിധാനത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന മലിനീകരണ നിയന്ത്രണബോർഡ് പോലുള്ള വിദഗ്ദ്ധ സ്ഥാപനങ്ങൾ കുടിവെള്ളം മലിനീകരിച്ചതിന് പകരമായി ബാധിതരായ ജനങ്ങൾക്ക് കമ്പനി കുടിവെള്ളം നൽകുക എന്ന ലഘുവായ ശിക്ഷയേ കോർപ്പറേറ്റ് കമ്പനിക്ക് നൽകാൻ തയ്യാറുള്ളൂ. കോടതികളും കോർപ്പറേറ്റ് പക്ഷപാതിത്വം വ്യക്തമാക്കിക്കഴിഞ്ഞു. ഭരണകർത്താക്കളും കോടതികളും കോർപ്പറേറ്റ് ശക്തികളെ ഇപ്രകാരം പ്രോത്സാഹിപ്പിക്കുമ്പോൾ വരാനിരിക്കുന്ന സാമൂഹിക വിപത്തിനെ മുൻകൂട്ടി കാണാൻ കഴിയുന്നവർ ജാഗ്രതയോടെ പ്രവർത്തിക്കേണ്ട ഘട്ടമാണിത്. പ്ലാച്ചിമട സമരത്തിനിടയിൽ ഉയർന്നുവന്ന പ്ലാച്ചിമട ഖരമാലിന്യ പ്രശ്നത്തെ അവലംബമാക്കി 'നഷ്ടപരിഹാരം ഈടാക്കി കോക്കകോളയെ പുറത്താക്കുക' എന്ന സമരലക്ഷ്യം നേടുന്നതിന് സഹായകരമായ വിധത്തിൽ നടത്താവുന്ന പ്രതിരോധ പ്രവർത്തനങ്ങളെപ്പറ്റി ചില നിർദ്ദേശങ്ങളാണ് താഴെ കൊടുക്കുന്നത്.

## പ്രശ്നബാധിതരായ ജനങ്ങൾക്ക് ചെയ്യാവുന്നത്

**1. നേരിട്ട് ചെയ്യാവുന്നത് :**

പ്ലാച്ചിമട കോക്കകോള കമ്പനിയിലെ വിഷമാലിന്യം മൂന്ന് വിധത്തിലാണ് പ്രദേശത്തെ ജനങ്ങളെ ബാധിക്കുന്നതെന്ന് പറയാം.

1. വിഷമാലിന്യം വളമായി നിക്ഷേപിച്ച കൃഷിയിടങ്ങളിലെ മണ്ണും വെള്ളവും കാഡ്മിയം പോലുള്ള വിഷപദാർത്ഥങ്ങളാൽ മലിനമാക്കപ്പെട്ടിരിക്കാമെന്നതുകൊണ്ട് ഭാവി തലമുറയുടെ ആരോഗ്യത്തെ ബാധിക്കാം.

2. വിജയനഗർ കോളനിയിലെ പഞ്ചായത്ത് കിണറും മാണിക്യ ചെട്ടിയാരുടെ കൃഷിയിടത്തിലെ കിണറും കാഡ്മിയം കൊണ്ട് മലിനമാക്കപ്പെട്ടതുപോലെ മറ്റു സ്ഥലങ്ങളിലെ കുടിവെള്ളവും ഘനലോഹങ്ങളാൽ മലിനമാക്കപ്പെടുന്നത് കുടിവെള്ളപ്രശ്നവും ആരോഗ്യപ്രശ്നവും ഉണ്ടാക്കും.

3. ഇനി കമ്പനി തുടർന്ന് പ്രവർത്തിക്കുകയാണെങ്കിൽ കമ്പനി പരിസരത്ത് ഉയർന്നുവരാൻ പോകുന്ന വിഷമാലിന്യ സംഭരണി എന്തെങ്കിലും അത്യാഹിതം മൂലം പൊളിഞ്ഞുപോയാൽ ചിറ്റൂർ ഭാഗത്തെ ഭൂജലം ആകെ ഘനലോഹങ്ങളാൽ മലിനമാക്കപ്പെടും.

പ്ലാച്ചിമടയിലെ കമ്പനിയുടെ ഖരമാലിന്യത്തിൽ വിഷപദാർത്ഥങ്ങൾ കണ്ടെത്തിയതിനെ തുടർന്ന് ഖരമാലിന്യം വളമായി നിക്ഷേപിച്ച കൃഷിയിടങ്ങളിൽനിന്ന് ഇവ തിരിച്ചെടുത്ത് നിയമപ്രകാരമുള്ള രീതിയിൽ നിർമ്മാർജ്ജനം ചെയ്യാൻ കേരള മലിനീകരണ നിയന്ത്രണ ബോർഡ് കമ്പനിക്ക് നിർദ്ദേശം നൽകിയിരുന്നു. ഇതുവരെ 4-5 കർഷകരിൽ നിന്നു മാത്രമേ കമ്പനി മാലിന്യം തിരിച്ചുവാങ്ങിയതായി കാണുന്നുള്ളൂ. കമ്പനി വന്ന് ഖരമാലിന്യം തിരിച്ചെടുത്ത് കൊണ്ടുപോകാത്ത കർഷകർക്ക് ഈ വിവരം ഒരു സത്യവാങ്മൂലം നൽകി വിവരം കോക്കകോള കമ്പനി അധികൃതരെയും കേരള മലിനീകരണ നിയന്ത്രണ ബോർഡിനെയും അറിയിക്കാവുന്നതാണ്. ഈ കർഷകർക്ക് തങ്ങളുടെ കൃഷിയിടത്തിൽ കുടിവെള്ളത്തിനുപയോഗിക്കുന്ന കിണർ ഉണ്ടെങ്കിൽ അതിൽ ഘനലോഹമലിനീകരണമുണ്ടായിട്ടുണ്ടോയെന്ന് പരിശോധിക്കണ

**ലോകത്തെ പ്രബലമായ ഒരു കോർപ്പറേറ്റ് കമ്പനി കേരളത്തിലെ ഏറ്റവും ദരിദ്രമായ ഒരു പ്രദേശത്തെ ജനങ്ങളോട് കാണിച്ച് ഈ ചതി കേരളത്തിൽ വരുകാലങ്ങളിൽ വരാനിരിക്കുന്ന കോർപ്പറേറ്റ് അതിക്രമങ്ങളുടെ ആദിരൂപമായി കണക്കാക്കാവുന്നതാണ്. പ്ലാച്ചിമടയിലേതുപോലെ ജീവനോപാധികളുടേയും മനുഷ്യാന്തസ്സിന്റേയുംമേലുള്ള കോർപ്പറേറ്റ് ബലാൽക്കാരങ്ങൾ മറ്റെവിടേയും ആവർത്തിക്കാതിരിക്കുന്നതിന് 'പ്ലാച്ചിമടയിൽ നിന്ന് നഷ്ടപരിഹാരം ഈടാക്കി കോക്കകോളയെ പുറത്താക്കുക' എന്ന് ആവർത്തിച്ച് ഉറപ്പിച്ചുപറയാൻ ഇത് പ്രേരണനൽകുന്നു.**



ഫോട്ടോ : മധുരാജ്, മാതൃഭൂമി

മെന്നും ബോർഡിനോടാവശ്യപ്പെടാവുന്നതാണ്. ബാധിതരായ കർഷകർ എല്ലാവരും ഒരുമിച്ചുചേർന്ന് ആവശ്യപ്പെടുകയാണെങ്കിൽ ഇത് കൂടുതൽ ഫലപ്രദമാകും.

വിജയനഗർ കോളനിയിലെ പഞ്ചായത്ത് കിണർ ഉപയോഗിച്ചിരുന്നവർക്ക് തങ്ങളുടെ കിണർ കമ്പനി മൂലം ഘനലോഹ മലിനീകരണമുണ്ടായതിന് കമ്പനിക്ക് കനത്ത ശിക്ഷ നൽകണമെന്ന് കേരള ഗവൺമെന്റിനോട് ആവശ്യപ്പെടാവുന്നതാണ്. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന കോടതി വ്യവഹാരങ്ങളിൽ പഞ്ചായത്ത് കിണറിലെ ഘനലോഹ മലിനീകരണപ്രശ്നം ശക്തമായി ഉന്നയിക്കണമെന്നും പഞ്ചായത്തിലും നിവേദനം നൽകാവുന്നതാണ്. ഘനലോഹ മലിനീകരണത്തിന്റെ പേരിൽ കിണറിന്റെ ഉപഭോക്താക്കൾക്ക് തനിച്ചോ കൂട്ടായോ കോടതിയിൽ പുതിയ കേസ്സും കൊടുക്കാവുന്നതാണെന്നും നിയമവിദഗ്ദ്ധർ പറയുന്നു.

കമ്പനി തുടർന്നു പ്രവർത്തിക്കുകയാണെങ്കിൽ പ്ലാച്ചിമടയിൽ ഉയർന്നുവരാൻ പോകുന്ന വിഷമാലിന്യക്കൂമ്പാരം ചിറ്റൂർ പ്രദേശത്തെ വരുംതലമുറയെക്കൂടി ബാധിക്കാവുന്നതാണ്. അതുകൊണ്ട് ഇത്തരം സംവിധാനം പ്ലാച്ചിമടയിൽ നിർമ്മിക്കുന്നതിന് അനുമതി കൊടുക്കാതിരിക്കാൻ പഞ്ചായത്തിനോടാവശ്യപ്പെടാവുന്നതാണ്. ഭാവി വിപത്തിനെക്കുറിച്ച് സമീപവാസികളുടെ ജാഗ്രതയുണർത്തുന്ന ആശയവിനിമയ പ്രവർത്തനങ്ങളിലൂടെ പ്ലാച്ചിമട സമരത്തിന്റെ ഘട്ടത്തിൽ തന്നെ ഇതിന് പരിഹാരം തേടാവുന്നതുമാണ്.

**2. ഗ്രാമപഞ്ചായത്ത് വഴി ചെയ്യാവുന്നത്**

കോക്കകോള കമ്പനിയുടെ വിഷമാലിന്യം വളമാണെന്ന് തെറ്റിദ്ധരിപ്പിച്ച് പ്ലാച്ചിമടയെ വിഷമയമാക്കിയതിന്റെ വ്യാപ്തിയും തീവ്രതയും ഇപ്പോഴും തിട്ടപ്പെടുത്തിയിട്ടില്ല. ഖരമാലിന്യം വളമായി നിക്ഷേപിച്ച കൃഷിയിടങ്ങളുള്ള കർഷകർ സത്യവാങ്മൂലം പഞ്ചായത്തിന് നൽകുകയും കൃഷിയിടങ്ങളിൽ കുടിക്കാനുപയോഗിക്കുന്ന വെള്ളമെടുക്കുന്ന കിണർ ഉണ്ടെങ്കിൽ ഇതിൽ ഘനലോഹമലിനീകരണമുണ്ടോയെന്ന് പരിശോധിക്കാൻ കേരള മലിനീകരണ നിയന്ത്രണ ബോർഡിനോട് ആവശ്യപ്പെടാൻ പഞ്ചായത്തിനോട് അഭ്യർത്ഥിക്കാവുന്നതാണ്.

ചിറ്റൂർ പുഴയുടെ നദീതടത്തിൽ കമ്പനി ഖരമാലിന്യം നിക്ഷേപിച്ചത് പരിസരവാസികളിൽനിന്നുള്ള പൊതു തെളിവെടുപ്പിലൂടെ രേഖയാക്കുകയും തിരിച്ചെടുക്കാൻ കമ്പനിയെ പ്രേരിപ്പിക്കുന്നതിനും കമ്പനിക്കെതിരെ ശിക്ഷണനടപടികളെടുക്കാനുള്ള സാദ്ധ്യത ആരായുന്നതിനും പഞ്ചായത്തിനോട് അഭ്യർത്ഥിക്കാവുന്നതാണ്.

വിജയനഗറിലെ പഞ്ചായത്ത് കിണർ മലിനപ്പെട്ടതായി കേരള മലിനീകരണ നിയന്ത്രണ ബോർഡ് നോട്ടിഫൈ ചെയ്തത് ഇപ്പോഴുള്ള നിയമവ്യവഹാരങ്ങളിൽ ഉയർത്തിക്കൊണ്ടുവരാനുള്ള സാദ്ധ്യതകൾ ആരായുന്നതിനും പഞ്ചായത്തിനോട് അഭ്യർത്ഥിക്കാവുന്നതാണ്.

**3. പ്രാദേശിക പരിസ്ഥിതി സംരക്ഷണ കമ്മിറ്റി (LAEPC) യോട് ആവശ്യപ്പെടാവുന്നത്**

പ്ലാച്ചിമടയിലെ ഖരമാലിന്യപ്രശ്നം അന്വേഷിച്ച സുപ്രീം കോടതി മോണിറ്ററിംഗ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം കേരള മലിനീകരണ നിയന്ത്രണ ബോർഡ് പ്ലാച്ചിമടയിൽ പ്രാദേശിക പരിസ്ഥിതി സംരക്ഷണ കമ്മിറ്റി (LAEPC) രൂപീകരിച്ചിട്ടുണ്ടല്ലോ. കമ്പനി കർഷകർക്ക് വിതരണം ചെയ്ത വിഷമാലിന്യം തിരിച്ചെടുക്കുന്നത് ഉറപ്പുവരുത്തുക എന്നതും കമ്പനിയുടെ പരിസ്ഥിതി ഓഡിറ്റിംഗ് നടത്തലും ഈ കമ്മിറ്റിയുടെ ചുമതലയിലുൾപ്പെടുത്തിയിട്ടുണ്ട്. ഒരു പൊതുതെളിവെടുപ്പ് LAEPC വിളിച്ചുചേർത്ത് കർഷകരിൽനിന്ന് വിഷമാലിന്യം കമ്പനി തിരിച്ചെടുക്കുന്നത് പൂർത്തിയാക്കാൻ LAEPC യോട് അഭ്യർത്ഥിക്കാവുന്നതാണ്.

**4. കേരള മലിനീകരണ നിയന്ത്രണ ബോർഡിനോട് ആവശ്യപ്പെടാവുന്നത്**

2003 സെപ്തംബറിൽ ബോർഡ് നടത്തിയ വിശദമായ പഠനത്തിൽ 7 ഉദ്ദേശ്യങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ഒന്നും പൂർത്തീകരിച്ചതായി കാണുന്നില്ല. പ്ലാച്ചിമടയിലെ ഘനലോഹമലിനീകരണത്തിന്റെ വ്യാപ്തിയും തീവ്രതയും അറിയുന്നതിനും ഖരമാലിന്യത്തിലെ ഘനലോഹസാന്നിദ്ധ്യം മുമ്പേ അറിയാമായിരുന്നിട്ടും ഈ വിവരം മറച്ചുവെച്ചതിന് പ്ലാച്ചിമടയിലെ കൊക്കക്കോളയെ ശിക്ഷിക്കുന്നതിനും ഇത് ആവശ്യമാണ്. ഇതിനായി വിശദമായ ഒരു ജനകീയാഭ്യർത്ഥന ബോർഡിന് സമർപ്പിക്കാവുന്നതാണ്.

**ഈ അഭ്യർത്ഥനയിൽ താഴെ പറയുന്ന കാര്യങ്ങൾ ആവശ്യപ്പെടാവുന്നതാണ്.**

1. പ്ലാച്ചിമട കോക്കകോള കമ്പനിയ്ക്ക് 1999 ൽ കേരള മലിനീകരണ നിയന്ത്രണ ബോർഡ് അനുമതി കൊടുത്തത് ദിവസം 8 ലക്ഷം ലിറ്റർ വീതം പാഴ്ജലം കമ്പനി പരിസരത്തെ കൃഷിയിടത്തിലേയ്ക്ക് ഒഴുക്കി വിടുന്നതിനാണ്. ഇതനുസരി




*കോളയെന്ന ശവ(വിഷ)പ്പെട്ടി-കരിമുഗൾ കാർബൺ മലിനീകരണ വിരുദ്ധ സമിതിയുടെ പ്രതിഷേധം പ്ലാച്ചിമടയിൽ*

> **2003 സെപ്തംബറിൽ കേരള മലിനീകരണ നിയന്ത്രണ ബോർഡ് നടത്തിയ വിശദമായ പഠനത്തിൽ 7 ഉദ്ദേശ്യങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ഒന്നും പൂർത്തീകരിച്ചതായി കാണുന്നില്ല. പ്ലാച്ചിമടയിലെ ഘനലോഹമലിനീകരണത്തിന്റെ വ്യാപ്തിയും തീവ്രതയും അറിയുന്നതിനും ഖരമാലിന്യത്തിലെ ഘനലോഹസാന്നിദ്ധ്യം മുമ്പേ അറിയാമായിരുന്നിട്ടും ഈ വിവരം മറച്ചുവെച്ചതിന് പ്ലാച്ചിമടയിലെ കൊക്കക്കോളയെ ശിക്ഷിക്കുന്നതിനും ഇത് ആവശ്യമാണ്.**

ച്ചുള്ള കമ്പനിയുടെ നടപടി മൂലമാണ് പ്ലാച്ചിമട കോക്കകോള കമ്പനി പരിസരത്ത് കുടിവെള്ള മലിനീകരണം ഉണ്ടായത് എന്ന അഭ്യൂഹത്തിന്റെ പേരിൽ മൂന്ന് വർഷമായി പരിസരവാസികൾ പ്ലാച്ചിമടയിൽ സമരം നടത്തുകയാണ്. ബോർഡിന്റെ തന്നെ കണ്ടെത്തലിൽ വിജയനഗർ കോളനിയിലെ പഞ്ചായത്ത് കിണറിലെ ഘനലോഹ മലിനീകരണം കോക്കകോള കമ്പനിയിലെ ഖരമാലിന്യവുമായി ബന്ധപ്പെട്ടതാണ്. ഇതിനർത്ഥം കമ്പനിയിൽ നിന്നുള്ള പാഴ്ജലം കൊണ്ടുതന്നെയാണ് പരിസരത്തെ കുടിവെള്ളം മലിനീകരിക്കപ്പെടുന്നത് എന്നതിന് ശാസ്ത്രീയ ടിത്തറ ഉണ്ടെന്നാണ്. അതുകൊണ്ട് പ്ലാച്ചിമട കോക്കകോള കമ്പനി പരിസരത്ത് ലീച്ചബിലിറ്റി പഠനം നടത്തി കമ്പനിയിലെ പാഴ്ജലം പരിസരത്ത് കിണറുകളിൽ എത്തുന്നുണ്ടോ ഇല്ലയോ എന്ന് ഉറപ്പു വരുത്തുകയും ചെയ്തശേഷം മാത്രം കമ്പനിയുടെ അനുമതി അപേക്ഷ കേരള മലിനീകരണ നിയന്ത്രണ ബോർഡ് പരിഗണിക്കുവാൻ പാടുള്ളൂ.

2. 1986-ലെ പരിസ്ഥിതി സംരക്ഷണ ആക്ട് പ്രകാരം മലിനീകരണ നിയന്ത്രണ ബോർഡുകൾക്ക് പരിസര സംരക്ഷണം തടസ്സപ്പെടുത്തുന്ന സ്ഥാപനങ്ങളിൽ ഭരണകർത്താക്കളുടെ അനുമതിയോടെ ഫാക്ടറികൾ പരിശോധിക്കാനും ആവശ്യമായ വസ്തുക്കളുടെ സേമ്പിൾ ശേഖരിക്കാനും അധികാരമുണ്ട്. ഈ അധികാരം കേരള മലിനീകരണ നിയന്ത്രണ ബോർഡ് പ്ലാച്ചിമട കോക്കകോള കമ്പനി കാര്യത്തിൽ ഇതുവരെ പ്രയോഗിച്ചു കാണുന്നില്ല. ഈ അധികാരം ഉടനെ പ്രയോഗിച്ച് പ്ലാച്ചിമട കോക്കകോള കമ്പനിയിലെ ഖനലോഹ മലിനീകരണ സ്രോതസ്സ് ഉടനെ കണ്ടെത്തേണ്ടതാണ്.

3. പ്ലാച്ചിമട കോക്കകോള കമ്പനിയിലെ ഖരമാലിന്യം അവർ തന്നെ പരിശോധിപ്പിച്ച് 1-12-03 ൽ തന്നെ ഘനലോഹത്തിന്റെ അളവ് കമ്പോസ്റ്റായി ഉപയോഗിക്കുന്നതിന് അനുവദനീയമായ പരിധിയിലും അധികമാണെന്ന് കണ്ടെത്തേണ്ടിയിരുന്നു. പരിസ്ഥിതി സംരക്ഷണ നിയമപ്രകാരം അനുമതി പ്രകാരമല്ലാതെ വ്യവസായ മാലിന്യത്തിൽ പുതിയ മലിനീകരണ വസ്തുക്കൾ കണ്ടെത്തിയാൽ മലിനീകരണ നിയന്ത്രണ ബോർഡിനെ അറിയിക്കാൻ ഫാക്ടറി അധികൃതർ ബാധ്യസ്ഥരാണ്. പ്ലാച്ചിമട കോക്കകോള കമ്പനി ഈ ചട്ടം പാലിച്ചതായി കാണുന്നില്ല. ബോർഡ് ഇതിന്റെ വിശദീകരണം കമ്പനിയോട് തേടേണ്ടതാണ്. ഖരമാലിന്യം നദീതടത്തിലും മറ്റും നിക്ഷേപിച്ചതിനും കൃഷിക്കാരിൽ നിന്ന് വിഷപദാർത്ഥവിവരം മറച്ചുവെച്ചതിനും വിജയനഗർ കോളനിയിലെ കിണർ ഘനലോഹ മലിനീകരണത്തിന് ഇടവരുത്തിയതിനും അടക്കം ഇതുവരെ നടത്തിയ എല്ലാ പരിസ്ഥിതി നിയമലംഘനങ്ങൾക്കും പ്ലാച്ചിമട കോക്കകോള കമ്പനിയുടെമേൽ ബോർഡ് ശിക്ഷാനടപടികൾ എടുക്കേണ്ടതാണ്.

**5. കേന്ദ്ര-സംസ്ഥാന ഭരണകർത്താക്കളോട് ആവശ്യപ്പെടാവുന്നത്.**

ഒരു സ്ക്വയർ കിലോമീറ്റർ പ്രദേശത്ത് 300 വീടുകളിലായി 1500 പേർ തിങ്ങിപ്പാർക്കുന്ന ഒരു സ്ഥലത്തെ രണ്ട് കോളനികൾക്കിടയിൽ ദിവസം 15 ലക്ഷം ലിറ്റർ വെള്ളമൂറ്റുകയും 8 ലക്ഷം ലിറ്റർ പാഴ്ജലം ഭൂമിക്കടിയിലേക്ക് ഒഴുക്കിവിടുകയും ചെയ്താൽ പരിസരമലിനീകരണമുണ്ടാകുമെന്ന് മുൻകൂട്ടി അറിയാവുന്നതേയുള്ളൂ. മുൻകൂട്ടി അറിയാമായിരുന്നിട്ടും അത്തരം ഒരു ഫാക്ടറി പ്ലാച്ചിമടയിൽ സ്ഥാപിച്ചതിന് ശിക്ഷയായിത്തന്നെ കോർപ്പറേറ്റ് കൊക്കക്കോളയെ പുറത്താക്കേണ്ടതാണ്. പ്ലാച്ചിമടയിലേതുപോലെ ജീവനോപാധികൾക്കും മനുഷ്യാന്തസ്സിനും മേലുള്ള കോർപ്പറേറ്റ് ബലാൽക്കാരങ്ങൾ ഇനിയും ആവർത്തിക്കപ്പെടാതിരിക്കാനും ഈ പുറത്താക്കൽ ആവശ്യമാണ്. ഇതിനുപുറമെ വിഷമാലിന്യം വളമായി നൽകിയതിലെ ചതിക്കുള്ള ശിക്ഷയായും പ്ലാച്ചിമടയിൽനിന്ന് കൊക്കക്കോള കമ്പനിയെ പുറത്താക്കേണ്ടതാണ്. കേന്ദ്ര-സംസ്ഥാന ഭരണകർത്താക്കളുടെ രാഷ്ട്രീയ വിവേകം ഉണർത്തുംവിധം ബാധിതരായ ജനങ്ങൾ നിരന്തരമായി ഈ ആവശ്യം നവീനമായ രൂപങ്ങളിൽ ഉന്നയിച്ചുകൊണ്ടിരിക്കാവുന്നതാണ്.

ഇതിനായി കേരള ഗവൺമെന്റിനും കേന്ദ്ര ഗവൺമെന്റിനും നല്കുന്ന ജനകീയ അഭ്യർത്ഥനയിൽ മലിനീകരണ നിയന്ത്രണ ബോർഡുവഴി ചെയ്യുവാനാവശ്യപ്പെട്ട മേൽപ്പറഞ്ഞ കാര്യങ്ങൾ ബോർഡിനെക്കൊണ്ട് ചെയ്യിക്കാനും ഇതുവരെ നടത്തിയ എല്ലാ പരിസ്ഥിതി നിയമലംഘനങ്ങൾക്കും പ്ലാച്ചിമട കോക്കകോള കമ്പനിയെ നിയമവിചാരണ ചെയ്ത് ശിക്ഷിക്കുവാനും പുറത്താക്കുവാനും ആവശ്യപ്പെടാവുന്നതാണ്.

**പ്ലാച്ചിമട സമരപ്രവർത്തകർക്കും പ്ലാച്ചിമട സമരത്തോട് ആഭിമുഖ്യമുള്ള സാമൂഹിക പ്രവർത്തകർക്കും ചെയ്യാവുന്നത്**

'നഷ്ടപരിഹാരം ഈടാക്കി പ്ലാച്ചിമടയിൽനിന്ന് കോക്കകോളയെ പുറത്താക്കുക' എന്ന സമരാവശ്യത്തെ ലക്ഷ്യത്തിലെത്തിക്കുംവിധം മേൽ നിർദ്ദേശിച്ച പ്രവർത്തനങ്ങൾ സൗഹാർദ്ദപരമായും ഐക്യത്തോടെയും ചെയ്യുവാൻ ബാധിതരായ ജനങ്ങളെ പ്രാപ്തരാക്കുക.

*C/o. കേരളീയം, തൃശൂർ - 680 021*




# പ്ലാച്ചിമട കൊക്കകോള കമ്പനിയിലെ ഖരമാലിന്യപ്രശ്നം പ്രധാന സംഭവങ്ങൾ

**2000 മാർച്ച്** - കൊക്കകോള കമ്പനിയുടെ ബോട്ടിലിങ്ങ് പ്ലാന്റ് പ്ലാച്ചിമടയിൽ പ്രവർത്തനമാരംഭിച്ചു.

**2002 ഏപ്രിൽ 22** - കമ്പനിമൂലം പ്രദേശത്ത് ജലശോഷണവും ജലമലിനീകരണവും ഉണ്ടാകുന്നുവെന്നാരോപിച്ച് പ്ലാച്ചിമട സമരം ആരംഭിച്ചു.

**2003 ജൂലൈ 25** - പ്ലാച്ചിമട കൊക്കകോള കമ്പനിയിൽനിന്ന് വളമായി വിതരണം ചെയ്ത ഖരമാലിന്യത്തിൽ വളമായി ഉപയോഗിക്കാവുന്ന രാസമൂല്യമില്ലെന്നും കാഡ്മിയം പോലുള്ള വിഷപദാർത്ഥങ്ങളുണ്ടെന്നും ബി.ബി.സി. റേഡിയോ-4 'ഫെയ്സ് ദി ഫാക്ടസ്' എന്ന പരിപാടിയിൽ പ്രക്ഷേപണം ചെയ്തു. പ്ലാച്ചിമടയിലെ വിജയനഗർ കോളനിയിലെ പഞ്ചായത്ത് കിണറിൽ ലെഡ് പോലുള്ള വിഷപദാർത്ഥങ്ങളുണ്ടെന്നും ബി.ബി.സി. പ്രക്ഷേപണത്തിൽ പറഞ്ഞു.

**2003 ആഗസ്റ്റ് 7** - പ്ലാച്ചിമട കൊക്കകോള കമ്പനിയിലെ ഖരമാലിന്യത്തിൽ അനുവദനീയ പരിധിയിലധികം ഘനലോഹങ്ങളുണ്ടെന്ന് കേരള മലിനീകരണ നിയന്ത്രണ ബോർഡ് പരിശോധനയിൽ കണ്ടെത്തുകയും കമ്പനിക്ക് നോട്ടീസ് അയയ്ക്കുകയും ചെയ്യുന്നു.

**2003 ആഗസ്റ്റ്** - കർഷകർക്ക് വിതരണം ചെയ്ത ഖരമാലിന്യം നാല് കർഷകരിൽനിന്ന് കോക്കകോള കമ്പനി തിരിച്ചെടുക്കുന്നു.

ഡൽഹിയിലെ സി.എസ്.ഇ. റിപ്പോർട്ടിനെ തുടർന്ന് ലഘുപാനീയങ്ങളിലെ കീടനാശിനികളെക്കുറിച്ചും സുരക്ഷിതത്വ സ്റ്റാൻഡേർഡ് നിർണ്ണയത്തിനും സംയുക്ത പാർലിമെന്റ് കമ്മിറ്റി (ജെ.പി.സി.) രൂപീകരിക്കപ്പെടുന്നു. ജെ.പി.സി ക്ക് പ്ലാച്ചിമട പ്രശ്നത്തെക്കുറിച്ചും പരാതികൾ ലഭിക്കുന്നു.

**2003 സെപ്തംബർ 29** - പ്ലാച്ചിമട കോക്കകോള കമ്പനിയിലെ ഖരമാലിന്യങ്ങളിലെ വിഷപദാർത്ഥങ്ങൾ അനുവദനീയമായ പരിധിയിലാണെന്ന് കേരള മലിനീകരണ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറി പത്രപ്രസ്താവന നടത്തുന്നു.

**2003 ഒക്ടോബർ 28** - പ്ലാച്ചിമട കോക്കകോള കമ്പനിക്ക് സമീപത്തുള്ള വിജയനഗർ കോളനിയിലെ പഞ്ചായത്ത് കിണർ മലിനീകരിക്കപ്പെട്ടിട്ടുണ്ടെന്ന് കേരള മലിനീകരണ നിയന്ത്രണ ബോർഡ് നോട്ടിഫൈ ചെയ്യുന്നു.

**2003 നവംബർ** - പ്ലാച്ചിമട കൊക്കകോള കമ്പനിയിലെ ഖരമാലിന്യങ്ങളിൽ ഉയർന്ന അളവിലുള്ള വിഷപദാർത്ഥങ്ങളുണ്ടെന്ന് കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ റിപ്പോർട്ട് പുറത്തിറങ്ങുന്നു.

**2003 ഡിസംബർ 27** - തിരുവനന്തപുരത്ത് യുവജനതാദൾ പ്രവർത്തകർ കേരള മലിനീകരണ നിയന്ത്രണ ബോർഡ് ഓഫീസിൽ വച്ച് മെമ്പർ സെക്രട്ടറിയുടെ തലയിൽ കോളയൊഴിച്ച് പ്രതിഷേധിക്കുന്നു.

**2004 ഫെബ്രുവരി 4** - പ്ലാച്ചിമട കൊക്കകോള കമ്പനിയിലെ ഖരമാലിന്യപ്രശ്നം അപകടകരമായ മാലിന്യം കൈകാര്യം ചെയ്യുന്ന നിയമ നിർവഹണത്തെ സംബന്ധിച്ച സുപ്രീം കോടതി മോണിറ്ററിംഗ് കമ്മിറ്റിയുടെ പരിധിയിൽ ഉൾപ്പെടുത്തുവാൻ ജെ.പി.സി. നിർദ്ദേശിക്കുന്നു.

**2004 ഫെബ്രുവരി 23** - അപകടകരമായ മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നിയമപ്രകാരം ഖരമാലിന്യ നിർമാർജ്ജന സംവിധാനമില്ലാത്തതിന് പ്ലാച്ചിമട കൊക്കകോള കമ്പനിയുടെ ഓഥറൈസേഷൻ കേരള മലിനീകരണ നിയന്ത്രണ ബോർഡ് നിരാകരിക്കുന്നു.

**2004 ഏപ്രിൽ** - പ്ലാച്ചിമട കൊക്കകോള കമ്പനി പരിസരത്തെ കുട്ടികളുടെ ഭാരക്കുറവ് ഘനലോഹ മലിനീകരണവുമായി ബന്ധപ്പെട്ടതാകാമെന്ന് വി.ടി. പത്മനാഭന്റെ പഠന റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുന്നു.

**2004 ആഗസ്റ്റ് 14** - ജെ.പി.സി. നിർദ്ദേശിച്ച പ്രകാരം അപകടകരമായ മാലിന്യത്തെ സംബന്ധിച്ച സുപ്രീം കോടതി മോണിറ്ററിംഗ് കമ്മിറ്റി പ്ലാച്ചിമട സന്ദർശിക്കുന്നു.

**2004 ആഗസ്റ്റ് 23** - സുപ്രീം കോടതി മോണിറ്ററിംഗ് കമ്മിറ്റി നിർദ്ദേശപ്രകാരം പ്ലാച്ചിമട കോള കമ്പനി മൂലം പരിസരമലിനീകരണമുണ്ടായിട്ടുണ്ടെന്നും ഇതിനുള്ള ശിക്ഷയായി കമ്പനി മലിനീകരണ ബാധിതരായ താമസക്കാർക്ക് വീടുകളിൽ പൈപ്പ് വഴി കുടിവെള്ളം നൽകണമെന്നും കേരള മലിനീകരണ നിയന്ത്രണബോർഡ് കൊക്കകോള കമ്പനിക്ക് കത്ത് നൽകുന്നു.

**2004 ഒക്ടോബർ 29** - സുപ്രീം കോടതി മോണിറ്ററിംഗ് കമ്മിറ്റി നിർദ്ദേശപ്രകാരം കൊക്കകോള കമ്പനിയിലെ ഖരമാലിന്യം കൊണ്ട് കുടിവെള്ളം നഷ്ടമായവർക്ക് വീട്ടിനകത്ത് പൈപ്പിൽ കുടിവെള്ളമെത്തിക്കുന്നതിന്റെ നിർവ്വഹണ പ്രവർത്തനങ്ങൾ നടത്തുന്നതിനും കൃഷിയിടങ്ങളിൽ ഖരമാലിന്യം നിക്ഷേപിച്ചത് തിരിച്ചെടുത്തുവെന്ന് ഉറപ്പുവരുത്തുവാനും കമ്പനിയുടെ പരിസ്ഥിതി ഓഡിറ്റിങ്ങ് നടത്തുന്നതിനും കേരള മലിനീകരണ നിയന്ത്രണ ബോർഡ് പ്രാദേശിക പരിസ്ഥിതി കമ്മിറ്റി രൂപീകരിക്കുന്നു. വിളയോടി വേണുഗോപാൽ, അഡ്വ. പി.എ. പൗരൻ എന്നിവരെ ജനങ്ങളുടെ പ്രതിനിധികളായി കമ്മിറ്റിയിൽ ഉൾപ്പെടുത്തുന്നു.

**2004 നവംബർ 20** - പ്ലാച്ചിമടയിലെ പരിസരമലിനീകരണം കമ്പനിമൂലമാണെന്നതിന് ശാസ്ത്രീയ തെളിവുകളില്ലെന്നും തങ്ങൾ മലിനീകരണം നടത്തിയിട്ടില്ലാത്തതുകൊണ്ട് കുടിവെള്ളം കൊടുക്കുവാൻ സാദ്ധ്യമല്ലെന്നും അറിയിച്ചുകൊണ്ട് കമ്പനി സുപ്രീം കോടതി മോണിറ്ററിങ്ങ് കമ്മിറ്റിക്ക് കത്ത് നൽകുന്നു.

**2005 ഏപ്രിൽ 7** - പ്ലാച്ചിമടയിലെ കോക്കകോളയ്ക്ക് ദിവസം 5 ലക്ഷം ലിറ്റർ വെള്ളം വീതം എടുക്കുവാൻ അനുവദിച്ചുകൊണ്ട് പെരുമാട്ടി പഞ്ചായത്ത് കമ്പനിക്ക് ലൈസൻസ് നൽകുവാൻ ഉത്തരവിട്ടുകൊണ്ട് കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ച് പെരുമാട്ടി പഞ്ചായത്ത്-കോക്കകോള കേസിൽ വിധി പ്രസ്താവിക്കുന്നു.

**2005 മെയ് 7** - കേരള മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിക്ക് പ്ലാച്ചിമട കോക്കകോള കമ്പനി അയച്ച അപേക്ഷയിൽ അപാകതകളുണ്ടെന്നും കമ്പനിമൂലം പരിസരത്തെ കിണറുകളിൽ ഘന ലോഹ മലിനീകരണമുണ്ടായിട്ടുണ്ടെന്നും അറിയിച്ചുകൊണ്ട് ബോർഡ് കമ്പനിക്ക് കത്തയയ്ക്കുന്നു.

**2005 ജൂൺ 1** - കേരള ഹൈക്കോടതി വിധിപ്രകാരം പെരുമാട്ടി പഞ്ചായത്ത് കമ്പനിക്ക് ലൈസൻസ് നൽകാത്തതുകൊണ്ടുള്ള കമ്പനിയുടെ അപ്പീലിൽ പത്ത് ദിവസത്തിനകം പഞ്ചായത്ത് കമ്പനിക്ക് ലൈസൻസ് നൽകിയില്ലെങ്കിൽ ലൈസൻസ് ലഭിച്ചതായികരുതി കമ്പനിയോട് പ്രവർത്തിച്ചുകൊള്ളുവാൻ അനുവദിച്ചുകൊണ്ട് ഹൈക്കോടതി ഡിവിഷൻ ബഞ്ച് ഉത്തരവിടുന്നു.

**2005 ജൂൺ 6** - ചില നിബന്ധനകൾ വച്ചുകൊണ്ട് പെരുമാട്ടി പഞ്ചായത്ത് കമ്പനിക്ക് മൂന്ന് മാസത്തേക്ക് ലൈസൻസ് നൽകുന്നു. മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി 2005 ആഗസ്റ്റിനുള്ളിൽ ലഭിച്ചിരിക്കണമെന് നിബന്ധനകളിൽ പറയുന്നു.

**2005 ജൂലൈ 1** - കേരള മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിക്കായി സമർപ്പിച്ച അപേക്ഷയിലെ അപാകതകൾ പരിഹരിക്കുകയും നിർദ്ദേശിച്ച പ്രകാരമുള്ള മലിനീകരണ നിർമാർജ്ജന സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്യാത്തതുകൊണ്ട് അനുമതി നൽകാതിരിക്കാൻ കാരണങ്ങളുണ്ടെങ്കിൽ അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ബോർഡ് കമ്പനിക്ക് കാരണം കാണിക്കൽ നോട്ടീസ് അയയ്ക്കുന്നു.